

കേരള സർക്കാർ

ഡോ. ടി. എം. തോമസ് ഐസക്
ധനകാര്യമന്ത്രി

2010-2011

# ബജറ്റ് പ്രസംഗം

5 മാർച്ച് 2010

കേരള സർക്കാർ

# ബജറ്റ് പ്രസംഗം

## 2010-2011

ഡോ.ടി.എം.തോമസ് ഐസക്
ധനകാര്യമന്ത്രി

5 മാർച്ച് 2010

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| ഭാഗം ഒന്ന് | ആമുഖം | 1-22 |
| ഭാഗം രണ്ട് | ഭക്ഷ്യസുരക്ഷാപരിപാടി | 22-30 |
| ഭാഗം മൂന്ന് | പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം | 30-34 |
| ഭാഗം നാല് | ആധുനിക വളർച്ചാമേഖലകൾ | 34-41 |
| ഭാഗം അഞ്ച് | ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ | 42-46 |
| ഭാഗം ആറ് | സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ | 46-60 |
| ഭാഗം ഏഴ് | ക്ഷേമ പ്രവർത്തനങ്ങൾ | 60-64 |
| ഭാഗം എട്ട് | പ്രാദേശിക സർക്കാരുകൾ | 64-70 |
| ഭാഗം ഒമ്പത് | പൊതുഭരണം | 70-77 |
| ഭാഗം പത്ത് | വിഭവ സമാഹരണം | 77-96 |
| ഭാഗം പതിനൊന്ന് | ഉപസംഹാരം | 96-100 |

സർ,

2010-11-ലെ കേരള ബജറ്റ് അവതരിപ്പിക്കുകയാണ്. ഞാനവതരിപ്പിക്കുന്ന അഞ്ചാമത്തെ ബജറ്റാണിത്. കേരളത്തിന്റെ ക്ഷേമ പൈതൃകത്തെ സംരക്ഷിച്ചു കൊണ്ടുവേണം ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയുടെയും ആധുനികവത്കരണത്തിന്റെയും ഭാവിയിലേയ്ക്ക് നീങ്ങേണ്ടത് എന്നതായിരുന്നു അവയുടെയെല്ലാം കാഴ്ചപ്പാട്. ഇതാണ് പുരോഗതിയുടെ മാർഗം. പോയ് മറഞ്ഞവർ കൈമുതലായി നൽകിയ സ്വാതന്ത്ര്യത്തിന്റെയും സമതയുടെയും പന്തങ്ങളേറ്റുവാങ്ങാൻ ചോര തുടിക്കുന്ന ചെറുകയ്യുകളോട് ആഹ്വാനം ചെയ്ത ഒരു മഹാകവി നമുക്കുണ്ട്.

*"ചോര തുടിക്കും ചെറുകൈയുകളേ,*

*പേറുക വന്നീ പന്തങ്ങൾ"*

എന്ന് മർത്ത്യപുരോഗതിയെക്കുറിച്ച് പാടിയ മഹാകവി വൈലോപ്പിള്ളി ശ്രീധര മേനോന്റെ ജന്മശതാബ്ദി വർഷമാണ് 2011. തുല്യതയുടെയും നീതിയുടെയും ഈരടികളാണ് കന്നിക്കൊയ്ത്തിലും കുടിയൊഴിക്കലിലും മറ്റും കാണുന്നതെങ്കിൽ പരിസ്ഥിതി നീതിയ്ക്കു വേണ്ടി എഴുതപ്പെട്ട മഹത്തായ കവിതയാണ് സഹ്യന്റെ മകൻ. സാമൂഹ്യനീതിയും പാരിസ്ഥിതിക അവബോധവും സന്നിവേശിപ്പിച്ച മഹാകവിയായിരുന്നു വൈലോപ്പിള്ളി. അഞ്ചു പതിറ്റാണ്ടുകൾക്ക് മുമ്പ് കവി വ്യാകുലപ്പെട്ടു:

*"പക്ഷേ, പരിഷ്കാരമെത്രവേഗം*
*പച്ചയെ ധൂസരമാക്കി വിട്ടു"*

2. പച്ച പരിസ്ഥിതി ബോധത്തിന്റെ വർണമെങ്കിൽ, സാമൂഹ്യനീതിയുടെ വർണമാണ് ചുവപ്പ്. ഇവയാണ് വൈലോപ്പിള്ളിക്കവിതകളുടെ വർണങ്ങൾ. സർ, മഹാകവി വൈലോപ്പിള്ളിയുടെ ജന്മശതാബ്ദി വേളയിൽ ചുവപ്പിന്റെയും പച്ചയുടെയും ഒരു ബജറ്റ് – റെഡ് ആന്റ് ഗ്രീൻ ബജറ്റ് – അവതരിപ്പിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. വൈലോപ്പിള്ളിക്കവിതകളുടെ ഒരു പ്രത്യേകത ഏറ്റവും കുറവ് വാക്കുകൾ കൊണ്ട് സൃഷ്ടിക്കപ്പെടുന്ന വിസ്മയകരമായ കാവ്യ ബിംബങ്ങളാണ്. കാച്ചിക്കുറുക്കിയ കവിതകളാണ് അവ. ഓരോ അക്ഷരവും വാക്കും

ഉപയോഗിക്കുന്നതിൽ പിശുക്കുകാണിക്കുന്ന അദ്ദേഹം നൂറുകണക്കിന് മനോഹരമായ കാവ്യശില്പങ്ങൾ ലോഭമില്ലാതെ നിർമ്മിച്ചു.

3. സർ, ഏത് ധനമന്ത്രിയ്ക്കും പണത്തിന്റെ കാര്യത്തിൽ പിശുക്കനാകാതെ വയ്യ. ഇതിന്റെ രാഷ്ട്രീയ സാമ്പത്തിക ശാസ്ത്രം രണ്ടുവർഷം മുമ്പ് പാത്തുമ്മയുടെ ആടിന്റെ കഥയിലൂടെ ഞാൻ വ്യക്തമാക്കിയതാണ്. അന്ന് കഥാകാരന്റെ കയ്യിൽ അഞ്ച് രൂപയേ ഉണ്ടായിരുന്നുള്ളൂ. ഒരു ദമ്പിടി പോലും കൂടുതലുണ്ടായിരുന്നില്ല. എന്നാലിന്ന് കാര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. വരുമാനം കൂടിയിട്ടുണ്ട്. എന്നാലും എല്ലാത്തിനുമില്ല. ഓരോ രൂപയുടെയും വരുംവരായ്കകൾ ആഴത്തിൽ ആലോചിച്ചേ ചെലവ് പറ്റൂ. എന്നാൽ, ജനങ്ങൾക്ക് വേണ്ട ക്ഷേമ പ്രവർത്തനങ്ങളുടെയോ വികസന പ്രോജക്ടുകളുടെയോ കാര്യത്തിൽ ഒരു ലോഭവുമില്ല എന്നതിന് ഈ ബജറ്റ് തന്നെ സാക്ഷ്യപത്രമാകും. വൈലോപ്പിള്ളി കവിതയിൽ വാക്കുകളുടെ ലുബ്ധ് കാവ്യബിംബോൽപാദനത്തിൽ ഒരു കുറവും വരുത്താത്തതു പോലെ ആകണം അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷത്തിൽ അവതരിപ്പിക്കുന്ന ഈ ബജറ്റ് എന്നാണ് എന്റെ ആഗ്രഹം.

## നീതിയുടെ വൈപരീത്യം ശക്തിപ്പെടുത്താൻ

4. ഈ സർക്കാരിന്റെ ഓരോ ബജറ്റും വികസന മുൻഗണനകളെ കീഴ്മേൽ മറിച്ചിട്ടുണ്ട്. ചെലവെല്ലാം കഴിഞ്ഞ് മിച്ചം വരുന്നത് ദരിദ്രർക്ക് എന്ന കീഴ്വഴക്കം പൊളിച്ചെഴുതി. പാവങ്ങൾക്ക് കൊടുക്കാനുള്ളത് കൊടുത്തിട്ട് ബാക്കി കാര്യം എന്ന രാഷ്ട്രീയ നിലപാട് കൈക്കൊണ്ടു. സർ, കഴിഞ്ഞ ബജറ്റിൽ മുന്നോട്ടു വെച്ച ക്ഷേമ നടപടികളെ പൂർവാധികം ശക്തിയോടെ മുന്നോട്ടു കൊണ്ടുപോകുന്നതായിരിക്കും ഈ ബജറ്റ്.

*i)* ആഗോളവ്യാപാരക്കരാറിനെ തുടർന്ന് കേരളത്തിൽ നടമാടിയ പട്ടിണി മരണങ്ങളും കർഷക ആത്മഹത്യകളും നാലു വർഷം കൊണ്ട് ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. ദുസ്സഹമായ വിലക്കയറ്റവും ആസിയാൻ കരാറും ചേർന്ന് ആ ഇരുണ്ട നാളുകളിലേയ്ക്ക് നമ്മുടെ നാടിനെ തള്ളിയിടാതിരിക്കാനുള്ള ജാഗ്രത പുലർത്തേണ്ടതുണ്ട്. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള എപിഎൽ ബിപിഎൽ വ്യത്യാസം പരിഗണിക്കാതെ

മത്സ്യത്തൊഴിലാളികൾക്കെന്ന പോലെ കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ഈറ്റ, ഖാദി, ചെറുകിട തോട്ടം, തുടങ്ങിയ മേഖലകളിലെ മുഴുവൻ കൂലിവേലക്കാർക്കും രണ്ടു രൂപയ്ക്ക് ജൂൺ ഒന്നു മുതൽ അരി നൽകുന്നതാണ്. ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് അമ്പതു ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും 2 രൂപയ്ക്ക് അരി നൽകും. സർ. കേരളത്തിലെ 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ടു രൂപയ്ക്ക് അരി നൽകാൻ ഞാൻ 500 കോടി നീക്കിവെയ്ക്കുന്നു.

*ii)* വൈലോപ്പിള്ളി പറഞ്ഞതുപോലെ "*കന്നിപ്പാടത്തൊരു ഉണ്ണിയാർച്ചപോൽ മിന്നിയ*"വർക്ക് ഇന്ന് പ്രായാധിക്യം മൂലം ഉതിർന്ന് വീഴുന്ന നെൽക്കതിർ കുനിഞ്ഞെടുക്കാൻ പോലുമാകുന്നില്ല. ഇത്തരത്തിൽ ജീവിതഭാരം കൊണ്ട് വീണുപോയ പഴയ കൊയ്ത്തുകാരോട് നമ്മുടെ സമൂഹത്തിന് കടപ്പാടുണ്ട്. സർ, പാവങ്ങളുടെ ക്ഷേമ പെൻഷനുകൾ 300 രൂപയായി ഉയർത്തുന്നു.

*iii)* ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് രൂപം നൽകിയ വേളയിൽ ഇടതുപക്ഷം മുന്നോട്ടു വെച്ച ആശയങ്ങളിലൊന്നായിരുന്നു നഗരമേഖലയിൽ തൊഴിലുറപ്പ് പദ്ധതി നൽകണമെന്നത്. എന്നാൽ ഇത് പ്രാവർത്തികമായില്ല. സർ, ഇന്ത്യയിലാദ്യമായി കേരളത്തിലെ നഗരമേഖലയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുകയാണ്. ***അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി*** നടപ്പിലാക്കുന്നതിന് 20 കോടി രൂപ വകയിരുത്തുന്നു.

*iv)* മിനിമം തൊഴിൽദിനങ്ങൾ ഉറപ്പു വരുത്തുകയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. എന്നാൽ നമ്മുടെ പല പരമ്പരാഗത മേഖലകളിലും പണിയെടുത്താലും മിനിമം വരുമാനം ലഭിക്കാറില്ല. മിനിമം കൂലി നൽകി കമ്പോളത്തിൽ മത്സരിക്കാൻ സഹകരണ മേഖലയ്ക്ക് കഴിയുന്നില്ല. ഈ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വരുമാനം ഉറപ്പു വരുത്തുന്നതിന് നേരിട്ട് ധനസഹായം നൽകാം, അല്ലെങ്കിൽ ന്യായവിലയ്ക്ക്

ഉൽപന്നങ്ങൾ സർക്കാർ വാങ്ങി മിനിമം വരുമാനം ഉറപ്പു വരുത്താം. ഇതിനായി ഒരു **ഇൻകം സപ്പോർട്ട് സ്കീം** നടപ്പാക്കുകയാണ്. കയർ, കൈത്തറി, പനമ്പ്, കരകൗശലം തുടങ്ങിയ മേഖലകളിലായിരിക്കും ഈ സ്കീം പരീക്ഷിക്കുന്നത്. നിലവിലുള്ള റിബേറ്റ്, സബ്സിഡികൾ, വിപണന പ്രോത്സാഹനങ്ങൾ തുടങ്ങിയവ സംയോജിപ്പിച്ചാണ് ഈ സ്കീം നടപ്പാക്കുക. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരമൊരു സംരക്ഷണ സ്കീം നടപ്പാക്കുന്നത്. ഇതിനായി 50 കോടി രൂപ വകയിരുത്തുന്നു.

*v)* നിലവിലുള്ള ആരോഗ്യ ഇൻഷ്വറൻസ് ഇനിയും വിപുലീകരിക്കും. കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള 11 ലക്ഷം കുടുംബങ്ങൾക്ക് പുറമേ, രണ്ടുരൂപയ്ക്ക് അരി ലഭിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകും. 30,000 രൂപയുടെ പൊതു ആരോഗ്യ പരിരക്ഷ കൂടാതെ കാൻസർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയ്ക്ക് 70,000 രൂപയുടെ അധിക ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നു. പ്രീമിയത്തിനായി 50 കോടി രൂപ വകയിരുത്തുന്നു.

*vi)* ശയ്യാവലംബരായ മാനസികവും കായികവുമായിട്ടുള്ള പ്രശ്നങ്ങളുള്ളവർക്ക് പ്രതിമാസം 300 രൂപയ്ക്ക് പുറമെ അവരുടെ സഹായിയ്ക്ക് 300 രൂപ വീതം നൽകുന്നതാണ്. ആശ്രയ കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതായിരിക്കും. കേന്ദ്രസഹായം ലഭിക്കാത്ത സ്പെഷ്യൽ സ്കൂളുകൾക്ക് 10 കോടി രൂപ വകയിരുത്തുന്നു.

*vii)* അനാഥാലായങ്ങൾ, വൃദ്ധസദനങ്ങൾ, പുവർ ഹോമുകൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് നൽകുന്ന പ്രതിമാസ ഗ്രാന്റ് 250 രൂപയായി ഉയർത്തുന്നു. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള 217 അനാഥാലയങ്ങളിലെ

കുട്ടികൾക്കും 98 വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കും പുതുതായി ഗ്രാന്റ് നൽകും. ഇതു കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അനുമതിയോടെ അനാഥാലയങ്ങളും വൃദ്ധസദനങ്ങളും അധികമായി പ്രവേശിപ്പിച്ചിരിക്കുന്ന കുട്ടികൾക്കും അന്തേവാസികൾക്കും കൂടി പുതുതായി ഗ്രാന്റ് അനുവദിക്കുന്നതാണ്.

*viii)* കേരളത്തിലെ മറുനാടൻ തൊഴിലാളികളുടെ ക്ഷേമത്തിനായി നിർമ്മാണ തൊഴിലാളി ക്ഷേമനിധി നീക്കിവെയ്ക്കുന്ന തുകയ്ക്ക് തുല്യമായ തുക നൽകുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു.

*ix)* പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ മെസ് ചാർജ് കഴിഞ്ഞ വർഷം വർദ്ധിപ്പിച്ചിരുന്നു. മറ്റെല്ലാ അലവൻസുകളും വർദ്ധിപ്പിക്കുകയാണ്. ഇപ്പോൾ യൂണിഫോം അലവൻസ് 30 മുതൽ 70 ശതമാനം വരെയും നോട്ട് ബുക്ക് അലവൻസ് തുടങ്ങിയ മറ്റിനങ്ങൾ 100 മുതൽ 250 ശതമാനം വരെയും വർദ്ധിപ്പിക്കുന്നു. ട്രൈബൽ സ്ക്കൂളുകളിലും വെൽഫയർ സ്ക്കൂളുകളിലും പഠിക്കുന്ന എൽപി വിഭാഗം പട്ടികവർഗ വിദ്യാർത്ഥികൾക്കും പുതുക്കിയ നിരക്കിൽ യൂണിഫോം അലവൻസ് നൽകുന്നതാണ്. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പുതുതായി യൂണിഫോം അലവൻസ് 800 രൂപയും നോട്ട് ബുക്ക് അലവൻസ് 400 രൂപയും അനുവദിക്കുന്നു. ബസു കൂലി അലവൻസായി പ്രതിമാസം 50 രൂപ നൽകുന്നു. ചെരുപ്പ്, കുട എന്നിവയ്ക്ക് പ്രതിവർഷം ഒരു കുട്ടിയ്ക്ക് 100 രൂപ വീതം അനുവദിക്കുന്നു. എൽപി 400, യുപി 500, എച്ച്എസ് 600, ഹയർസെക്കന്ററി 700 എന്നിങ്ങനെ പ്രതിവർഷം നൈറ്റ് ഡ്രസ് അലവൻസും പുതുതായി അനുവദിക്കുന്നു. മലയോര പ്രദേശങ്ങളിലെ പ്രീമെട്രിക് ഹോസ്റ്റലുകളിലെ കുട്ടികൾക്ക് കമ്പിളി വാങ്ങുന്നതിന് ഒരു

കുട്ടിയ്ക്ക് മൂന്നുവർഷത്തിലൊരിക്കൽ 600 രൂപ അലവൻസ് അനുവദിക്കുന്നു. പട്ടികജാതി പട്ടികവർഗ വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം 20,000 രൂപയായി വർദ്ധിപ്പിക്കുന്നു.

*x)* പിടിഎയുടെ കീഴിലുള്ള പ്രീപ്രൈമറി അധ്യാപകർക്ക് സർക്കാർ സഹായമായി പ്രതിമാസം 300 രൂപ അധികമായി നൽകുന്നതാണ്. സ്കൂൾ പാചക തൊഴിലാളികളുടെ മിനിമം വേതനം 150 രൂപയായി ഉയർത്തുന്നു.

**ഭൂമിയുടെ അവകാശികൾക്ക്**

5. അമേരിക്കയുടെയും മറ്റ് പാശ്ചാത്യരാജ്യങ്ങളുടെയും സങ്കുചിത താൽപര്യങ്ങൾ മൂലം കോപ്പൻഹേഗൻ ഉച്ചകോടി പൊളിഞ്ഞെങ്കിലും ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ആ സമ്മേളനം മുന്നോട്ടുവെച്ച ആശങ്കകൾ നേരിടുന്നതിൽ അമാന്തം പാടില്ല. ഈ ഭൂമി സർവജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണെന്ന് *ഭൂമിയുടെ അവകാശികളാര്* എന്ന ചോദ്യത്തിലൂടെ നമ്മെ ഓർമ്മിപ്പിച്ചത് വൈക്കം മുഹമ്മദ് ബഷീറാണ്. പതുക്കെയാണെങ്കിലും കേരളത്തിൽ വേരുറയ്ക്കുന്ന പരിസ്ഥിതി അവബോധത്തെ ശക്തിപ്പെടുത്തുന്നതാണ് ഈ ബജറ്റ്.

സർ,

*i)* 1000 കോടി രൂപയുടെ ഹരിത ഫണ്ടിന് രൂപം നൽകുകയാണ്. അഞ്ചുവർഷം കൊണ്ടാണ് ഈ തുക സമാഹരിക്കുക. ഇപ്പോൾ 100 കോടി രൂപ വകയിരുത്തുന്നു. വനമേഖലയിലെ ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യുമ്പോഴുണ്ടാകുന്ന വരുമാനത്തിന്റെ നാലിലൊന്ന് പണം ഈ ഫണ്ടിലേയ്ക്ക് നീക്കിവെയ്ക്കും. ചെളിയും മണലും നീക്കം ചെയ്യാത്തതിന്റെ ഫലമായി ഡാമുകൾ തൂർന്നുകൊണ്ടിരിക്കുകയാണ്. ഇന്നുള്ള ചെളിയും മണലും നീക്കം ചെയ്താൽ ഡാമുകളുടെ ജലസംഭരണ ശേഷിയും വൈദ്യുതോൽപാദന ശേഷിയും 20

ശതമാനമെങ്കിലും ഉയരും. വിശദമായ പഠനത്തിന് ശേഷം മുൻകരുതലുകളോടെ ഇത് ചെയ്യാനാകുമെന്ന് അരുവിക്കര, ചുള്ളിയാർ, മലമ്പുഴ എന്നിവിടങ്ങളിലെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. സർ, ഏറ്റവും പ്രധാനപ്പെട്ട പാരിസ്ഥിതിക ഇടപെടലായിട്ടാണ് ഡാം ഡീസിൽറ്റിംഗിനെ സർക്കാർ വീക്ഷിക്കുന്നത്. ഇനി പുതിയ ഡാമുകൾ സംസ്ഥാനത്ത് പ്രയാസമാണ്. അതിനാൽ നിലവിലുള്ളവയെ സംരക്ഷിച്ചേ തീരൂ. പുഴകളിൽ നിന്ന് മണലൂറ്റുന്നതും കളിമണ്ണിനായി പാടങ്ങൾ കുഴിക്കുന്നതും തടയാൻ ഇതുവഴി കഴിയും.

*ii)* ക്ഷയിച്ച വനങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമെങ്കിൽ പൊന്നും വിലയ്ക്ക് ഭൂമി ഏറ്റെടുത്ത് വനപ്രദേശങ്ങളെ സംയോജിപ്പിക്കുന്നതിനും യാതൊരു വിധ ഇടപെടലും അനുവദിക്കാത്ത കാതൽ മേഖലയെ സംരക്ഷിക്കുന്നതിനും ഈ ഫണ്ട് വിനിയോഗിക്കും. വനത്തിന്റെ പുനരുജ്ജീവനത്തിനും പുനസ്ഥാപനത്തിനും വേണ്ടി ഈ മാർച്ച് മാസത്തിൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന 24 കോടി രൂപയും അടുത്ത വർഷം ലഭിക്കുമെന്ന് കരുതുന്ന 40 കോടി രൂപയും ഉപയോഗപ്പെടുത്താനാകും.

*iii)* കേരളത്തിലെ കണ്ടൽക്കാടുകളുടെ നല്ലൊരുഭാഗം സ്വകാര്യവ്യക്തികളുടെ കൈവശമാണ്. ഇവ സംരക്ഷിക്കുന്നതിന് ഉടമസ്ഥർക്ക് ഹെക്ടർ ഒന്നിന് നിശ്ചിത തുക എല്ലാവർഷവും പ്രോത്സാഹനമായി നൽകുന്നതാണ്. കാവുകൾക്ക് വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തുക പ്രോത്സാഹനം നൽകും. കേരളത്തിലെ സ്വാഭാവിക പക്ഷിസങ്കേതങ്ങളെ സംരക്ഷിക്കാൻ വായനശാലകൾ, നേച്ചർ ക്ലബുകൾ എന്നിവയ്ക്ക് വാർഷിക ഗ്രാന്റ് നൽകുന്നതാണ്. കടലാമ പ്രജനന കേന്ദ്രങ്ങളുടെ സംരക്ഷണമേറ്റെടുക്കുന്ന ക്ലബുകൾക്കും സന്നദ്ധ സംഘടനകൾക്കും ഇത്തരത്തിലുള്ള സഹായം നൽകും. ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിന് വനംവകുപ്പിന് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പോരാതെ വരുന്ന തുക ഹരിതഫണ്ടിൽ നിന്ന് ലഭ്യമാക്കും.

*iv)* സർ, ഇത്തവണത്തെ മാരാമൺ കൺവെൻഷനിൽ ഹരിതകേരളം പദ്ധതിയ്ക്ക് പിന്തുണ നൽകിക്കൊണ്ട് ബഹുമാന്യനായ മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത പറഞ്ഞ വാക്കുകൾ ഞാൻ സ്മരിക്കുകയാണ്. അതിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് പുരയിടങ്ങളിലെ ജൈവവൈവിദ്ധ്യ പോഷണത്തിന് ഒരു സമഗ്ര പരിപാടി പ്രഖ്യാപിക്കുന്നു. രണ്ടു വർഷം കൊണ്ട് 10 കോടി മരങ്ങൾ നടുന്നതിനാണ് പദ്ധതി. 100 കോടി രൂപയാണ് ഇതിന്റെ അടങ്കൽ. ദേശീയ തൊഴിലുറപ്പ് പദ്ധതി, ഹോർട്ടികൾച്ചർ മിഷൻ, ഔഷധസസ്യ വികസനപരിപാടി, കശുമാവ് കൃഷി വികസന പരിപാടി, ആർ.കെ.വി.വൈ. പശ്ചിമഘട്ട വികസന പരിപാടി, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രോജക്ടുകൾ എന്നിവയെ സംയോജിപ്പിച്ചു കൊണ്ടായിരിക്കും ഇത് നടപ്പാക്കുക. ഒർത്ഥത്തിൽ വനംവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്ന 6 കോടി രൂപയുടെ ഹരിത കേരളം പദ്ധതിയുടെ വിപുലീകൃത രൂപമായിരിക്കും ഇത്. ഇങ്ങനെ വ്യത്യസ്തമായ സ്കീമുകൾ സംയോജിപ്പിക്കുന്നതിന് ഹരിത ഫണ്ടിൽ നിന്ന് 5 കോടി രൂപ അധികമായി വകയിരുത്തുന്നു.

*v)* ദക്ഷത കൂടിയ ഒന്നരക്കോടി സിഎഫ്എൽ ബൾബുകൾ വിതരണം ചെയ്യാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. അടുത്ത ഘട്ടമായി എല്ലാ സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും എൽഇഡി ബൾബുകൾ സ്ഥാപിക്കുന്നതാണ്. ഗാർഹിക ഉപഭോക്താക്കളുടെ മറ്റൊരു 50 ലക്ഷം ബൾബുകൾ കൂടി മാറ്റിസ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിക്കും. ഇതുവഴി 2012 ആകുമ്പോഴേയ്ക്കും 300 മെഗാവാട്ട് വൈദ്യുതി പീക്ക്ലോഡ് സമയത്ത് ലാഭിക്കാനാവുമെന്ന് കരുതുന്നു. ഇത്രയും പുതിയ ഉൽപാദന ശേഷി കൈവരിക്കുന്നതിന് 1200 - 1500 കോടി രൂപ വേണ്ടി വരും.

*vi)* ഊർജസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ഊർജ ക്രെഡിറ്റ് ഏർപ്പെടുത്തും. കഴിഞ്ഞ വർഷത്തെ ശരാശരി ഉപഭോഗത്തിൽ നിന്ന് കുറവുണ്ടാകുന്ന ഓരോ യൂണിറ്റ് വൈദ്യുതിയ്ക്കും ഒരു നിശ്ചിത തുക ക്രെഡിറ്റായി നൽകും. ആറു മാസം കൂടുമ്പോഴാണ് ഈ ക്രെഡിറ്റ് നൽകുക. ഇതുപയോഗിച്ച് വിദ്യാർത്ഥികൾക്ക് അംഗീകൃത പ്രസാധകരിൽ നിന്ന് പുസ്തകങ്ങൾ വാങ്ങാം. അല്ലെങ്കിൽ വീട്ടുകാർക്ക് സപ്ലൈകോയിൽ നിന്ന് സാധനങ്ങൾ വാങ്ങാം. 100 കോടി രൂപ ചെലവു വരുന്ന ഈ സ്കീമിലേയ്ക്ക് ഹരിതഫണ്ടിൽ നിന്ന് 25 കോടി രൂപ നീക്കിവെയ്ക്കുന്നു.

*vii)* എല്ലാ വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്കും ഊർജ ഓഡിറ്റ് നിർബന്ധമാക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ഊർജ ഉപഭോഗം കുറയ്ക്കുന്നതിന് വേണ്ടിയുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് അഞ്ച് ശതമാനം പലിശയ്ക്ക് കെഎഫ്സി, കെഎസ്ഐഡിസി എന്നിവയിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതാണ്. എനർജി ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ, ലക്ഷ്യം കൈവരിക്കാത്ത ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളിൽ നിന്ന് പിഴ ഈടാക്കും.

*viii)* കേരളത്തിൽ 35 ലക്ഷം കുടുംബങ്ങൾ പൂർണമായും വിറകിനെ ആശ്രയിക്കുന്നവരാണ്. ഇതിൽ 20 ലക്ഷം കുടുംബങ്ങൾ ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിച്ചാൽ 10 - 15 ലക്ഷം ടൺ കാർബൺ നിർഗമനം ഒഴിവാക്കാനാകും. മൂന്നു വർഷം കൊണ്ട് ഈ ലക്ഷ്യം കൈവരിക്കാം. ഈ കാമ്പയിന് അനർട്ടിലുള്ള നീക്കിയിരിപ്പ് തുകയടക്കം 15 കോടി രൂപ ചെലവിടുന്നതാണ്.

*ix)* കേരളത്തിലെ വർദ്ധിച്ചു വരുന്ന ഗതാഗതപ്രശ്നത്തിനുള്ള പരിസ്ഥിതി സൗഹൃദ പരിഹാരം റെയിൽ ഗതാഗതവും ജലഗതാഗതവും ശക്തിപ്പെടുത്തുകയാണ്. ദേശീയ ജലപാതയുടെ നിർമ്മാണത്തിനും ഫീഡർ കനാലുകളുടെ നവീകരണത്തിനുമായി 100 കോടി രൂപ വകയിരുത്തുന്നു.

അതിവേഗ റെയിൽ കോറിഡോറിന്റെ പഠനം പൂർത്തിയാക്കി കമ്പനി രൂപീകരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കുന്നതാണ്.

*x)* ഫ്ളാറ്റുകൾ തുടങ്ങിയ വൻകിട കെട്ടിടങ്ങൾക്ക് ഗ്രീൻ കെട്ടിട നിർമ്മാണ സങ്കേതങ്ങൾ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഗ്രീൻ കെട്ടിടങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഒരു ശതമാനം ഇളവ് അനുവദിക്കും. ഇനി മേൽ നിർമ്മാണം നടത്തുന്ന കേരള സർക്കാരിന്റെ എല്ലാ വലിയ കെട്ടിട സമുച്ചയങ്ങളും ഗ്രീൻ സാങ്കേതിക വിദ്യയ്ക്ക് അനുസൃതമായിട്ടായിരിക്കും.

*xi)* സർക്കാർ ഓഫീസുകളിലെയും സ്ഥാപനങ്ങളിലെയും ഊർജ്ജ ദുർവ്യയം കുപ്രസിദ്ധമാണ്. ഓരോ ഓഫീസിലെയും സ്ഥാപനത്തിലെയും ഉത്തമ ഉപഭോഗനിലയെന്തെന്ന് ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ പങ്കാളിത്തത്തോടെ തീരുമാനിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ പ്രീ പെയ്ഡ് മീറ്ററുകൾ എല്ലാ ഓഫീസുകളിലും സ്ഥാപിക്കും. മൂന്നു വർഷം കൊണ്ട് ഇത് സാർവത്രികമാക്കാനാവും.

*xii)* ഊർജ്ജ ദുർവ്യയം ഒഴിവാക്കുന്നതിന് മുടക്കുന്ന തുക അതത് വർഷം തന്നെ ഊർജ്ജച്ചെലവിലുള്ള ലാഭമായി തിരിച്ചു കിട്ടും എന്നാണ് പഠനങ്ങൾ കാണിക്കുന്നത്. പരീക്ഷണമെന്ന നിലയിൽ നിയമസഭാ കോംപ്ലക്സ്, സെക്രട്ടേറിയറ്റ്, ഹൈക്കോടതി, മസ്കറ്റ് ഹോട്ടൽ, മെഡിക്കൽ കോളെജ് എന്നിവിടങ്ങളിൽ 2010-11-ൽ തന്നെ എസ്കോ മോഡൽ പരിപാടി നടപ്പാക്കും. ഈ കെട്ടിടങ്ങളിലെല്ലാമായി 106.09 ലക്ഷം രൂപ മുടക്കിയാൽ ഉണ്ടാകുന്ന വാർഷിക ഊർജ്ജലാഭം 160.31 ലക്ഷമാണെന്ന് കണക്കാക്കിയിരിക്കുന്നു. ഈ ഇടപെടൽ സാർവത്രികമാക്കുന്നതിന് ഒരു പ്രത്യേക ഊർജ്ജക്ഷമതാ കമ്പനിയ്ക്ക് എനർജി മാനേജ്മെന്റ് സെന്ററിന്റെ കീഴിൽ രൂപം നൽകുന്നതാണ്. വൈദ്യുതിച്ചെലവിൽ ഉണ്ടാകുന്ന നേട്ടം *നിശ്ചിത* കാലത്തേയ്ക്ക് കമ്പനിക്ക് സർക്കാർ കൈമാറുന്നതാണ്.

*xiii)* പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ സംസ്കരിച്ച് പെല്ലറ്റുകളാക്കി മാറ്റുന്നതിന് എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും ചെറുകിട സംസ്കരണ ശാലകൾ സ്ഥാപിക്കും. ഇതിനാവശ്യമായ 10 കോടി രൂപ ശുചിത്വമിഷനും കുടുംബശ്രീയും കണ്ടെത്തുന്നതാണ്.

*xiv)* കുട്ടനാട്ടിലെ പരിസ്ഥിതി സന്തുലിതാവസ്ഥ പുനസ്ഥാപിക്കുന്നതിനു വേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ തണ്ണീർമുക്കം ബണ്ട് തുറന്നിടുകയും കൃഷിയ്ക്കു വേണ്ടി പുതിയൊരു കാർഷിക കലണ്ടറിന് രൂപം നൽകുകയും വേണമെന്ന നിർദ്ദേശം ഗൗരവമായി പരിഗണിക്കും. ഈ കലണ്ടറിന്റെ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവർക്ക് കൃഷി നാശമുണ്ടായാൽ പൂർണ നഷ്ടപരിഹാരം ഇൻഷ്വറൻസ് വഴി സർക്കാർ നൽകും. ഇതുപോലെ കർഷക തൊഴിലാളികൾക്കും നഷ്ടപരിഹാരം നൽകും. ഇതു സംബന്ധമായ ചർച്ചകളിൽ രണ്ട് ഭയാശങ്കകളാണ് ഉയർന്നു വന്നത്. ഒന്ന്) കൃഷിപ്പിഴയുടെ സാധ്യതകൾ. രണ്ട്) സമീപപഞ്ചായത്തുകളിൽ വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ള പ്രതിസന്ധി. ഇവ രണ്ടിനും പരിഹാരം കണ്ടുകൊണ്ടേ ബണ്ടു തുറക്കാനാവൂ. ഇതിന് നിശ്ചയദാർഢ്യത്തോടുള്ള പ്രവർത്തനം ഉടൻ ആരംഭിക്കും. സ്വാമിനാഥൻ കമ്മിഷൻ പാക്കേജിൽ നിന്നും പതിമൂന്നാം ധനകാര്യകമ്മിഷൻ പ്രത്യേക സഹായത്തിൽ നിന്നും ആവശ്യമായ പണം കണ്ടെത്താം. തുടക്കമെന്ന നിലയിൽ ഗ്രീൻഫണ്ടിൽ നിന്ന് ഇൻഷ്വറൻസിനായി 20 കോടി രൂപ വകയിരുത്തുന്നു. ബണ്ടു തുറക്കുന്നതിനുള്ള കാലതാമസം മത്സ്യത്തൊഴിലാളികളിൽ വലിയ പ്രതിഷേധം സൃഷ്ടിക്കുന്നുണ്ട്. എന്നാൽ മുൻകരുതലുകളെടുത്തു കൊണ്ടും അഭിപ്രായ സമന്വയം സൃഷ്ടിച്ചു കൊണ്ടും മാത്രമേ മുന്നോട്ടു പോകാനാകൂ എന്ന് എല്ലാവരും മനസിലാക്കുമെന്നെനിക്ക് ഉറപ്പുണ്ട്. താൽക്കാലികാശ്വാസമെന്ന നിലയിൽ ഈ വർഷം വേമ്പനാട് കായലിൽ വിപുലമായ തോതിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതാണ്.

*xv)* ആസൂത്രണ വികേന്ദ്രീകരണത്തിൽ മുകളിൽ നിന്ന് താഴേയ്ക്കുള്ള ആശയവിനിമയത്തോടൊപ്പം താഴേ നിന്ന് മുകളിലേയ്ക്കുള്ള ആശയവിനിമയവും അനിവാര്യമാണ്. ഇതിനായി മുഖ്യധാരാ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുന്നതിനുള്ള വലിയൊരു പരീക്ഷണമാണ് ഗ്രീൻ കേരള എക്സ്പ്രസ്. തദ്ദേശ ഭരണവകുപ്പും ദൂരദർശനും ചേർന്നാണ് ഇത് സംഘടിപ്പിക്കുന്നത്. ഒന്നാം സ്ഥാനം നേടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒരുകോടി രൂപയും രണ്ടാം സ്ഥാനം നേടുന്ന സ്ഥാപനത്തിന് 50 ലക്ഷം രൂപയും മൂന്നാം സ്ഥാനം നേടുന്ന സ്ഥാപനത്തിന് 25 ലക്ഷം രൂപയും സമ്മാനം നൽകുന്നതാണ്. രണ്ടാം റൗണ്ടിൽ പ്രവേശിക്കുന്ന സ്ഥാപനങ്ങൾക്കെല്ലാം 10 ലക്ഷം രൂപ വീതം നൽകും. ഈ മാതൃകകളിൽ നിന്ന് കേരളത്തിന് പഠിക്കാം.

6. സർ, ഇതൊരു തുടക്കമാണ്. ഗ്രീൻ ബജറ്റെന്നാൽ ബജറ്റിൽ ഏതാനും പരിപാടികൾ ഉൾക്കൊള്ളിക്കുന്ന പ്രക്രിയയല്ല. ഭരണത്തിന്റെ ഓരോ തലത്തിലും ഓരോ ഇടപെടലിലും ജനജീവിതത്തിലും ഊർജ ദുർവ്യയം എങ്ങനെ ഒഴിവാക്കാം, പ്രതികൂല പരിസ്ഥിതി ആഘാതം എങ്ങനെ പരമാവധി കുറയ്ക്കാം എന്ന് ചിന്തിപ്പിക്കുന്നതിന് ബജറ്റ് പ്രേരകമാകണം. ഈ അവബോധം സാമൂഹ്യനീതിയുടെ കാര്യത്തിലെന്ന പോലെ നമ്മുടെ ആസൂത്രണചിന്തയുടെയും അടിസ്ഥാന തലങ്ങളിലൊന്നായി മാറണം.

## വേണം പുതിയൊരു തുല്യത

7. കേരളത്തിലെ സാമൂഹ്യസാമ്പത്തിക തുല്യതയുടെ പാരമ്പര്യങ്ങളെ മുന്നോട്ടു കൊണ്ടു പോകണം. അതോടൊപ്പം സ്ത്രീപുരുഷ തുല്യതയുടെ പുതിയ പാരമ്പര്യം സൃഷ്ടിക്കണം. അന്തർദ്ദേശീയ വനിതാദിനത്തിന്റെ നൂറാം വാർഷികവേളയിൽ കേരളത്തിൽ ജൻഡർ ബജറ്റിംഗിന് തുടക്കം കുറിക്കുകയാണ്.

8. ബജറ്റ് തയ്യാറെടുപ്പിന്റെ ഭാഗമായി ഏർപ്പെടുത്തിയ ജൻഡർ ഓഡിറ്റ് ഒരു ഞെട്ടിപ്പിക്കുന്ന വസ്തുത വെളിപ്പെടുത്തി. മുഴുവൻ ഗുണഭോക്താക്കളും സ്ത്രീകളായിട്ടുള്ള സ്കീമുകളുടെ അടങ്കൽ 2008 – 09ൽ വാർഷിക

പദ്ധതിയുടെ വെറും 5.5 ശതമാനം മാത്രമായിരുന്നു (318 കോടി). 2009 – 10ൽ ഇത് 5.6 ശതമാനമാണ്. കേന്ദ്ര പദ്ധതിയെക്കാൾ മെച്ചപ്പെട്ട നിലയെന്ന് അവകാശപ്പെടാമെങ്കിലും പ്രാദേശിക സർക്കാരുകളുടെ വനിതാ ഘടകപദ്ധതിയുടെ പകുതി മാത്രമാണ് ഈ തുകയെന്നത് നമ്മുടെ കണ്ണു തുറപ്പിക്കണം. സർ, ഈ സ്ഥിതി തിരുത്തുകയാണ്. സ്ത്രീകൾ മാത്രം ഗുണഭോക്താക്കളായ സ്കീമുകൾക്ക് പദ്ധതിയിൽ 620 കോടി രൂപ (8.5 ശതമാനം തുക) ഈ വർഷം നീക്കിവെയ്ക്കുകയാണ്.

9. സ്ത്രീകൾക്ക് പരിഗണന നൽകുന്ന പ്രത്യേക സ്കീമുകൾ തയ്യാറാക്കുന്നതിന് എല്ലാ വകുപ്പുകളും ശ്രമിച്ചിട്ടുണ്ട്. പൊതു പ്രോജക്ടുകളുടെ നടത്തിപ്പിലും ഇത്തരം പരിഗണന കൊണ്ടുവരുന്നതിന് ബോധപൂർവമുളള പരിശ്രമമുണ്ടാകും.

   *i)* കുടുംബശ്രീയ്ക്കുളള ധനസഹായം 30 കോടിയിൽ നിന്ന് 50 കോടിയായി ഉയർത്തുന്നു. സാമൂഹ്യ സുരക്ഷാ മിഷൻ രൂപീകരിച്ചപ്പോഴുണ്ടാക്കിയ ധാരണപ്രകാരം ഇതിൽ 20 കോടി രൂപ ആശ്രയ പദ്ധതിയ്ക്കായി കൈമാറേണ്ടതാണ്.

   *ii)* കേരളത്തിലെ ബസ് സ്റ്റാൻഡുകൾ, മാർക്കറ്റുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ സ്തീകളുടെ വിശ്രമസ്ഥലങ്ങളോ ടോയ്‌ലറ്റ് സൗകര്യമോ ഇല്ല. എന്തിന് പല സർക്കാർ ഓഫീസുകളിൽ പോലും ഈ സൗകര്യം ഇല്ല എന്നാണ് പഠനം വെളിപ്പെടുത്തിയത്. ഈ സ്ഥിതി പരിഹരിക്കുന്നതിന് കെഎസ്ആർടിസിയ്ക്ക് 8 കോടി രൂപയും പിഡബ്ല്യുഡിയ്ക്ക് 2.5 കോടി രൂപയും വകയിരുത്തുന്നു.

   *iii)* 160 സർക്കിൾ ഇൻസ്പെക്ടർ ഓഫീസുകളും 43 ജനമൈത്രി പോലീസ് സ്റ്റേഷനുകളും സ്ത്രീ സൗഹൃദ സ്ഥാപനങ്ങളാക്കുന്നതാണ്. ഇതിനുളള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ആക്രമണത്തിന് ഇരകളാകുന്ന സ്ത്രീകൾക്ക് അടിയന്തര വൈദ്യസഹായവും മറ്റും നൽകുന്നതിനും വേണ്ടി 2.5 കോടി രൂപ വകയിരുത്തുന്നു.

*iv)* വിദ്യാർത്ഥികൾക്കും തൊഴിലെടുക്കുന്ന സ്ത്രീകൾക്കും താമസിക്കുന്നതിനുള്ള ഹോസ്റ്റലുകൾ പണിയുന്നതിനായി 2 കോടി രൂപ ചെലവിടുന്നതാണ്.

*v)* ആശുപത്രികളിൽ സ്ത്രീകളുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതാണ്. സ്ത്രീകളുടെ കാൻസർ ബാധ നേരത്തെ തിരിച്ചറിയുന്നതിന് വേണ്ടി ഡിജിറ്റൽ മാമോഗ്രാഫിയടക്കമുള്ള സംവിധാനങ്ങൾ വാങ്ങുന്നതിന് ആർസിസിയ്ക്ക് 7 കോടി രൂപ വകയിരുത്തുന്നു.

*vi)* പത്തു വനിതാകോളജുകളിൽ കമ്പ്യൂട്ടർ പരിശീലനത്തിന് 2 കോടി രൂപ വകയിരുത്തുന്നു. ഫിനിഷിംഗ് സ്കൂളിന് 1 കോടി രൂപ വകയിരുത്തുന്നു. നഴ്സിംഗ് സ്കൂളുകൾക്ക് കൂടുതൽ പണം വകയിരുത്തിയിട്ടുണ്ട്.

*vii)* സ്ത്രീകൾക്കായി പുതിയ തൊഴിലുകൾ കണ്ടെത്തുകയും അതോടൊപ്പം നിലവിലുള്ള കൈത്തൊഴിലുകൾ നവീകരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. എസ്.ജി.എസ്.വൈ അടക്കമുള്ള സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ പ്രധാന ഗുണഭോക്താക്കൾ സ്ത്രീകളാണ്. കോട്ടപ്പുറം കിഡ്സ് തഴപ്പായ ഉൽപന്ന വികസനത്തിൽ എടുത്തിരിക്കുന്ന മുൻകൈ പരിഗണിച്ച് കൊടുങ്ങല്ലൂരിൽ തഴപ്പായ ക്ലസ്റ്റർ സ്ഥാപിക്കുന്നതാണ്. വിധവകൾക്കും വിവാഹമോചനം നേടിയ തൊഴിൽരഹിതരായ സ്ത്രീകൾക്കും വേണ്ടി സ്വയം തൊഴിൽ പദ്ധതിയും സ്ത്രീകൾക്കു വേണ്ടി കരകൗശലമേഖലയിൽ പുതിയ തൊഴിൽ സംരംഭങ്ങളും ആരംഭിക്കുന്നതാണ്. ഭക്ഷ്യസുരക്ഷയിൽ 4 കോടി രൂപ സ്ത്രീകളുടെ സംഘങ്ങൾക്ക് പ്രത്യേകം നീക്കിവെച്ചിരിക്കുന്നു. ഏതാണ്ട് പൂർണമായും സ്ത്രീകൾ പണിയെടുക്കുന്ന കയർ പിരി, കശുവണ്ടി, കൈത്തറി, ഖാദി തുടങ്ങിയ വ്യവസായങ്ങൾക്കുള്ള അടങ്കൽ ഗണ്യമായി ഉയർത്തിയിട്ടുണ്ട്.

*viii)* പീഡിതരായ സ്ത്രീകൾക്ക് അടിയന്തര സഹായം നൽകുന്നതിന് 1 കോടി രൂപയും കൗൺസിലിംഗിന് 50 ലക്ഷം രൂപയും വകയിരുത്തുന്നു. സ്ത്രീകളുടെ ഷോർട്ട് സ്റ്റേ ഹോമിന് 1.35 കോടി രൂപ വകയിരുത്തുന്നു.

*ix)* കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സ്ത്രീപദവി പഠന പരിപാടിയ്ക്കായി 1.25 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. അധികം വേണ്ടി വരുന്ന തുക കുടുംബശ്രീയുടെ ഫണ്ടിൽ നിന്ന് കണ്ടെത്താം. കേരളം കണ്ട ഏറ്റവും വലിയ അനൗപചാരിക ജെൻഡർ പഠന പരിപാടിയായിരിക്കും ഇത്. വനിതാ കമ്മിഷന്റെ നേതൃത്വത്തിൽ യുവജനക്ഷേമ ബോർഡ്, മഹിളാ സമാഖ്യാ, കുടുംബശ്രീ എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന ***ആർഭാടരഹിത വിവാഹം, സ്ത്രീധന വിരുദ്ധ കേരളം*** എന്ന കാമ്പയിന് 25 ലക്ഷം രൂപ വകയിരുത്തുന്നു. ജൻഡർ ബോധവത്കരണ പരിപാടിയ്ക്ക് 3.45 കോടി രൂപ വകയിരുത്തുന്നു.

10. സ്ത്രീ പുരുഷ തുല്യത അടിസ്ഥാനപരമായി സാമൂഹ്യ രാഷ്ട്രീയ പ്രശ്നമാണ്. ഇതിനുള്ള പരിശ്രമങ്ങളെ ഉത്തേജിപ്പിക്കുന്നതിനേ ജൻഡർ ബജറ്റിംഗിന് കഴിയൂ. ഇവിടെ തന്നെ ഉൾപ്പെടുത്തിയിട്ടുള്ള നടപടികൾ പലതും സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളുമായി ബന്ധപ്പെട്ടവയാണ്. സ്ത്രീ പുരുഷ ബന്ധത്തിന്റെ അടിസ്ഥാന ചട്ടക്കൂടിനെ ചോദ്യം ചെയ്യുന്നവയല്ല എന്ന പരിമിതിയുമുണ്ട്. എങ്കിലും ഇത് മുന്നോട്ടുള്ള കാൽവെപ്പാണെന്ന് ഏവരും അംഗീകരിക്കുമെന്ന് കരുതുന്നു.

## നിക്ഷേപം വികസനക്കുതിപ്പിനായി

11. കഴിഞ്ഞ ബജറ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം, പതിനായിരം കോടി രൂപയുടെ ഉത്തേജക പാക്കേജായിരുന്നു. സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ അഞ്ചു ശതമാനം വരുന്ന പതിനായിരം കോടിയുടെ ഉത്തേജകപ്പാക്കേജിന് രാജ്യത്ത് സമാനതകളില്ല. വികസനക്കുതിപ്പിന്

നമ്മൾ ആപത്തിനെ ഒരവസരമാക്കുകയായിരുന്നു. രണ്ടുവർഷം കൊണ്ട് ഈ പാക്കേജ് നടപ്പാക്കുമെന്നാണ് പ്രഖ്യാപിച്ചത്. സർക്കാർ നേരിട്ട് നടപ്പാക്കുന്ന 5000 കോടിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും 3000 കോടിയുടെ ഇഎംഎസ് പാർപ്പിട പദ്ധതിയ്ക്കും തുടക്കം കുറിച്ചു കഴിഞ്ഞു. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപറേഷൻ, കോസ്റ്റൽ ഡവലപ്മെന്റ് കോർപറേഷൻ, റോഡ് ഫണ്ട് ബോർഡ് തുടങ്ങിയ പൊതുസ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയ കാര്യങ്ങളും നടപ്പായി തുടങ്ങി. ഇവ മുഖ്യമായും ചെറുകിട ഇടത്തരം നിർമ്മാണ പ്രോജക്ടുകളായിരുന്നു. ഇത്തവണ ഭൗതിക പശ്ചാത്തല മേഖലയിൽ വൻകിട പ്രോജക്ടുകൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്.

*i)* കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി 1000 കോടി രൂപയുടെ അടച്ചു തീർത്ത മൂലധനമുള്ള കമ്പനി രൂപീകരിക്കുന്നതാണ്. 26 ശതമാനമായിരിക്കും സർക്കാരിന്റെ ഓഹരി. 25 ശതമാനം ഓഹരി സഹകരണ പൊതുമേഖലാ സ്ഥാപനങ്ങൾക്കായിരിക്കും. 1200 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു.

*ii)* 50000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന അതിവേഗ റെയിൽ കോറിഡോർ പദ്ധതിയ്ക്കു വേണ്ടിയുള്ള സംയുക്ത സംരംഭ കമ്പനിയ്ക്ക് ഈ വർഷം രൂപം നൽകും. റിപ്പോർട്ട് തയ്യാറാക്കുന്നതിന് ദില്ലി മെട്രോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെഎസ്ഐഡിസിയായിരിക്കും നോഡൽ ഏജൻസി.

*iii)* വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 100 കോടി രൂപ നൽകിക്കഴിഞ്ഞു. ഇപ്പോൾ 125 കോടി രൂപ കൂടി നീക്കിവെയ്ക്കുന്നു. കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ നിർമ്മാണം നടക്കുന്ന വേളയിൽ തന്നെ പോർട്ട് നിർമ്മാണത്തിനും മറ്റനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമുള്ള ആഗോള ടെൻഡർ വിളിക്കുന്നതാണ്.

*iv)* 2012-ൽ എൽഎൻജി ടെർമിനൽ കമ്മിഷൻ ചെയ്യും. ഗെയിൽ കൊച്ചിയിൽ നിന്ന് മംഗലാപുരത്തേയ്ക്കും, പാലക്കാട് വഴി

ബാംഗ്ലൂരിലേയ്ക്കും, കടൽ വഴി കായംകുളത്തേയ്ക്കും ഗ്യാസ് പൈപ്പ് ലൈനുകൾ ഇടുന്നുണ്ട്. ഇത് മുൻകൂട്ടി കണ്ടുകൊണ്ട് ഗെയിലുമായി ചേർന്ന് ചില്ലറ വിൽപന ശൃംഖല സൃഷ്ടിക്കുന്നതിനു വേണ്ടി 17 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമെ പൈപ്പ് ലൈനിനോട് ബന്ധപ്പെടുത്തി കൊച്ചി – കാസർകോട്, കൊച്ചി – പാലക്കാട് എന്നീ രണ്ട് വ്യവസായ കോറിഡോറുകൾ നിർമ്മിക്കുന്നതിന് ഈ വർഷം തുടക്കം കുറിക്കുന്നു. ഇതിനായി പ്രത്യേക കമ്പനി രൂപീകരിക്കാൻ 5 കോടി രൂപ വകയിരുത്തുന്നു. 5000 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഈ വർഷം ആരംഭിക്കുന്നതാണ്.

*v)* റോഡ് മേഖലയിൽ കെഎസ്ടിപിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിന് തുടക്കം കുറിക്കുന്നതാണ്. 232 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 1600 കോടി രൂപയുടെ ഏലത്തൂർ – പൊന്നാനി ബീച്ച് ടൂറിസം റോഡ് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപറേഷൻ ബിഒടി അടിസ്ഥാനത്തിൽ നിർമ്മിക്കും. ഇതിന്റെ സ്ഥലമെടുപ്പിന് പണം വകയിരുത്തിയിട്ടുണ്ട്. മലയോര ഹൈവേയാണ് ഈ വർഷം നിർമ്മാണത്തിലേയ്ക്ക് നീങ്ങുന്ന മറ്റൊരു സുപ്രധാന പദ്ധതി. ചേർത്തല – കോടിമത, കാക്കനാട് – കോതമംഗലം, മൂവാറ്റുപുഴ, കരമന – കളിയിക്കാവിള എന്നീ നാലുവരിപ്പാതകളുടെ ഭൂമി ഏറ്റെടുക്കൽ നടപടി ഈ വർഷം ആരംഭിക്കും.

*vi)* കൊച്ചി മെട്രോയ്ക്ക് അനുമതി നൽകുകയാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ ഓഹരിവിഹിതം പൂർണമായും അടയ്ക്കുന്നതിന് തയ്യാറാണെന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടോക്കൺ പ്രൊവിഷനായി 5 കോടി രൂപ വകയിരുത്തുന്നു. ഇതോടൊപ്പം കൊച്ചി മെട്രോയുടെ പശ്ചാത്തലത്തിൽ അനിവാര്യമായ റെയിൽ മേൽപ്പാലങ്ങളുടെ വികസനത്തിനും റോഡുകളുടെ വികസനത്തിനും വേണ്ടി വിശദമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും

നിർമ്മിക്കുന്നതിനും ദില്ലി മെട്രോയെ ചുമതലപ്പെടുത്തുന്നതാണ്. ഡെപ്പോസിറ്റ് വർക്കായാണ് ദില്ലി മെട്രോ നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കുക. ഇതിലേയ്ക്ക് ഇപ്പോൾ 50 കോടി രൂപ വകയിരുത്തുന്നു.

viii) വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി രൂപീകരിച്ചു കഴിഞ്ഞു. റെയിൽ – റോഡ്– ജല ഗതാഗത ശൃംഖലകൾ കണ്ണി ചേരുന്ന ഈ കേന്ദ്രത്തിന്റെ ആകെ നിർമ്മാണച്ചെലവ് 300 കോടി രൂപയാണ്. ജെൻറം, ജിസിഡിഎ പോലുള്ള ഏജൻസികൾ എന്നിവയിൽ നിന്നാണ് പണം കണ്ടെത്തുക. 5 കോടി രൂപ പ്രത്യേകം വകയിരുത്തുന്നു. കൊച്ചിയിലെ സീപോർട്ട് – എയർപോർട്ട് റോഡ് പൂർത്തീകരിക്കും.

12. സർ, കേരളത്തിന്റെ വാർഷിക പദ്ധതി അഞ്ചക്കസംഖ്യയിലേയ്ക്ക് ഉയർന്നിരിക്കുന്നു. ഈ വർഷത്തെ അടങ്കലായ 10,000 കോടി രൂപ കഴിഞ്ഞ ബജറ്റിലെ പദ്ധതി അടങ്കലിനെ അപേക്ഷിച്ച് 12 ശതമാനം ഉയർന്നതാണ്. പദ്ധതി അടങ്കൽ ഗണ്യമായി ഉയർന്നതിനെക്കാൾ പ്രാധാന്യമർഹിക്കുന്നത് സ്വതന്ത്ര പദ്ധതി വിഹിതം ഗണ്യമായി ഉയർന്നുവെന്നതാണ്. പദ്ധതിയ്ക്കുള്ള കേന്ദ്രധനസഹായം നിർദ്ദിഷ്ട പ്രൊജക്ടുകൾക്ക് വേണ്ടിയുള്ള വായ്പകളിലും കേന്ദ്രാവിഷ്കൃത പദ്ധതികളിലും ഊന്നുന്നതു മൂലം ആസൂത്രകർക്ക് സ്വതന്ത്രമായി വിനിയോഗിക്കാവുന്ന പണം 2007 - 08 ൽ 726 കോടി രൂപ മാത്രമായിരുന്നു. എന്നാൽ 2010 - 11 ൽ അത് 2874 കോടി രൂപയായി ഉയർന്നിരിക്കുന്നു. വിദേശ വായ്പകളുടെ മേലുള്ള പദ്ധതികളുടെ ആശ്രിതത്വം ഗണ്യമായി കുറഞ്ഞുവെന്നത് എടുത്തു പറയട്ടെ. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വിദേശവായ്പകൾക്ക് കീഴടങ്ങുന്നുവെന്ന വിമർശനത്തിന്റെ മുനയൊടിക്കുന്നതാണ് ഈ വസ്തുത. വിദേശ വായ്പകളെടുക്കേണ്ടി വരാം. എന്നാൽ തികഞ്ഞ അവധാനതയോടെ നമ്മുടെ താൽപര്യങ്ങൾ പൂർണമായും സംരക്ഷിച്ചു കൊണ്ടു മാത്രമേ ചെയ്യൂ. അപ്പോഴും നമ്മുടെ നയം വിദേശവായ്പകളിന്മേലുള്ള ആശ്രിതത്വം കുറച്ചു കൊണ്ടുവരിക എന്നതു തന്നെയായിരിക്കും.

## കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ

13. നമ്മുടെ ഇടക്കാല ധനകാര്യ ലക്ഷ്യങ്ങൾ ഭേദഗതി ചെയ്യാൻ നാം നിർബന്ധിതരാണ്. 2010 - 11 ൽ റവന്യൂ കമ്മി [illegible]താക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ പുതുക്കിയ റവന്യൂ കമ്മി 1.9 ശതമാനമാണ്. ബജറ്റിൽ വകയിരുത്തിയ 35 ശതമാനത്തേക്കാൾ കൂടുതലാണിത്. കേന്ദ്ര ധനസഹായം ഗണ്യമായി കുറഞ്ഞതും സ്റ്റാമ്പ് ഡ്യൂട്ടി വരുമാനം ഇടിഞ്ഞതുമാണ് റവന്യൂ കമ്മി കൂടുന്നതിന് ഇടയാക്കിയത്. റവന്യൂ കമ്മി ഇല്ലാതാക്കുന്നതിന് ഒരു സുപ്രധാന നിബന്ധന കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ മുന്നോട്ടു വെച്ചിരുന്നത് സഭ ഓർക്കുന്നുണ്ടാകും. പതിമൂന്നാം ധനകാര്യ കമ്മീഷനിൽ നിന്ന് കേരളത്തിന് അനുകൂലമായ ഒരു തീർപ്പ് ഉണ്ടായെങ്കിലേ മിച്ച ബജറ്റ് നേടാൻ കഴിയൂ എന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ കേരളത്തെ സംബന്ധിച്ചടത്തോളം തീർത്തും നിരാശാജനകമാണ് പതിമൂന്നാം ധനകാര്യ കമ്മിഷന്റെ തീർപ്പ്. നമ്മുടെ നികുതി വിഹിതം 2.6 ശതമാനത്തിൽ നിന്നും വീണ്ടും 2.3 ശതമാനമായി കുറഞ്ഞിരിക്കുന്നു. ഇതിന്റെ ഫലമായി പന്ത്രണ്ടാം ധനകാര്യ കമ്മിഷന്റെ നികുതിവിഹിതത്തോത് അനുസരിച്ച് കിട്ടുമായിരുന്നതിനെക്കാൾ ഏതാണ്ട് 5000 കോടി രൂപയുടെ കുറവാണ് അടുത്ത അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്തിന് ഉണ്ടാകാൻ പോകുന്നത്. ഈ പശ്ചാത്തലത്തിൽ ധനകാര്യ കമ്മീഷൻ പറയുന്നത് പോലെ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ റവന്യൂ കമ്മി ഇല്ലാതാക്കണമെങ്കിൽ ശമ്പള പരിഷ്കരണം വേണ്ടെന്ന് വെയ്ക്കണം; അധ്യാപകർക്ക് യുജിസി സ്കെയിൽ ഉപേക്ഷിക്കണം; ക്ഷേമ പെൻഷനുകൾ വെട്ടിക്കുറയ്ക്കണം. അങ്ങനെ ജീവനക്കാരുടെയും ജനങ്ങളുടെയും ചെലവിൽ കമ്മി ഇല്ലാതാക്കാനാണ് ധനകാര്യ കമ്മിഷൻ നിർബന്ധിച്ചുകൊണ്ടിരിക്കുന്നത്. ഇതിന് കേരളം തയ്യാറല്ലെന്ന് ഞാൻ അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. കമ്മി ഇല്ലാതാക്കാനുള്ള ചുമതല നിരുപാധികമായി സംസ്ഥാന സർക്കാർ ഏറ്റെടുക്കില്ല. അത്തരത്തിലുള്ള ധനഉത്തരവാദിത്ത നിയമത്തിനും പ്രായോഗികമായി സാധുതയുണ്ടാവുകയില്ല. കമ്മി ഇല്ലാതാക്കണമെങ്കിൽ കേന്ദ്രസർക്കാർ കൂടുതൽ പണം അനുവദിച്ചേ തീരൂ.

14. ധനകാര്യ കമ്മിഷന്റെ നിലപാടുകളിൽ സംസ്ഥാനത്തിന് ശക്തമായ പ്രതിഷേധമുണ്ട്. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രനികുതി വിഹിതത്തിൽ നാമമാത്ര വർദ്ധന മാത്രമേ വരുത്തിയുള്ളൂ. മൂന്നു വർഷക്കാലം സംസ്ഥാന ധനമന്ത്രിമാരുടെ നിരന്തരമായ ചർച്ചയിലൂടെ ചരക്കു സേവന നികുതി സമ്പ്രദായത്തെക്കുറിച്ച് ഉരുത്തിരിഞ്ഞു വന്ന അഭിപ്രായ സമന്വയത്തിന് വിരുദ്ധമാണ് കമ്മിഷന്റെ നിർദ്ദേശങ്ങളിൽ തെളിയുന്നത്. കമ്മിഷൻ നിശ്ചയിച്ച ധനപരിഷ്കാര നടപടി പാലിക്കാത്ത സംസ്ഥാനങ്ങളുടെ കടാശ്വാസം മാത്രമല്ല, പ്രത്യേക ധനസഹായവും നിർത്തലാക്കുമെന്നതാണ് കമ്മിഷന്റെ നിലപാട്. സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന ഏഴ് ശതമാനമെന്ന താഴ്ന്ന നികുതി നിരക്കാണ് അവർ നിർദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനങ്ങളുടെ നികുതി അധികാരം കേന്ദ്രധനമന്ത്രി നേതൃത്വം നൽകുന്ന ഒരു സമിതിയ്ക്ക് കൈമാറണമെന്ന അഭിപ്രായമാണ് കമ്മിഷനുള്ളത്. സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാരിന്റെ ധനനയത്തിന് കീഴ്പ്പെടുത്താനുള്ള ഉപായങ്ങളാണ് ധനക്കമ്മിഷന്റെ നിർദ്ദേശങ്ങളിൽ തെളിയുന്നത്.

15. ആഗോളമാന്ദ്യം കേരളത്തിന്റെ മാത്രമല്ല, കേന്ദ്രസർക്കാരിന്റെയും ധനസ്ഥിതിയെ പരുങ്ങലിലാക്കിയിരിക്കുന്നു. റവന്യൂക്കമ്മി ഇല്ലാതാക്കേണ്ട 2009 - 10ൽ അത് 5.3 ശതമാനമായി. മൂന്ന് ശതമാനമായി നിയന്ത്രിക്കേണ്ടിയിരുന്ന ധനക്കമ്മിയാവട്ടെ, 6.7 ശതമാനമായി ഉയർന്നു. കണക്കു കൊണ്ടുള്ള ഒട്ടേറെ കസർത്തുകൾക്കു ശേഷമാണ് ഈ കമ്മികണക്ക് തയ്യാറാക്കിയതെന്ന് ഓർക്കണം. ഈ സ്ഥിതി വിശേഷത്തിന് കാരണം ഉത്തേജകപ്പാക്കേജിന്റെ പേരിൽ കോർപറേറ്റുകൾക്ക് വലിയ തോതിൽ നികുതിയിളവുകൾ നൽകിയതാണ്. എന്നിട്ടിപ്പോൾ കമ്മി കുറയ്ക്കുന്നതിന് വേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരിവിൽക്കുകയും വിലക്കയറ്റത്തിന്റെ കാലത്ത് പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിക്കുകയുമാണ് കേന്ദ്രസർക്കാർ ചെയ്യുന്നത്. ഈ ജനവിരുദ്ധ നയങ്ങൾ പ്രതിസന്ധി കൂടുതൽ മൂർച്ഛിപ്പിക്കുകയേ ഉള്ളൂ.

## വിലക്കയറ്റവും ആസിയാൻ കരാറും

16. വിലക്കയറ്റമാണ് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ അപകടം. രാജ്യവ്യാപകമായ വിലക്കയറ്റത്തിന്റെ ഉത്തരവാദിത്തം പൂർണമായും കേന്ദ്രസർക്കാരിനാണ്. പഞ്ചസാര ബഫർ സ്റ്റോക്കുണ്ടാക്കുന്നതിന് പകരം മില്ലുകാരെ സഹായിക്കാൻ കയറ്റുമതി ചെയ്ത് കൃത്രിമമായ ക്ഷാമം സൃഷ്ടിച്ചു. എപിഎൽ റേഷനരി വെട്ടിക്കുറച്ചതിന് ശേഷം 8 രൂപ 50 പൈസയ്ക്ക് വിറ്റിരുന്ന റേഷനരി 14-16 രൂപയ്ക്ക് വിൽക്കുന്നത് വിലക്കയറ്റം സൃഷ്ടിക്കും. ഓപ്പൺ മാർക്കറ്റ് സെയിൽ സിസ്റ്റം പ്രകാരം സ്വകാര്യ കുത്തകകൾക്ക് ധാന്യശേഖരം വിൽക്കുകയും പൂഴ്ത്തിവെപ്പിനും ഊഹക്കച്ചവടത്തിനും എല്ലാ സൗകര്യവും ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു. എന്നാൽ കഴിഞ്ഞ ഡിസംബർ ഉത്സവകാലത്ത് ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ വിലക്കയറ്റമുണ്ടായത് കേരളത്തിലാണെന്നത് അഭിമാനപൂർവം പറയട്ടെ. 2008 ഡിസംബറിനെ അപേക്ഷിച്ച് ഗ്രാമീണ ഉപഭോക്തൃ വിലസൂചിക കേരളത്തിൽ 9.6 ശതമാനമാണ് ഉയർന്നത്. അഖിലേന്ത്യാ ശരാശരിയാകട്ടെ 17.7 ശതമാനമായിരുന്നു. നിശ്ചയദാർഢ്യത്തോടെ കേരള സർക്കാർ കൈക്കൊണ്ട നടപടികളാണ് ഈ നേട്ടത്തിന് ആധാരം. എന്നാൽ ദുർവഹമായ ഭാരമാണ് ഇതുമൂലം സംസ്ഥാന സർക്കാരിന്റെയും സപ്ലൈകോ കൺസ്യൂമർ ഫെഡ് തുടങ്ങിയ ഏജൻസികളുടെയും മേൽ ഉണ്ടായിട്ടുള്ളത്.

17. കേരളത്തെ തുറിച്ചു നോക്കുന്ന രണ്ടാമത്തെ അപകടം ആസിയാൻ കരാറാണ്. ആസിയാൻ കരാർ ഇന്ത്യയിലെ വ്യവസായ സേവന മേഖലകൾക്ക് നേട്ടമുണ്ടാക്കുമെന്ന കേന്ദ്ര സർക്കാരിന്റെ അവകാശവാദത്തോട് തർക്കിക്കാൻ ഞാനില്ല. അതേസമയം, കേരളത്തിൽ കൃഷി ചെയ്യുന്ന നാണ്യവിളകളുടെ ദേശീയ കമ്പോളത്തിലേയ്ക്ക് ആസിയാൻ രാജ്യങ്ങൾ കടന്നുവരുന്നതോടെ നമ്മുടെ കാർഷിക മേഖല തകരും. 1999-2004-ലെ കർഷക ആത്മഹത്യകളുടെ കാലത്തേയ്ക്കാണ് ആസിയാൻ കരാർ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നത്. നാണ്യവിളകൾ വിറ്റു കിട്ടുന്ന പണം കൊണ്ടാണ് കേരളം അരിയും പഞ്ചസാരയും വാങ്ങുന്നത്.

നാണ്യവിളകൾ നേരിടാൻ പോകുന്ന തകർച്ചയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ സാർവത്രിക റേഷൻ സമ്പ്രദായം പുനഃസ്ഥാപിച്ചേ തീരൂ. ആസിയാൻ കരാറിന്റെ ഫലമായി കേരളത്തിനുണ്ടാകുന്ന നഷ്ടം നികുത്തുന്നതിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. കരാറിലെ സേഫ് ഗാർഡ് സംബന്ധിച്ച വ്യവസ്ഥകൾ പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു. ഇവ നേടുന്നതിന് ഒന്നിച്ച് നേതൃത്വം നൽകാൻ ഭരണപ്രതിപക്ഷ ഭേദമില്ലാതെ ബഹുമാന്യരായ മുഴുവൻ നിയമസഭാ സാമാജികരോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

## ഭാഗം – 2

## ഭക്ഷ്യസുരക്ഷാ പരിപാടി

18. വിലക്കയറ്റത്തിന്റെയും ഭക്ഷ്യ അരക്ഷിതാവസ്ഥയുടെയും പശ്ചാത്തലത്തിൽ കേരളം ആവിഷ്കരിച്ച ഭക്ഷ്യസുരക്ഷാപരിപാടി ആശ്വാസകരമായ അനുഭവമായി മാറുകയാണ്. 1974 - 75 ൽ 8.8 ലക്ഷം ഹെക്ടറുണ്ടായിരുന്ന കേരളത്തിലെ നെൽകൃഷി വിസ്തൃതി തുടർച്ചയായി കുറഞ്ഞ് 2007 - 08 ൽ ഏറ്റവും താഴ്ന്ന നിലയായ 2.28 ലക്ഷം ഹെക്ടറിലെത്തി. എന്നാൽ വിളവിസ്തൃതി ഇപ്പോൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

19. 2000-01 നും 2006-07 നുമിടയ്ക്കുള്ള കാലയളവിൽ നെല്ലുൽപാദനം 7.5 ലക്ഷം ടണ്ണിൽ നിന്ന് 6.4 ലക്ഷം ടണ്ണായും പാലുൽപാദനം 26 ലക്ഷം ലിറ്ററിൽ നിന്ന് 20 ലക്ഷം ലിറ്ററായും മുട്ടയുൽപാദനം 203 കോടിയിൽ നിന്ന് 120 കോടിയായും കോഴിയിറച്ചി ഉൽപാദനം 42,000 ടണ്ണിൽ നിന്ന് 28,000 ടണ്ണായും കുറഞ്ഞു. ഇതിൽ നിന്ന് വ്യത്യസ്തമായി 2008-09ൽ പാലുൽപാദനം 24.63 ലക്ഷം ലിറ്ററായും മുട്ടയുടെ ഉൽപാദനം 151 കോടി ആയും ഉയർന്നു. ഉൾനാടൻ മത്സ്യാൽപാദനം 2005 - 06 ൽ 0.78 ലക്ഷം ടണ്ണായിരുന്നത് 2008 – 09ൽ 0.84 ലക്ഷം ടണ്ണായി ഉയർന്നിട്ടുണ്ട്. ഭക്ഷ്യസ്വാശ്രയത്വത്തിന്റെ പുത്തൻ പ്രവണതകളെ

ശക്തിപ്പെടുത്തുകയാണ് 2010–11-ലെ ബജറ്റിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്ന്.

20. സർ, കാർഷിക മേഖലയുടെ അടങ്കൽ 419 കോടി രൂപയിൽ നിന്ന് 622 കോടി രൂപയായി ഉയർത്തുന്നു. 50 ശതമാനമാണ് വർദ്ധന. ഇതിൽ 130 കോടി രൂപ ഭക്ഷ്യ സുരക്ഷാ പരിപാടിയ്ക്ക് പ്രത്യേകം വകയിരുത്തുകയാണ്. കഴിഞ്ഞ വർഷം ഇത് 65 കോടി രൂപ മാത്രമായിരുന്നു. 2010-11-ൽ കേരളത്തിലെ അർഹതയുള്ള മുഴുവൻ കൃഷിക്കാർക്കും ഒരു വർഷത്തിനകം കിസാൻ ക്രെഡിറ്റ് കാർഡ് നൽകുന്നതിന് സമയബന്ധിത പരിപാടി നടപ്പാക്കും.

## നെൽകൃഷി

21. നെല്ലു സംഭരണവും മണ്ണുജല സംരക്ഷണ പ്രവർത്തനവുമടക്കം നെൽകൃഷിയ്ക്കു വേണ്ടി 500 കോടിയോളം രൂപ ചെലവഴിക്കും. തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയും സഹായധനവും, കൃഷി ഭൂമിയ്ക്ക് വിപുലമായ മണ്ണ്, ജലസംരക്ഷണ നടപടികൾ, കൃഷിച്ചെലവിന് പലിശരഹിത വായ്പ, കൃഷി ചെയ്യുമ്പോൾ വിത്ത്, വളം, പമ്പിംഗ് സബ്സിഡികൾ, കൊയ്ത്ത് കഴിഞ്ഞാൽ കേന്ദ്ര നിരക്കിനെക്കാൾ കിലോയ്ക്ക് രണ്ടര രൂപ കൂടുതൽ ഉറപ്പാക്കിക്കൊണ്ടുള്ള സംഭരണം, കൃഷി പിഴച്ചാൽ ഇൻഷ്വറൻസ് - ഇതിനപ്പുറം എന്താണ് ഒരു സർക്കാർ ചെയ്യേണ്ടത്. കൊയ്ത്ത് യന്ത്രങ്ങളുടെ ദൗർലഭ്യം പരിഹരിച്ചു. സിവിൽ സപ്ലൈസ് കോർപറേഷൻ വഴിയുള്ള സംഭരണം ഇന്നത്തെ നിലയ്ക്ക് തുടരാനും നെൽകൃഷി താരതമ്യേന കുറഞ്ഞ പ്രദേശങ്ങളിൽ സംഭരണം സഹകരണ മേഖലയെ ഏൽപ്പിക്കാനുമാണ് തീരുമാനം. ഇതിനായി സഹകരണ മേഖലയ്ക്ക് 13 കോടി രൂപ പ്രത്യേകം വകയിരുത്തുന്നു.

22. സംസ്ഥാനത്ത് തരിശുഭൂമിയിലുടനീളം നെൽകൃഷി വ്യാപിപ്പിക്കുന്നതിനോടൊപ്പം കേരളത്തിലെ നെല്ലുൽപാദനത്തിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്ന 75–80 പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് സമഗ്ര പരിപാടികൾക്ക് രൂപം നൽകുന്നതാണ്.

നെൽകൃഷി വികസനത്തിനു വേണ്ടി വിവിധ ഏജൻസികളുടെ പ്രവർത്തനം ഫലപ്രദമായി സംയോജിപ്പിച്ച് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം.

## മറ്റു വിളകൾ

23. സർ, നാളികേര വികസനത്തിന് 30 കോടി രൂപ വകയിരുത്തുന്നു. രോഗബാധിത തെങ്ങുകൾ റീപ്ലാന്റ് ചെയ്യുന്നതിന് കോക്കനട്ട് ബോർഡിന്റെ സ്കീമിനുള്ള സംസ്ഥാന സഹായവും ഇതിലുൾപ്പെടുന്നു. പുറമെ 10 കോടി രൂപ നാളികേര സംഭരണത്തിന് ഉപയോഗപ്പെടുത്തും. തെങ്ങിൻതടി സംസ്ക്കരണ വ്യവസായത്തിനും മറ്റു നാളികേര മൂല്യവർദ്ധിത വ്യവസായങ്ങൾക്കും പ്രത്യേക പ്രോത്സാഹനം നൽകും.

24. പച്ചക്കറി വികസനത്തിന് ഹോർട്ടികൾച്ചർ മിഷൻ, ആർ.കെ.വി.വൈ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ 100 കോടി രൂപയെങ്കിലും ഈ വർഷം ചെലവഴിക്കും. കാർഷിക മേഖലയിലെ മാതൃകാപരീക്ഷണങ്ങൾ വ്യാപിപ്പിക്കുന്നതിന് 15 കോടി രൂപ ആവശ്യാധിഷ്ഠിത ഫണ്ടായി വകയിരുത്തിയിട്ടുണ്ട്.

25. വരൾച്ചയും രോഗവും മൂലം കുരുമുളക് കൃഷി പ്രതിസന്ധി നേരിടുകയാണ്. ഇടുക്കി കാർഷിക പാക്കേജിന്റെ ഭാഗമായി കുരുമുളക് പുനരുദ്ധാരണ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഹോർട്ടികൾച്ചർ മിഷൻ, സ്പൈസസ് ബോർഡ്, ആർ.കെ.വി.വൈ എന്നിവ സംയോജിപ്പിച്ച് ഒരു സമഗ്ര പരിപാടിയ്ക്ക് വയനാട്ടിൽ രൂപം നൽകുന്നതാണ്. ഇതിലേയ്ക്കായി 6 കോടി രൂപ വകയിരുത്തുന്നു. അടയ്ക്കാ കർഷകർക്കും ഇതുപോലെ 10 കോടി രൂപയുടെ പാക്കേജ് തയ്യാറാക്കുന്നതാണ്.

## കാർഷിക പാക്കേജുകൾ

26. രണ്ടു വർഷത്തെ കാത്തിരിപ്പിനു ശേഷം കുട്ടനാട് പാക്കേജ് പ്രാവർത്തികമാവുകയാണ്. കേന്ദ്രാവിഷ്കൃത സ്കീമുകളുമായി ബന്ധപ്പെടുത്തി പ്രോജക്ടുകൾ അംഗീകരിക്കുന്നതിലുണ്ടായ കാലതാമസമാണ് പാക്കേജ് വൈകാൻ കാരണം. ഇതു കണക്കിലെടുത്ത് കഴിഞ്ഞ വർഷത്തെ ബജറ്റിൽ റാണി, ചിത്തിര കായൽ നിലങ്ങളുടെ പുറംബണ്ട് നിർമ്മാണത്തിനും ആലപ്പുഴ – ചേർത്തല കനാലിന്റെ നവീകരണത്തിനും കരിയാർകുറ്റി ഓരു ബണ്ടിനും അനുമതി നൽകിയിരുന്നു. ഇവയ്ക്കും സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തിയ സ്കീമുകൾക്കും വേണ്ടി 35 കോടി രൂപ ഈ വർഷം വകയിരുത്തുന്നു. ഇപ്പോൾ 30 കോടി രൂപയുടെ സ്കീമുകൾക്കാണ് കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭിച്ചത്.

27. ഇടുക്കി പാക്കേജിൽ റോഡ് നിർമ്മാണം പോലുള്ള ഇനങ്ങളൊഴികെ ബാക്കിയെല്ലാം വിവിധ കമ്മോഡിറ്റി ബോർഡുകൾ നടപ്പാക്കേണ്ട സ്കീമുകളാണ്. എന്നാൽ ഇവ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും വലിയ അമാന്തമാണ് ഉണ്ടായിരിക്കുന്നത്. ഇത് തിരുത്തിക്കുന്നതിന് അടിയന്തരമായ നടപടി സ്വീകരിക്കുന്നതാണ്.

## ജല സേചനം

28. ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും 376 കോടി രൂപ വകയിരുത്തുന്നു. ഇതിൽ സിംഹഭാഗവും വൻകിട ഇടത്തരം പ്രോജക്ടുകൾക്കാണ്. ഇവ പ്രതീക്ഷിച്ച ഫലം നൽകിയിട്ടില്ല എന്നത് ഇന്ന് എല്ലാവരും അംഗീകരിക്കുന്ന വസ്തുതയാണ്. കാലതാമസം മൂലം പദ്ധതി ചെലവിലുണ്ടായ വർദ്ധനയാണ് ഇതിന് മുഖ്യകാരണം. ഉദാഹരണത്തിന്, കാരാപ്പുഴ പ്രോജക്ട് 1978 ൽ 7.6 കോടി രൂപ മതിപ്പു ചെലവ് കണക്കാക്കി തുടങ്ങിയതാണ്. ഇതുവരെ 272 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. വീണ്ടും ഈ വർഷം 16 കോടി രൂപ വകയിരുത്തുന്നു. ഇതുപോലെയാണ് ഏതാണ്ട് എല്ലാ പ്രോജക്ടുകളുടെയും നില. ഇവയ്ക്ക് കൂടുതൽ പണം

ചെലവഴിക്കുന്നതിന് പകരം പൂർത്തീകരിച്ചടത്തോളം വെച്ച് എത്രയും പെട്ടെന്ന് അവസാനിപ്പിക്കുകയാണ് വേണ്ടത്. ഇതിനു ശേഷമേ പുതിയ ഏതെങ്കിലും പദ്ധതികളെക്കുറിച്ച് ചിന്തിക്കാവൂ. ചെറുകിട ജലസേചനത്തിന് മുമ്പത്തെക്കാൾ പ്രാധാന്യം ഈ ബജറ്റിൽ നൽകിയിട്ടുണ്ട്. മൊത്തം അടങ്കൽ 78.79 കോടി രൂപയാണ്.

29. ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ് ഈ വർഷം ഉദ്ഘാടനം ചെയ്യാനാകും എന്നെനിക്ക് ഉറപ്പുണ്ട്. ഇതൊരു റെക്കോർഡായിരിക്കും. 61 കോടി രൂപ വകയിരുത്തുന്നു.

30. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടനില കേരളത്തിൽ സൃഷ്ടിച്ചിരിക്കുന്ന ആശങ്കയുടെ ഗൗരവം കണക്കിലെടുത്ത് ഉണർന്നുപ്രവർത്തിക്കുന്നതിന് സംസ്ഥാനസർക്കാരിന് കഴിഞ്ഞിട്ടുണ്ട്. തമിഴ്നാടിന് ജലം ഉറപ്പാക്കിക്കൊണ്ടും കേരളത്തിലെ ജനങ്ങളുടെ സുരക്ഷയും താത്പര്യവും പരിഗണിച്ചുകൊണ്ടും പുതിയ അണക്കെട്ട് നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത് സംബന്ധിച്ച വിശദമായ പഠനത്തിനായി 10 കോടി രൂപ വകയിരുത്തുന്നു.

31. മണ്ണ് – ജല സംരക്ഷണത്തിനുള്ള അടങ്കൽ 27 കോടിയിൽ നിന്ന് 36 കോടിയായി ഉയർത്തുന്നു. പശ്ചിമഘട്ട വികസന പരിപാടിയ്ക്ക് 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിനിയോഗത്തിന്റെ അടിസ്ഥാനത്തിലേ കൂടുതൽ പണം പഞ്ചായത്തുകൾക്ക് അനുവദിക്കൂ. ഈ സ്കീമിന്റെ ഭാഗമായി ഒരു മാതൃകാ ജൈവവൈവിദ്ധ്യ പാർക്ക് സ്ഥാപിക്കുന്നതാണ്.

## മൃഗ പരിപാലനവും ഡയറിയും

32. മൃഗസംരക്ഷണത്തിന് വേണ്ടിയുള്ള അടങ്കൽ 74 കോടിയിൽ നിന്ന് 118 കോടി രൂപയായി ഉയർത്തുന്നു. 2006-07ൽ ഇത് 34 കോടി രൂപ മാത്രമായിരുന്നു എന്നോർക്കണം. ഈ മേഖലയ്ക്ക് സർക്കാർ നൽകുന്ന പ്രാധാന്യത്തിന്റെ തെളിവാണ് അടങ്കൽ തുകയിലെ ഈ കുതിച്ചു ചാട്ടം. മൃഗാശുപത്രികൾ, ലാബുകൾ തുടങ്ങിയവയുടെ ആധുനികവത്കരണത്തിന് 23 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പൊതു മേഖലാ

സ്ഥാപനങ്ങളുടെ ആധുനികവത്കരണത്തിന് 15 കോടി രൂപ വകയിരുത്തുന്നു. കാലിത്തീറ്റ സബ്സിഡി തുടരും. സർ, ഈ വർഷം മുതൽ കന്നുകാലികൾക്ക് ഇൻഷ്വറൻസും ഏർപ്പെടുത്തുന്നതാണ്. ഇതിന് 5 കോടി രൂപ വകയിരുത്തുന്നു.

33. ഡയറി മേഖലയ്ക്കുള്ള അടങ്കൽ 11 കോടിയിൽ നിന്ന് 22 കോടി രൂപയായി ഉയർത്തുന്നു. ഇതിൽ 10.6 കോടി രൂപ പ്രാഥമിക പാൽ സംഘങ്ങൾക്കുള്ള ധനസഹായമാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറിഫാമുകളുടെ പ്രോത്സാഹനത്തിന് 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**മത്സ്യമേഖല**

34. തീരദേശത്ത് 3000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ നടത്തുമെന്ന ആദ്യ ബജറ്റ് നിർദ്ദേശത്തെ പരിഹസിച്ചവരുടെ വായിന്നടഞ്ഞിട്ടുണ്ട്. അന്യാദൃശ്യമായ ഈ വികസന – സമാശ്വാസ പരിപാടിയുടെ പ്രധാന നേട്ടങ്ങൾ എടുത്തു പറയട്ടെ. ഏറ്റവും പ്രധാനം മത്സ്യത്തൊഴിലാളികളുടെ കടാശ്വാസമാണ്. 142 കോടി രൂപയുടെ കടങ്ങൾ ഇതിനകം എഴുതിത്തള്ളി. ലത്തീൻ കത്തോലിക്കർക്കുള്ള വിദ്യാഭ്യാസ സംവരണം രണ്ട് ശതമാനമായി ഉയർത്തി. മാത്രമല്ല, ജാതിമതഭേദമില്ലാതെ മുഴുവൻ മത്സ്യത്തൊഴിലാളി വിദ്യാർത്ഥി കളുടെയും സ്വാശ്രയ കോളെജ് ചെലവ് സർക്കാർ ഏറ്റെടുത്തു. പെൻഷനുകൾ, ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ എന്നിവ ഇരട്ടിയിലേറെ ഉയർത്തി. മത്സ്യബന്ധനത്തിന് പോകുമ്പോഴും തിരിച്ചു വരുമ്പോഴും ഉണ്ടാകുന്ന അപകടങ്ങൾക്കും അപകട ഇൻഷ്വറൻസ് ലഭ്യമാക്കി. വള്ളത്തിനും വലയ്ക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തി.

35. ഫിഷറീസ് മേഖലയിൽ ആകെ ഇതുവരെ 2505 കോടി രൂപ ചെലവഴിക്കുകയോ ഭരണാനുമതി നൽകുകയോ ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇതിൽ സുനാമി പദ്ധതികൾ 1378 കോടി രൂപ, ഹാർബർ എഞ്ചിനീയറിംഗ് 414 കോടി രൂപ, മത്സ്യഫെഡ് 125 കോടി രൂപ, ഫിഷറീസ് വകുപ്പ് 307 കോടി രൂപ, മറ്റ് വകുപ്പുകൾ 251 കോടി രൂപ

എന്നിവ ഉൾപ്പെടും. അർഹരായ മുഴുവൻ തീരദേശവാസികൾക്കും 2010 - 11ൽ വീടും വൈദ്യുതിയും ഉറപ്പാക്കും.

36. മത്സ്യമേഖലയുടെ ഉത്തമതാൽപര്യങ്ങൾ സംരക്ഷിക്കുന്ന നിയമനിർമ്മാണങ്ങൾക്ക് ഈ സഭ സാക്ഷ്യം വഹിച്ചു. കയറ്റുമതിക്കാരുടെ ക്ഷേമ പദ്ധതി വിഹിതം ഉറപ്പുവരുത്തുന്നതിനുള്ള നിയമം, വർഷകാലത്ത് മത്സ്യബന്ധനത്തിലേർപ്പെടുന്നതിന് പരമ്പരാഗത വള്ളങ്ങൾക്ക് അനുവാദം നൽകുന്ന നിയമം, കടാശ്വാസ നിയമം, നിയമസഭയിൽ അവതരിപ്പിക്കാൻ പോകുന്ന അക്വേറിയൻ പരിഷ്കരണ നിയമം എന്നിവ എടുത്തു പറയേണ്ടതാണ്. അതേസമയം ആസിയാൻ കരാർ മത്സ്യമേഖലയ്ക്കും ഭീഷണി ഉയർത്തുന്നു. പരിഗണനയിലിരിക്കുന്ന കേന്ദ്രഭക്ഷ്യ സുരക്ഷാനിയമം പാസായാൽ 60 ശതമാനം മത്സ്യത്തൊഴിലാളികൾക്ക് റേഷനുണ്ടാവില്ല നമ്മുടെ അക്വേറിയൻ പരിഷ്കരണങ്ങളെ തുരങ്കം വെയ്ക്കുന്നതാണ് കേന്ദ്ര മറൈൻ ഫിഷറീസ് ആക്ട്.

37. സർ, മത്സ്യമേഖലയുടെ അടങ്കൽ 50 കോടിയിൽ നിന്ന് 79 കോടിയായി ഉയർത്തുന്നു. ഇതിനു പുറമെ ആർ.കെ.വി.വൈയിൽ നിന്ന് 15 കോടി രൂപ അധികമായി ലഭ്യമാക്കുന്നതാണ്. ആലപ്പുഴ, എറണാകുളം ജില്ലകൾക്കു വേണ്ടിയുള്ള പ്രത്യേക സംയോജിത പാക്കേജിനായി 14 കോടി രൂപ നീക്കിവെയ്ക്കുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളായി കാസർകോട്, കണ്ണൂർ, തൃശൂർ ജില്ലകളിൽ ഇത്തരം പാക്കേജുകൾ നടപ്പാക്കിക്കഴിഞ്ഞു. തീരദേശ പൊതുസൗകര്യവികസനത്തിന് 10 കോടി രൂപയും കടാശ്വാസത്തിന് 8 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. തലായിയിലെയും കൊയിലാണ്ടിയിലെയും മത്സ്യ തുറമുഖങ്ങൾ ഈ വർഷം പൂർത്തിയാക്കും. ചെത്തി ഹാർബറിന്റെ രണ്ടാം ഘട്ടത്തിന് 2 കോടി രൂപ വകയിരുത്തുന്നു. കേന്ദ്ര അനുമതി ലഭിച്ച ചെറുവത്തൂരിലെയും ചേറ്റുവയിലെയും ഫിഷിംഗ് ഹാർബറുകൾക്ക് 25 ലക്ഷം രൂപ വീതം വകയിരുത്തുന്നു. കടൽഭിത്തി നിർമ്മാണത്തിന്റെ അടങ്കൽ 43 കോടി രൂപയാണ്. ഫിഷറീസ് റോഡുകൾക്ക് 25 കോടി രൂപ വകയിരുത്തുന്നു.

## കാർഷിക ഗവേഷണവും എക്സ്ടെൻഷൻ പ്രവർത്തനവും

38. എക്സ്ടെൻഷൻ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന ഈ ബജറ്റിൽ നൽകിയിട്ടുണ്ട്. ഏതാണ്ട് 25 കോടി രൂപയാണ് വിവിധ ഇനങ്ങളിലായി വകയിരുത്തിയിട്ടുള്ളത്.

39. കേരള കാർഷിക സർവകലാശാലയ്ക്ക് കേരളത്തിന്റെ കാർഷിക കുതിപ്പിൽ നിർണായക പങ്കു വഹിക്കാനുണ്ട്. കാർഷിക പഠനത്തിനും ഗവേഷണത്തിനുമായുള്ള അടങ്കൽ 32 കോടിയിൽ നിന്ന് 51 കോടിയായി ഉയർത്തുന്നു. കാർഷിക പരിശീലനം നേടിയവരും വൊക്കേഷണൽ ഹയർ സെക്കന്ററി കഴിഞ്ഞവരുമായ തൊഴിലില്ലാത്ത യുവതീയുവാക്കളെ കാർഷിക സർവകലാശാലയുമായി ബന്ധപ്പെടുത്തി എക്സ്ടെൻഷൻ പ്രവർത്തനം ഊർജിതമാക്കും. ആത്മ സ്കീമിൽ നിന്ന് 5 കോടി രൂപ എക്സ്ടെൻഷൻ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള എക്സ്ടെൻഷൻ പ്രവർത്തനത്തിന് കാർഷിക സർവകലാശാലയ്ക്ക് 1 കോടി രൂപ പ്രത്യേകം അനുവദിക്കുന്നു.

40. കാർഷിക സർവകലാശാലയിൽ കാലാവസ്ഥാ വ്യതിയാന പഠനങ്ങൾക്ക് പുതിയ ബിരുദാനന്തരബിരുദ കോഴ്സ് ആരംഭിക്കുന്നതാണ്. പൂക്കോട്ട് വെറ്റിനറി കോളെജിനും പനങ്ങാട് ഫിഷറീസ് കോളെജിനും ഓരോ കോടി രൂപ വീതം വകയിരുത്തുന്നു. കാർഷിക കോളെജിലെ വനിതാ ഹോസ്റ്റൽ, പിജി ബ്ലോക്ക്, പഠനകേന്ദ്രം എന്നിവയ്ക്കായി 4.5 കോടി രൂപ പ്രത്യേകം വകയിരുത്തുന്നു.

## പരിസ്ഥിതി സംരക്ഷണവും വനവും

41. കൃഷിയെയും വനത്തെയും വിപരീതങ്ങളായി കാണുന്ന വീക്ഷണത്തിന് ഒരു സാധുതയുമില്ല. കേരളത്തിലെ വനശോഷണം തുടർന്നാൽ നമ്മുടെ ജലപംക്രമണത്തിലും കൃഷിയിലും അപരിഹാര്യമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും. സർ, അതുകൊണ്ടാണ് കാർഷിക മേഖലയുടെ തുടർച്ചയായി വനം പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ആമുഖമായി പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല.

ഉണ്ടാകും. സർ, അതുകൊണ്ടാണ് കാർഷിക മേഖലയുടെ തുടർച്ചയായി വനം പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ആമുഖമായി പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല.

42. വനത്തിനും വന്യജീവി സംരക്ഷണത്തിനുമായി പദ്ധതിയിൽ 63 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമെ കേന്ദ്രാവിഷ്കൃത സ്കീമുകൾ വഴി 25 കോടി രൂപയെങ്കിലും അധികമായി ലഭ്യമാക്കും.

43. സ്കൂൾ വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട് 1.25 കോടി മരങ്ങൾ വെച്ചുപിടിപ്പിച്ചതിന് കേരളത്തിന് ഇന്ദിരാ പ്രിയദർശനി വൃക്ഷമിത്ര അവാർഡ് ലഭിക്കുകയുണ്ടായി. ഇന്നും കേരളത്തിന്റെ 29 ശതമാനം വനഭൂമിയാണ്. എന്നാൽ പതിമൂന്നാം ധനകാര്യ കമ്മിഷൻ ഗ്രീൻ ഡിവിഡന്റായി നീക്കിവെച്ച 625 കോടി രൂപയിൽ നിന്ന് 17 കോടി രൂപ അതായത് 2.7 ശതമാനമേ കേരളത്തിനുള്ളൂ.

## ഭാഗം - 3

## പരമ്പരാഗത മേഖലകളുടെ സംരക്ഷണം

44. ചെറുകിട, പരമ്പരാഗത വ്യവസായങ്ങൾക്ക് 246 കോടി രൂപ വകയിരുത്തുന്നു. 2005 - 06ൽ ഇത് 77.18 കോടി രൂപ മാത്രമായിരുന്നു. കാർഷിക മേഖല പോലെ തന്നെ കേരളത്തിലെ പാവങ്ങൾ ഉപജീവനത്തിന് ആശ്രയിക്കുന്ന മേഖലയാണ് പരമ്പരാഗത വ്യവസായം. ഇവിടെ പണിയെടുക്കുന്നവരുടെ തൊഴിലും വരുമാനവും സംരക്ഷിച്ചു കൊണ്ടു മാത്രമേ, ഐടി, ടൂറിസം തുടങ്ങിയ ആധുനിക വളർച്ചാ മേഖലകളിലേയ്ക്കുള്ള ചുവടുമാറ്റത്തിന് സാമൂഹികാംഗീകാരം നേടാനാവൂ.

### കയർ വ്യവസായം

45. 2001 - 02 മുതൽ 2005 – 06 വരെയുള്ള കാലയളവിൽ പ്രതിവർഷം 23 കോടി രൂപ വീതമാണ് കയർ വ്യവസായത്തിൽ മുതൽമുടക്കിയത്. എന്നാൽ കഴിഞ്ഞ നാലു വർഷം ശരാശരി പൊതുനിക്ഷേപം 53 കോടി രൂപ ആയിരുന്നു. സർ, കയർ വർഷമായി ആചരിക്കുന്ന 2010 - 11ൽ

എന്നിവയ്ക്കാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. കയർ സഹകരണ സംഘങ്ങൾക്ക് 10 കോടി രൂപയും കയർ ഫെഡിന് 7 കോടി രൂപയും വകയിരുത്തുന്നു. കയർ ഉൽപന്നങ്ങളുടെ ന്യായവില ഉറപ്പു വരുത്തുന്നത് 10 കോടി രൂപയുടെ വില സ്ഥിരതാ ഫണ്ടിന് രൂപം നൽകുന്നു.

## കശുവണ്ടി

46. 2001 – 02 മുതൽ 2005 – 06 വരെയുള്ള കാലയളവിൽ ശരാശരി 15 കോടിയിൽ താഴെയാണ് കശുവണ്ടി വ്യവസായത്തിന് വകയിരുത്തിയിരുന്നത്. എന്നാൽ കഴിഞ്ഞ നാലു വർഷം ഇത് 39 കോടി രൂപയായി ഉയർന്നു. ഈ ബജറ്റിൽ കശുവണ്ടി വ്യവസായത്തിന് 52 കോടി രൂപ നീക്കിവെയ്ക്കുന്നു. ഇതിലേറ്റവും പ്രധാനം കശുവണ്ടി സംഭരണത്തിനുള്ള 25 കോടി രൂപയാണ്. കശുവണ്ടി തൊഴിലാളികളുടെ 2006 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശിക സർക്കാർ ഏറ്റെടുക്കുകയാണ്.

## കൈത്തറി

47. കൈത്തറി വ്യവസായത്തിന് 2001 - 05 കാലയളവിൽ പ്രതിവർഷം ശരാശരി 28 കോടി രൂപ വീതമാണ് വകയിരുത്തിയിരുന്നത്. എന്നാൽ കഴിഞ്ഞ നാലുവർഷത്തെ ശരാശരി 46 കോടി രൂപയാണ്. ഈ ബജറ്റിൽ അത് 57 കോടി രൂപയായി ഉയർത്തുന്നു. ഹാൻടെക്സിന്റെയും ഹാൻവീവിന്റെയും പുനരുദ്ധാരണപ്പാക്കേജ് ഈ വർഷം നടപ്പാക്കും. ഇവയുടെ ഓഹരി മൂലധനത്തിലേയ്ക്ക് 10 കോടി രൂപ വകയിരുത്തുന്നു.

48. ടെക്സ് ഫെഡിന്റെയും ടെക്സ്റ്റൈൽ കോർപറേഷന്റെയും കീഴിലുള്ള മില്ലുകളുടെ സഞ്ചിത നഷ്ടം ഏതാണ്ട് 100 കോടി രൂപ വരും. എന്നാലിപ്പോൾ മൊത്തത്തിൽ നഷ്ടമില്ലാത്ത നിലയിലേയ്ക്ക് മില്ലുകൾ

മാറിയിട്ടുണ്ട്. മില്ലുകളുടെ നവീകരണത്തിന് പുറമെ, ഈ മേഖലയിൽ സ്വീകരിച്ച ഏറ്റവും സുപ്രധാനമായ നടപടി പൊതു റോ മെറ്റീരിയൽ ബാങ്ക് സൃഷ്ടിച്ചതാണ്. ഇതിലൂടെ 10 ശതമാനമെങ്കിലും ചെലവ് കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹാൻഡ്‌ലൂം ആന്റ് ടെക്സ്റ്റൈൽ ടെക്നോളജിക്ക് 50 ലക്ഷം രൂപ വകയിരുത്തുന്നു.

## മറ്റ് വ്യവസായങ്ങൾ

49. കരകൗശലത്തിന് 2.3 കോടി രൂപയും ഖാദി വ്യവസായങ്ങൾക്ക് 8.8 കോടി രൂപയും സെറി കൾച്ചറിന് 3.5 കോടി രൂപയും വകയിരുത്തുന്നു. ദിനേശ് ബീഡിക്ക് കഴിഞ്ഞ വർഷം പ്രഖ്യാപിച്ച പ്രത്യേക റിട്ടയർമെന്റ് പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. കെൽപാമിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

## ചെറുകിട വ്യവസായങ്ങൾ

50. ചെറുകിട വ്യവസായത്തിന് നാമമാത്രമായ തുകയാണ് പദ്ധതിയിൽ വകയിരുത്താറുള്ളത്. 2007-08 ൽ പോലും ഇത് 6 കോടി രൂപ മാത്രമായിരുന്നു. ഈ ബജറ്റിൽ 40 കോടി രൂപ വകയിരുത്തുകയാണ്. ഇതിൽ 6 കോടി രൂപ ചെറുകിട തൊഴിൽ സംരംഭകർക്കുള്ള സീഡ് കാപ്പിറ്റൽ വായ്പയാണ്. സംസ്ഥാന നിക്ഷേപ സബ്സിഡിയ്ക്ക് 8 കോടി രൂപ വകയിരുത്തുന്നു.

51. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും സിഡ്കോയുടെയും കീഴിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് 5 കോടി രൂപ വകയിരുത്തുന്നു. തൃശൂരിൽ ഒരു ബഹുനില ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പണിയുന്നതിനായി 15 കോടി വകയിരുത്തുന്നു. ഈ സമ്പ്രദായത്തിൽ ശരാശരി 60,000 ചതുരശ്ര അടി വിസ്തീർണമുള്ള 50 വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള സ്കീം കിൻഫ്ര നടപ്പാക്കുന്നതാണ്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെയും വ്യവസായ വകുപ്പിലെയും ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ടായിരിക്കും ഈ സ്കീം നടപ്പാക്കുക. സൗജന്യമായി സ്ഥലം ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ പ്രത്യേക പരിഗണന

നൽകും. ഈ സ്കീമിന്റെ അടങ്കൽ 250 കോടിയാണ്. പഴങ്ങളുടെയും പച്ചക്കറികളുടെയും സംസ്ക്കരണ യൂണിറ്റുകൾക്ക് പ്രത്യേക പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നു. നികുതിയിളവ് സാധ്യമല്ല ആയതിനാൽ അച്ചാർ, ജാം, ജ്യൂസ്, സ്ക്വാഷ്, ജെല്ലി എന്നീ ഉൽപന്നങ്ങളുടെ കേരളത്തിൽ നിന്നുള്ള വാർഷിക വിറ്റുവരവിന്റെ അഞ്ച് ശതമാനമായിരിക്കും സബ്സിഡി.

## കേരള ഫിനാൻഷ്യൽ കോർപറേഷൻ

52. ചെറുകിട വ്യവസായങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള ഏജൻസിയാണ് കേരള ഫിനാൻഷ്യൽ കോർപറേഷൻ. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പുനസംഘടന പൂർത്തിയായി. 2009 - 10ൽ 400 കോടി രൂപ കെഎഫ്സി വായ്പ നൽകിയിട്ടുണ്ട്. പലിശ 10 ശതമാനമായി കുറച്ചിട്ടുണ്ട്. കെഎഫ്സിയുടെ വിപുലീകരണം ലക്ഷ്യമിട്ടുകൊണ്ട് സിഡ്ബിയിൽ നിന്ന് സ്വതന്ത്രമായ ബാങ്കേതര ധനകാര്യ സ്ഥാപനമായി ഉയർത്തുന്നതിനെക്കുറിച്ച് ഗൗരവമായ ചർച്ചകൾ നടന്നു കൊണ്ടിരിക്കുകയാണ്. 2010-11 ൽ 750 കോടി രൂപ വായ്പ നൽകുന്നതിനാണ് കെഎഫ്സി ലക്ഷ്യമിടുന്നത്.

## കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

53. കെഎസ്എഫ്ഇയുടെ വിസ്മയകരമായ വളർച്ച 2009 - 10ലും തുടർന്നു. 2011-ൽ 10000 കോടി രൂപയുടെ ബിസിനസ് ടേൺ ഓവർ ലക്ഷ്യമിട്ടിരുന്നത് ഇതിനകം കൈവരിച്ചു കഴിഞ്ഞു. 2010 - 11ലെ ഏറ്റവും സുപ്രധാനമായ നടപടി വിദേശ രാജ്യങ്ങളിൽ ചിട്ടി നടത്തുന്നതിന് ഒരു സബ്സിഡിയറി രൂപീകരിക്കലാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. 2010-11ൽ പ്രതിമാസ ചിട്ടി ലക്ഷ്യം 600 കോടി രൂപയാണ്. കെഎസ്എഫ്ഇ ജീവനക്കാർക്കു വേണ്ടി ഒരു കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി ആരംഭിക്കുന്നതാണ്.

54. കഴിഞ്ഞ മൂന്നു വർഷമായി കെഎസ്എഫ്ഇ പ്രതിവർഷം 40 – 50 ബ്രാഞ്ചുകൾ ആണ് ആരംഭിക്കുന്നത്. ഈ വർഷം താഴെപ്പറയുന്ന 50 ബ്രാഞ്ചുകൾ ആരംഭിക്കും. ബാലരാമപുരം (സായാഹ്നം), നന്തൻകോട്, ആര്യനാട്, ഉള്ളൂർ, കഠിനംകുളം, തിരുമല, ആയൂർ, വാളകം, വവ്വാക്കാവ്, ചിറ്റാർ, പഴകുളം, മയ്യനാട്, കായംകുളം II, വൈക്കം ടോൾ ജംഗ്ഷൻ, രാമപുരം, കുറുപ്പന്തറ, വാഴൂർ, വണ്ണപ്പുറം, രാജകുമാരി, ആദിക്കാട്ട് കുളങ്ങര, ഡാണാപ്പടി, പുന്നപ്ര, ചേർത്തല (സായാഹ്നം), വരാപ്പുഴ, തൃപ്പൂണിത്തുറ (സായാഹ്നം), കിഴക്കമ്പലം, പെരുമ്പാവൂർ II, മൂക്കന്നൂർ, പുത്തൻവേലിക്കര, ആരക്കുന്ന്, ചാലക്കുടി II, കാഞ്ഞാണി, പുന്നയൂർക്കുളം, തിരുവില്വാമല, ചന്ദ്രനഗർ, വാണിയംകുളം, അലനെല്ലൂർ, മാങ്കാവ്, അരത്താളി, പാണ്ടിക്കാട്, മങ്കട, കടുങ്ങാത്ത് കുണ്ട്, മേപ്പയൂർ, പനമരം, തരുവണ്ണ, പുതുപ്പാടി, പയ്യാവൂർ, പിലാത്തറ, കാസർകോട് (സായാഹ്നം), ഉദുമ എന്നിവയാണ് അവ.

## ഭാഗം – 4

## ആധുനിക വളർച്ചാ മേഖലകൾ

### വൻകിട വ്യവസായങ്ങൾ

55. പരമ്പരാഗത മേഖലകളെ സംരക്ഷിച്ചാൽ മാത്രം പോര, അഭ്യസ്തവിദ്യരായ പുതിയ തലമുറയുടെ പ്രതീക്ഷകൾക്ക് അനുസൃതമായ തൊഴിലവസരങ്ങളും സൃഷ്ടിക്കണം. കേരളത്തിന് കൂടുതൽ അനുയോജ്യവും അതിവേഗം വളരുന്നതുമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ഇതിനുള്ള മാർഗം. പതിനൊന്നാം പദ്ധതിയുടെ അടങ്കൽ പരിശോധിച്ചാൽ ഈ ചുവടുമാറ്റം കൃത്യമായി കാണാം. വൻകിട വ്യവസായം, ടൂറിസം, ഐടി മേഖലകളുടെ പദ്ധതി അടങ്കൽ, 2001 – 02 മുതൽ 2005 – 06 വരെ 208 കോടി രൂപയായിരുന്നത് കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ശരാശരി 338 കോടി രൂപയായി ഉയർന്നു. 2010 – 11 ൽ ഈ മേഖലകളുടെ അടങ്കൽ 412 കോടി രൂപയാണ്.

56. സർ, ഇനി അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ കൂടി ലാഭകരമാക്കാൻ കഴിഞ്ഞാൽ എല്ലാ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും ലാഭകരമായി പ്രവർത്തിക്കുന്ന സംസ്ഥാനമെന്ന അപൂർവ നേട്ടം കേരളം കൈവരിക്കും. സർ, ഈ നേട്ടം ഈ വർഷം കൈവരിക്കുക തന്നെ ചെയ്യും. 2005-06ൽ 70 കോടി രൂപ നഷ്ടമുണ്ടാക്കിക്കൊണ്ടിരുന്ന പൊതുമേഖല 2009-10-ൽ 200 കോടിയിലേറെ രൂപ ലാഭമുണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുപയോഗപ്പെടുത്തി നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലപ്പെടുത്തുന്നതിനും പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും തീരുമാനിക്കുന്നു. ഇതിനായി പൊതുമേഖല സ്ഥാപനങ്ങളുടെ മിച്ചഫണ്ട് നിക്ഷേപ നയത്തിൽ സുപ്രധാനമായ മാറ്റം പ്രഖ്യാപിക്കുകയാണ്.

*i)* ഡിവിഡന്റ് സർക്കാരിന് നൽകിയ ശേഷവും കാഷ് സർപ്ലസ് ഉള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ മിച്ച ഫണ്ടിൽ നിന്ന് ഓഹരി മൂലധനത്തിന്റെ 20 ശതമാനം വരെയുള്ള തുക സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഫാക്ടറിയുടെ നവീകരണത്തിനും വിപുലീകരണത്തിനും വേണ്ടി മുതൽമുടക്കാം.

*ii)* പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ മിച്ചഫണ്ട് താഴെ ഖണ്ഡികയിൽ പറയുന്ന പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വിപുലീകരണത്തിനും വേണ്ടി ഷെയറോ വായ്പയോ ആയി മുതൽ മുടക്കുന്നതിനും അനുവാദം നൽകുന്നു.

57. സർ, ഈ വർഷം 125 കോടി രൂപ മുതൽമുടക്കിൽ 8 പൊതുമേഖലാ സ്ഥാപനങ്ങൾ പുതുതായി സ്ഥാപിക്കുന്നതാണ്. ഇവയിൽ ചിലത് ഒറ്റവർഷം കൊണ്ട് കമ്മിഷൻ ചെയ്യണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. വ്യവസായ വകുപ്പിന്റെ തൊപ്പിയിലെ ഏറ്റവും തിളക്കമാർന്ന പൊൻതൂവലായിരിക്കും ഈ നേട്ടം.

*i)* കോമളപുരം ഹൈടെക് സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ ( 36 കോടി)

*ii)* കണ്ണൂർ ഹൈടെക് നെയ്ത്ത് ഫാക്ടറി (20 കോടി )

*iii)* കാസർകോട് പുതിയ ടെക്സ്റ്റൈൽ മിൽ (16 കോടി)

*iv)* ട്രാക്കോ കേബിളിന്റെ കണ്ണൂർ യൂണിറ്റ് (12 കോടി)

*v)* സിഡ്കോയുടെ കോഴിക്കോട്ടെ ടൂൾ റൂം (12 കോടി)

*vi)* കുറ്റിപ്പുറത്തെ കെൽട്രോൺ യൂണിറ്റ് (12 കോടി)

*vii)* ഷൊർണൂരിൽ പുതിയ ഫോർജിംഗ് യൂണിറ്റ് (12 കോടി)

*viii)* പാലക്കാട് യുണൈറ്റഡ് ഇലക്ട്രിക്കൽസിന്റെ മീറ്റർ ഫാക്ടറി (5 കോടി)

58. ഗാർമെന്റ് വ്യവസായം ഇപ്പോൾ കേന്ദ്രീകരിച്ച പാർക്കുകളിലാണ്. കേരളത്തിന് കൂടുതൽ അനുയോജ്യം പ്രാദേശിക പാർക്കുകളായിരിക്കും. കിൻഫ്ര ഇതിനായി 25 കോടി രൂപ ചെലവിടുന്നതാണ്. ഇത്തരത്തിൽ സ്ഥാപിക്കുന്ന പുതിയ പാർക്കുകളിലെ തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനുള്ള ചെലവിന് ആളൊന്നിന് 5000 രൂപ വീതം സർക്കാർ സബ്സിഡി നൽകുന്നതാണ്. ഇതിന് 5 കോടി രൂപ സർക്കാർ വകയിരുത്തുന്നു.

59. വ്യവസായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 55 കോടി രൂപ വകയിരുത്തുന്നു. നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണ പ്രവർത്തനങ്ങളുടെ ചെലവ് 275 കോടി രൂപയാണ്.

*i)* കെ.എം.എം.എൽ നവീകരണം (100 കോടി)

*ii)* ഓട്ടോ കാസ്റ്റിൽ സ്റ്റീൽ കാസ്റ്റിംഗ് ലൈൻ (10 കോടി)

*iii)* കെഎസ്ഡിപിയുടെ സമ്പൂർണ നവീകരണവും പുതിയ പ്രൊഡക്ഷൻ ലൈനും (34 കോടി)

*iv)* കേരള സോപ്സിൽ പുതിയ പ്രൊഡക്ഷൻ യൂണിറ്റ് (5 കോടി )

*v)* തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ കപ്പാസിറ്റി ഇരട്ടിയാക്കൽ (5 കോടി)

*vi)* ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ നവീകരണം (25 കോടി)

*vii)* ട്രാവൻകൂർ – കൊച്ചിൻ കെമിക്കൽസ് നവീകരണം (51 കോടി)

*viii)* മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ കപ്പാസിറ്റി ഇരട്ടിയാക്കൽ (15 കോടി)

*ix)* കെല്ലിന്റെ നവീകരണം ( 30 കോടി )

60. വ്യവസായ വികസനത്തിനുള്ള സർക്കാരിന്റെ മുഖ്യ ഏജൻസി കെഎസ്ഐഡിസിയാണ്. നടപ്പുവർഷം കെഎസ്ഐഡിസിയുടെ വ്യവസായ വായ്പാപദ്ധതി വിപുലീകരിക്കുന്നതിന് ഊന്നൽ നൽകും. കഴക്കൂട്ടം ലൈഫ് സയൻസ് പാർക്ക്, കൊല്ലം ടൈറ്റാനിയം കോംപ്ലക്സ്, ചീമേനി താപവൈദ്യുത നിലയം, കിനാലൂർ ഫുട്‌വെയർ പാർക്ക്, സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട്, ഫാക്ട് കാമ്പസിലെ അന്തർദേശീയ എക്സിബിഷൻ പവലിയൻ എന്നിവയുൾപ്പെടെ ഏറ്റെടുത്തിട്ടുള്ള മെഗാ പ്രോജക്ടുകൾക്കു വേണ്ടി 55 കോടി രൂപ വകയിരുത്തുന്നു.

61. വിദേശ മലയാളികളുടെ പണം വ്യവസായ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി സ്ഥാപിച്ച സംയുക്ത സംരംഭമായ ഇൻകലിൽ സംസ്ഥാന സർക്കാരിന് 26 ശതമാനം ഓഹരിയുണ്ട്. എന്നാൽ ചില കാരണങ്ങളാൽ പ്രതീക്ഷിച്ച വേഗതയിൽ പ്രവർത്തനങ്ങൾ പുരോഗമിച്ചില്ല. ഈ ദൗർബല്യങ്ങൾ പരിഹരിച്ച് ചില സംരംഭങ്ങളുടെ നിർമ്മാണ പ്രവർത്തനം നടപ്പുവർഷത്തിൽ ആരംഭിക്കും. 15ഓളം വിശദമായ പ്രോജക്ട് റിപ്പോർട്ടുകളാണ് തയ്യാറായി വരുന്നത്. ഇതിലേയ്ക്കായി 3 കോടി രൂപ വകയിരുത്തുന്നു.

**ഐ.ടി.**

62. ഐടി വകുപ്പിന്റെ അടങ്കൽ 86 കോടി രൂപയിൽ നിന്ന് 153 കോടി രൂപയായി ഉയർത്തുന്നു – 77 ശതമാനം വർദ്ധന. കേരള സംസ്ഥാന ഐടി മിഷന് 29 കോടി രൂപയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റിന് 6.8 കോടി രൂപയും ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ സോഫ്റ്റ്‌വെയറിന് 1.50 കോടി രൂപയും വകയിരുത്തുന്നു. കേന്ദ്രസർക്കാർ സഹായത്തോടെ തിരുവനന്തപുരത്ത് ഐസിടി അക്കാദമി സ്ഥാപിക്കുന്നതാണ്.

63. തിരുവനന്തപുരത്തും കൊച്ചിയിലുമുള്ള ഐടി പാർക്കുകൾ, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിലെ സൈബർ പാർക്ക്, കൊച്ചിയിലെ ഇൻഫോ പാർക്ക് എന്നിവയുടെ വികസനത്തിനു വേണ്ടി 70 കോടി നീക്കിവെയ്ക്കുന്നു. കോഴിക്കോട്, ചേർത്തല, അമ്പലപ്പുഴ, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിൽ ആരംഭിച്ച വിവിധ പാർക്കുകൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കമ്പനിക്ക് 20 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാന ഡാറ്റാ സെന്ററിന്റെയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ നെറ്റ്‌വർക്ക് ഓപ്പറേഷൻ സെന്ററുകളുടെയും വികസനത്തിനായി 22 കോടി വകയിരുത്തുന്നു. 2010 - 11ൽ കാക്കനാട്ടെ 5.5 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള അതുല്യ ഇൻഫോ പാർക്ക്, ചേർത്തലയിലെ ഇൻഫോ പാർക്ക്, കോട്ടയത്തെ ടെക്നോപാർക്ക്, കൊരട്ടിയിലെ ഇൻഫോപാർക്ക് രണ്ടാംഘട്ടം എന്നിവ പൂർത്തിയാക്കും.

64. കൊച്ചിയിലെ സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കുക തന്നെ ചെയ്യും. ദൗർഭാഗ്യവശാൽ പദ്ധതി അനിശ്ചിതമായി നീളുകയാണ്. കരാറിലില്ലാത്ത അവകാശങ്ങൾ ടീകോം ഉന്നയിച്ചതാണ് കാരണം. ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകാൻ ഉതകുന്ന ഒരു ഐടി പദ്ധതിയ്ക്ക് ഇൻഫോ പാർക്ക് മുൻകൈയെടുക്കും. ഇതിനകം 150 ഏക്കർ സ്ഥലം ഈ മാസത്തോടെ ഏറ്റെടുത്തു കഴിയും. വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യത്തിലെന്ന പോലെ രണ്ട് ഘട്ടമായി ഇത് നടപ്പാക്കും. ഒന്നാം ഘട്ട പ്രവർത്തനം

ഇൻഫോപാർക്ക് തന്നെ നേരിട്ട് നടത്തും. ഇതിന് തുടക്കം കുറിക്കാനായി 50 കോടി രൂപ വകയിരുത്തുന്നു. രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് സിയാലിന്റെയോ വിഴിഞ്ഞത്തിന്റെയോ മാതൃകയിൽ ഉചിതമായ ബിസിനസ് മോഡൽ രൂപപ്പെടുത്തുന്നതാണ്.

## ടൂറിസം

65. ടൂറിസം വ്യവസായം അതിവേഗം മാന്ദ്യത്തിൽ നിന്ന് കരകയറുകയാണ്. ഉത്തേജക പാക്കേജിന്റെ ഭാഗമായി ഏകദേശം 250 കോടി രൂപയുടെ ടൂറിസം റോഡുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. ഇവ പൂർത്തിയാകുന്നതോടെ ടൂറിസം കേന്ദ്രങ്ങളിലെ നിക്ഷേപം ഗണ്യമായി ഉയരും. ടൂറിസം മേഖലയുടെ അടങ്കൽ 90 കോടി രൂപയിൽ നിന്ന് 100 കോടി രൂപയായി ഉയർത്തുന്നു. ടൂറിസം മേഖലയിൽ ഏറ്റവും കൂടുതൽ തുക നീക്കി വെയ്ക്കുന്നത് വിപണനത്തിനാണ് – 25 കോടി രൂപ. സ്വകാര്യ നിക്ഷേപത്തിന് സബ്സിഡി നൽകുന്നതിന് 6 കോടി വകയിരുത്തുന്നു.

66. മുസിരിസ് പൈതൃക പ്രോജക്ടിന്റെ ഒന്നാം ഘട്ടം 2010 - 11ൽ പൂർത്തീകരിക്കും. ടൂറിസം വ്യവസായത്തിന് മാത്രമല്ല അക്കാദമിക് രംഗത്തും പൈതൃക സംരക്ഷണ മേഖലയിലും വലിയ താൽപര്യമാണ് ഈ പ്രോജക്ട് സൃഷ്ടിച്ചിട്ടുള്ളത്. നൂറോളം വരുന്ന മ്യൂസിയങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൾ, അമ്പലങ്ങൾ, പള്ളികൾ, സിനഗോഗുകൾ, മറ്റു ചരിത്രസ്മാരകങ്ങൾ, പരമ്പരാഗത ആഴ്ചച്ചന്തകൾ തുടങ്ങിയവയെ ബന്ധപ്പെടുത്തുന്ന ഉല്ലാസ പഠന ടൂറാണ് ഈ പ്രോജക്ട്. വിവിധ സ്മാരകങ്ങളെ ബന്ധിപ്പിക്കുന്നതിന് മുഖ്യമായും ജലഗതാഗതത്തെയാണ് ഉപയോഗപ്പെടുത്തുന്നത്. പ്രത്യേക റോഡ് ശൃംഖലയുമുണ്ടാകും. ഇതിന് രണ്ടിനും വേണ്ടി ഏതാണ്ട് 25 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. കോട്ടപ്പുറം കോട്ട, പട്ടണം എന്നിവിടങ്ങളിലെ ഉത്ഖനനം ഊർജിതമായി നടക്കുന്നു. മ്യൂസിയങ്ങളുടെ നിർമ്മാണം 2010 - 11ൽ ആരംഭിക്കും. പട്ടണം ഉത്ഖനനത്തിന് കെസിഎച്ച്ആറിന് 1 കോടി രൂപയും കോട്ടപ്പുറം

കോട്ട, പള്ളിപ്പുറം കോട്ട, ചേരമാൻ പറമ്പ് ഉത്ഖനനത്തിന് ആർക്കിയോളജി വകുപ്പിന് 1 കോടി രൂപയും വിവേ ഭൂപടങ്ങൾ തയ്യാറാക്കുന്നതിന് ഐകെഎമ്മിന് 50 ലക്ഷം രൂപയും വകയിരുത്തുന്നു. കുട്ടികൾക്കുള്ള 50 ചരിത്രഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 50 ലക്ഷം രൂപയും മുസിരിസ് പരിശീലന പരിപാടികൾക്ക് ഹെറിറ്റേജ് സെന്ററിന് 50 ലക്ഷം രൂപയും ബോട്ടുകളുടെ നിർമ്മാണത്തിന് 50 ലക്ഷം രൂപയും മ്യൂസിയങ്ങൾക്കും മറ്റു പ്രാരംഭ ചെലവുകൾക്കും വേണ്ടി 6 കോടി രൂപയും വകയിരുത്തുന്നു.

67. മുസിരിസ് മാതൃകയിൽ തലശേരി കേന്ദ്രമാക്കി 100 കോടി രൂപയുടെ പൈതൃക സംരക്ഷണ പ്രോജക്ടിന് രൂപം നൽകുന്നതാണ്. തലശേരിയിലെ ചരിത്രസ്മാരകങ്ങൾക്ക് പുറമെ, മുഴപ്പിലങ്ങാട് ബീച്ച്, ധർമ്മടം തുരുത്ത്, കണ്ണൂർ കോട്ട, അറയ്ക്കൽ കൊട്ടാരം എന്നിവയെല്ലാം ഉൾക്കൊള്ളുന്നതായിരിക്കും പൈതൃക പദ്ധതി. പ്രോജക്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കു വേണ്ടി 5 കോടി രൂപ അധികമായി വകയിരുത്തുന്നു. ഇതേ മാതൃകയിൽ ആലപ്പുഴയിലും വയനാടും മെഗാ ടൂറിസം പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വേണ്ടി 25 ലക്ഷം രൂപ വകയിരുത്തുന്നു.

## വാണിജ്യം

68. വാണിജ്യത്തിന് വികസന പദ്ധതിയിൽ ഇടംനൽകിയത് ഈ സർക്കാരാണ്. ഊർജസ്വലമായ വാണിജ്യമേഖല വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും നികുതി വരുമാനം ഉയർത്തുകയും ചെയ്യും. അതോടൊപ്പം വാണിജ്യവികസനത്തെ ആഭ്യന്തര ഉൽപാദന മേഖലകളുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞാൽ, അത് സാമ്പത്തിക വളർച്ചയുടെ ആക്കം കൂട്ടും. കേരളത്തെ ഒരു ഷോപ്പിംഗ് ഡെസ്റ്റിനേഷനാക്കി മാറ്റുകയാണ് ലക്ഷ്യം. ചിലർ ധരിക്കുന്നതു പോലെ നാട്ടുകാരെക്കൊണ്ട് കൂടുതൽ ഉൽപന്നങ്ങൾ വാങ്ങിപ്പിക്കുകയല്ല ലക്ഷ്യം. എന്നാൽ കേരളത്തിൽ നിന്നു തന്നെ കൂടുതൽ ഉൽപന്നങ്ങൾ വാങ്ങുന്നതിന് കേരളീയരെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. വിദേശ -

ആഭ്യന്തര ടൂറിസവുമായും ഷോപ്പിംഗിനെ ബന്ധപ്പെടുത്താം. ഇത് ലക്ഷ്യമിട്ടുകൊണ്ടാണ് ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തുന്നത്. 2015 ആകുമ്പോഴേയ്ക്കും ലോകമെങ്ങും അറിയപ്പെടുന്നൊരു മേളയായി ഇതിനെ മാറ്റാനാകും. ഇത്തരത്തിലുള്ള ദീർഘകാല കാഴ്ചപ്പാടോടെയാണ് ഷോപ്പിംഗ് ഫെസ്റ്റിവൽ ആവിഷ്കരിച്ചിട്ടുള്ളത്. ഇതിലേയ്ക്കായി 25 കോടി രൂപ വകയിരുത്തുന്നു.

69. വാണിജ്യമേഖലയുടെ ആസൂത്രിത വികസനം ഉറപ്പുവരുത്തുന്നതിന് കേരള വാണിജ്യ മിഷൻ രൂപീകരിക്കുന്നതാണ്. വ്യവസായ വകുപ്പിൽ നിന്ന് പുനർവിന്യാസത്തിലൂടെ ജീവനക്കാരെ കണ്ടെത്തണം. ഇന്ത്യയിൽ ആദ്യമായി വാണിജ്യസംരംഭകത്വ പരിശീലനത്തിനും മാനേജ്മെന്റ് പഠനത്തിനും വേണ്ടി കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീടെയിൽ മാനേജ്മെന്റ് എന്ന സ്ഥാപനം ആരംഭിക്കുന്നതാണ്. വ്യവസായ വാണിജ്യ സംഘടനകളുടെ പങ്കാളിത്തത്തോടെയുള്ള സ്ഥാപനമായിരിക്കും ഇത്. ഇതിലേയ്ക്കായി 1 കോടി രൂപ വകയിരുത്തുന്നു. ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന് വകയിരുത്തിയിട്ടുള്ള 25 കോടിയിൽ 10 കോടി രൂപ താഴെ പറയുന്ന കാര്യങ്ങൾക്ക് വേണ്ടിയാവും വിനിയോഗിക്കുക.

*i)* പുതിയ വാണിജ്യകേന്ദ്രങ്ങളുടെ ആസൂത്രണം

*ii)* നിലവിലുള്ള തെരുവുകളുടെയും പൈതൃക കേന്ദ്രങ്ങളുടെയും സംരക്ഷണം

*iii)* കേരള റീടെയിൽ ബ്രാൻഡിനു വേണ്ടിയുള്ള പ്രചാരണം

70. വ്യാപാരി ക്ഷേമനിധിയിലേയ്ക്കുള്ള വാർഷിക ഫീസ് രജിസ്ട്രേഷൻ പുതുക്കുന്നതിനോടൊപ്പം ഇ-പേമെന്റ് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കുന്നതാണ്. വ്യാപാരി ക്ഷേമനിധിയിലേയ്ക്ക് 5 കോടി രൂപയോ ബജറ്റിൽ വകയിരുത്തിയിരിക്കുന്നതിനെക്കാൾ അധികമായി സമാഹരിക്കുന്ന വാറ്റ് നികുതിയുടെ രണ്ടു ശതമാനമോ, ഏതാണ് കൂടുതൽ അത് ലഭ്യമാക്കുന്നതാണ്.

## ഭാഗം - 5

## ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ

71. ഉത്തേജക പാക്കേജ് സമയബന്ധിതമായി നടപ്പാക്കുകയാണ് ഈ വർഷത്തെ മുഖ്യകടമ. അതിനാൽ, പുതിയൊരു പാക്കേജ് പ്രഖ്യാപിക്കുന്നതിൽ സാംഗത്യമില്ല. അവരവരുടെ മണ്ഡലത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഒട്ടേറെ നിയമസഭാ സാമാജികർ കുറിപ്പുകൾ നൽകിയിട്ടുണ്ട്. അവയിൽ നല്ല പങ്കും പൊതുമരാമത്ത് പണികളുടെ രണ്ടാം വാല്യത്തിൽ ടോക്കൺ തുകയോടെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2010 - 11ന്റെ പൊതുധനനിലയിൽ വരുന്ന മാറ്റങ്ങൾ കണക്കിലെടുത്ത് അവ യാഥാർത്ഥ്യമാക്കുന്നതിനെക്കുറിച്ച് നിയമസഭയിൽ ചർച്ച ചെയ്യാവുന്നതാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ ഞാൻ ക്ഷണിക്കുകയാണ്.

### ഊർജമേഖല

72. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 7.5 കോടി യൂണിറ്റ് വൈദ്യുതിയാണ് അധികമായി ഉൽപാദിപ്പിച്ചത്. എന്നാൽ, ഈ സർക്കാർ ഇതിനകം 44.8 കോടി യൂണിറ്റ് വൈദ്യുതി അധികമായി ഉൽപാദിപ്പിച്ചു. കുറ്റ്യാടി അഡീഷണൽ എക്സ്ടെൻഷൻ 2010 - 11ൽ കമ്മിഷൻ ചെയ്യുന്നതോടെ 27.7 കോടി യൂണിറ്റ് കൂടി പുതുതായി ഉൽപാദിപ്പിക്കാനാകും.

73. 281 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 10 പുതിയ പ്രോജക്ടുകൾക്കായി 14 കോടി രൂപയും 193 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 13 നടപ്പു പ്രോജക്ടുകൾക്കായി 136 കോടി രൂപയും വകയിരുത്തുന്നു.

74. പ്രേഷണ ശൃംഖല നവീകരണത്തിന് 329.7 കോടി രൂപ വകയിരുത്തുന്നു. 37,000 വഴിവിളക്കുകളും 5000 ട്രാൻസ്ഫോമറുകളുമടക്കം വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 425 കോടി രൂപ നീക്കിവെയ്ക്കുന്നു.

75. പെരിങ്ങൽക്കുത്ത്, ഷോളയാർ പ്ലാന്റുകളുടെ നവീകരണം മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിക്കും. ചീമേനിയിലെ സൂപ്പർ തെർമൽ പ്രോജക്ട് സ്ഥാപിക്കുന്നതിന് 10 കോടി രൂപ നീക്കിവെയ്ക്കുന്നു.

76. ഈ സർക്കാർ ഊർജമേഖലയിൽ ഏറ്റെടുത്ത ഏറ്റവും ശ്രദ്ധേയമായ മുൻകൈ സമ്പൂർണ വൈദ്യുതീകരണത്തിന് വേണ്ടിയുള്ളതാണ്. ഇതിനകം 17 ലക്ഷം പുതിയ കണക്ഷനുകൾ നൽകാനായി. 5 ലക്ഷത്തോളം വീടുകളിൽ ഇനി വെളിച്ചമെത്തിക്കാനുണ്ടെന്ന് കണക്കാക്കുന്നു. ഇതിനുള്ള സംസ്ഥാന വിഹിതമായി 12.5 കോടി രൂപ മാറ്റി വെയ്ക്കുന്നു.

77. പാരമ്പര്യേതര ഊർജ മേഖലയിലെ നീക്കിയിരിപ്പ് ഗണ്യമായി വർദ്ധിപ്പിക്കുകയാണ്. 52 കോടി രൂപയാണ് ഈ മേഖലയ്ക്ക് നീക്കി വെയ്ക്കുന്നത്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഊർജക്ഷമത വർദ്ധിപ്പിക്കുന്നതിനും പാരമ്പര്യേതര ഊർജസ്രോതസുകൾ വിനിയോഗിക്കുന്നതിനും 23 കോടി രൂപ നീക്കിവെയ്ക്കുന്നു. ഇന്ത്യയിലാദ്യമായി മൈക്രോജലവൈദ്യുത പദ്ധതികൾക്കായി ഒരു മാസ്റ്റർപ്ലാൻ നമുക്ക് തയ്യാറാക്കാനായി. ഇതനുസരിച്ച് പേരാവൂർ ബ്ലോക്കിൽ 1.17 മെഗാവാട്ട് ശേഷിയുള്ള 14 പ്രോജക്ടുകളുടെ ഒരു ക്ലസ്റ്ററിനുള്ള ഡിപിആർ തയ്യാറായി. ഇതിന്റെ നിർവഹണത്തിനായി 5 കോടി രൂപ നീക്കിവെയ്ക്കുന്നു.

## കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ

78. കെഎസ്ആർടിസിയുടെ പുനസംഘടന പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. 2010 ഫെബ്രുവരി ആദ്യം വരെ 121 കോടി രൂപ അനുവദിച്ചിട്ടും കെഎസ്ആർടിസി വലിയ റവന്യൂ നഷ്ടത്തിലാണ്. കെഎസ്ആർടിസിയുടെ വിനിയോഗിക്കാത്ത ഭൂമി ഉപയോഗപ്പെടുത്തി കെറ്റിഡിഎഫ്സിയ്ക്കുള്ള കടബാധ്യത ഗണ്യമായി കുറയ്ക്കേണ്ടതായിരുന്നു. ഇന്ന് പ്രതിമാസം 20 കോടിയിൽപരം രൂപയാണ് പലിശയ്ക്കു വേണ്ടി നീക്കിവെയ്ക്കുന്നത്.

ഇതില്ലാതാക്കിയാലേ റവന്യൂ ഗ്യാപ്പ് പരിഹരിക്കാനാവൂ. എന്നാൽ രണ്ടു വർഷം പിന്നിട്ടിട്ടും ഉടമസ്ഥാവകാശത്തിന്റെ രേഖകൾ ഇന്നും പൂർണമായി കെഎസ്ആർടിസിയ്ക്ക് ലഭിച്ചിട്ടില്ല. ഇത് വളരെ അപകടകരമായ സ്ഥിതിയാണ് എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

79. പദ്ധതിയിൽ 42 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും വേണ്ടിയുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 1000 ബസുകൾ പുതുതായി പുറത്തിറക്കുന്നതാണ്. കാസർകോട്, കൊട്ടാരക്കര എന്നിവിടങ്ങളിലെ സ്റ്റേഷൻ ഷോപ്പിംഗ് കോംപ്ലക്സുകൾ പൂർത്തീകരിക്കുന്നതാണ്.

## ജല ഗതാഗതം

80. ജലഗതാഗതത്തിന് 114 കോടി രൂപ വകയിരുത്തുന്നു. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാതയുടെ ഫീഡർ കനാലുകളുടെ നവീകരണത്തിനായി 40 കോടി രൂപയുണ്ട്.

81. സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ടിന് പുതിയ ബോട്ടുകൾ വാങ്ങുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു. കേരള സ്റ്റേറ്റ് ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപറേഷന്റെ ബാർജുകളുടെയും ജെട്ടികളുടെയും നവീകരണത്തിന് 6 കോടി രൂപ വകയിരുത്തുന്നു. കൊച്ചിയിൽ ഫെറി സർവീസിനായി ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തി 40 ബോട്ടുകൾ വാങ്ങുന്നതിന് പദ്ധതി തയ്യാറായിട്ടുണ്ട്. ഇത് കൊച്ചിയിലെ ഗതാഗതക്കുരുക്കിനെ ഗണ്യമായി കുറയ്ക്കും.

82. വേളി, ആക്കുളം കായലുകളുടെ പരിസ്ഥിതി പുനസ്ഥാപനത്തിനായി 25 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്നതാണ്. കായൽ ഡ്രഡ്ജ് ചെയ്യുകയും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുകയും ടിഎസ് കനാൽ നവീകരിക്കുകയും ചെയ്യും.

## തുറമുഖങ്ങൾ

83. തുറമുഖങ്ങൾക്കായി 171 കോടി രൂപ നീക്കിവെയ്ക്കുന്നു. അഴീക്കൽ തുറമുഖത്തിന് 6.9 കോടി രൂപയും ബേപ്പൂർ തുറമുഖത്തിന് 2.2 കോടി

രൂപയും തങ്കശ്ശേരിയ്ക്ക് 12 കോടി രൂപയും വകയിരുത്തുന്നു. ആലപ്പുഴ മറീനയ്ക്കുള്ള കമ്പനി രൂപീകരിക്കുന്നതിന് ഓഹരി മൂലധനമായി 25 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു. തീരദേശ സുരക്ഷാ നെറ്റ്‌വർക്കിന് 4.5 കോടി രൂപ നീക്കി വെയ്ക്കുന്നു. കോസ്റ്റൽ ഷിപ്പിംഗിന് വേണ്ടി സംയുക്ത സംരംഭമായി ഒരു കമ്പനി രൂപീകരിക്കുകയും കേരളത്തിലെ തുറമുഖങ്ങളെ മഹാരാഷ്ട്ര, ഗുജറാത്ത് തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്ന കോസ്റ്റൽ ഷിപ്പിംഗ് നെറ്റ്‌വർക്ക് സ്ഥാപിക്കുകയും ചെയ്യും.

## റോഡും പാലവും

84. ഏതാണ്ട് 3000 കോടിയുടെ നിർമ്മാണ പ്രവൃത്തികളാണ് ഉത്തേജക പാക്കേജിന്റെ ഭാഗമായി പിഡബ്ല്യുഡി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. നബാർഡിൽ നിന്ന് 147 കോടി രൂപ റോഡ് നിർമ്മാണത്തിനായി നീക്കിവെയ്ക്കുന്നു. സെൻട്രൽ റോഡ് ഫണ്ടിന്റെ അടങ്കൽ 60 കോടി രൂപയാണ്. മേജർ ഡിസ്ട്രിക്ട് റോഡ്സിന്റെ പുനർനിർമ്മാണത്തിനായി 72 കോടി രൂപ വകയിരുത്തുന്നു. ആലപ്പുഴയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ബൈപ്പാസ് ഗ്യാപ്പിന് സമാന്തരമായി പുതിയൊരു പാത നിർമ്മിക്കുന്നതിനും നെഹ്റു ട്രോഫി വാർഡിലേയ്ക്ക് പാലം പണിയുന്നതിനും ആലപ്പുഴ കനാൽ ഉപ്പുവെള്ളം കയറ്റി ശുദ്ധീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിനും വേണ്ടി 10 കോടി രൂപ അനുവദിക്കുന്നു. കോട്ടയം സിറ്റി ഇംപ്രൂവ്മെന്റ് സ്കീമിന് 1 കോടി രൂപ അനുവദിക്കുന്നു. പാലാ ബൈപാസ് റോഡിന് വേണ്ടി ഒരുകോടി രൂപ അനുവദിക്കുന്നു.

85. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപറേഷന് സപ്ലിമെന്ററി ബജറ്റിൽ 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോർപറേഷൻ ഏറ്റെടുത്തിരിക്കുന്ന 23 റെയിൽവേ മേൽപ്പാലങ്ങൾക്ക് ആകെ 300 കോടിയിൽപരം രൂപ ചെലവു വരും. ടോൾ അടിസ്ഥാനത്തിലായിരിക്കും ഇവ പ്രവർത്തിക്കുക. നടത്തിപ്പിന് സർക്കാരിന്റെ സബ്സിഡിയും ഉണ്ടാകും.

## റെയിൽവേ

86. കേരളത്തിലേയ്ക്കുള്ള റെയിൽവേയുടെ വകയിരുത്തൽ തികച്ചും അപര്യാപ്തമാണ്. ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസവും ഗൗരവമായ പ്രശ്നമാണ്. പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏതാണ്ട് പൂർത്തിയായി. ഇതിന് 12.5 കോടി രൂപ ചെലവു വന്നു. ചേർത്തലയിലെ ഓട്ടോകാസ്റ്റിൽ വാഗൺ ഫാക്ടറി നിർമ്മിക്കുന്നതിനുള്ള തീരുമാനത്തിൽ നിന്ന് കേന്ദ്രസർക്കാർ പുറകോട്ട് പോകുന്നത് ദൗർഭാഗ്യകരമാണ്.

## വിമാനത്താവളം

87. തിരുവനന്തപുരം വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ ഉദ്ഘാടനത്തിന് തയ്യാറായിക്കഴിഞ്ഞു. ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ 21 കോടി രൂപയാണ് ചെലവിട്ടത്. കോഴിക്കോട് വിമാനത്താവളത്തിന്റെ വിപുലീകരണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ മുന്നേറുകയാണ്. സിയാൽ മാതൃകയിലാണ് കണ്ണൂർ വിമാനത്താവളം നിർമ്മിക്കുക.

## ഭാഗം – 6

## സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ

88. ദ്രുതഗതിയിലുള്ള വികസനത്തിന് ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ പോലെ പ്രധാനമാണ് സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇത് പ്രത്യേകം പ്രസക്തമാണ്. ഒരു വിജ്ഞാന സമൂഹമായി മാറിയാൽ മാത്രമേ, വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിലൂടെ മുന്നോട്ടു കുതിക്കാൻ നമുക്ക് കഴിയൂ. വിദ്യാഭ്യാസ മേഖലയിലെ അടങ്കൽ 208 കോടിയിൽ നിന്ന് 316 കോടിയായി ഉയർത്തുന്നു. 50 ശതമാനമാണ് വർദ്ധന.

## സ്കൂൾ വിദ്യാഭ്യാസം

89. വിദ്യാഭ്യാസ അടങ്കലിന്റെ നാൽപത് ശതമാനം സ്കൂൾ വിദ്യാഭ്യാസത്തിന് വേണ്ടിയുള്ളതാണ്. ഇതിനുള്ള 121 കോടി രൂപയിൽ സർവശിക്ഷാ അഭിയാന്റെ സംസ്ഥാന വിഹിതമായ 30 കോടി രൂപയേ ഉൾപ്പെടുത്തുന്നുള്ളൂ. ഇതിന് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 105 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്ന് 165 കോടി രൂപയും ലഭ്യമാകും. സർവശിക്ഷാ അഭിയാൻ ആരംഭിച്ചപ്പോൾ സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആകെ വിഹിതം 25 ശതമാനമായിരുന്നു. ദേശീയ വികസന കൗൺസിലിൽ സംസ്ഥാന സർക്കാരുകൾ ഏകകണ്ഠമായി ഉയർത്തിയ പ്രതിഷേധത്തെ അവഗണിച്ചു കൊണ്ട് സംസ്ഥാന വിഹിതം 25 ശതമാനത്തിൽ നിന്ന് 40 ശതമാനമായി ഉയർത്തി. ഏതാണ്ട് ഇതേ പ്രവണതയാണ് മറ്റെല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലും പ്രകടമാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ വെട്ടിക്കുറച്ച് ആ പണം സംസ്ഥാനങ്ങൾക്ക് ഗ്രാന്റായി തരികയാണ് വേണ്ടത്. ഉജ്വലമായ വിദ്യാഭ്യാസ ആരോഗ്യ പാരമ്പര്യങ്ങളുള്ള കേരളത്തിന്റെ വിദ്യാഭ്യാസവും ആരോഗ്യവും ദില്ലിയിലിരുന്ന് ആസൂത്രണം ചെയ്യുന്നത് എന്തൊരു അസംബന്ധമാണെന്ന് ആലോചിച്ചു നോക്കൂ.

90. സ്കൂളുകളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള സ്കീമുകൾക്ക് 37 കോടി രൂപ വകയിരുത്തുന്നു. കേന്ദ്രവിഹിതമടക്കം 26 കോടി രൂപയാണ് സ്കോളർഷിപ്പായി നൽകുന്നത്. കേന്ദ്രവിഹിതമടക്കം ഐടി വിദ്യാഭ്യാസത്തിന് 55 കോടി രൂപയുണ്ട്. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ഫണ്ടിന് രൂപം നൽകിക്കഴിഞ്ഞു. 100 കോടി രൂപ സമാഹരിക്കുകയാണ് ലക്ഷ്യം.

91. സാക്ഷരതാ മിഷന് കേന്ദ്രസർക്കാർ നൽകുന്ന സഹായം പൂർണമായും അവസാനിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 5 കോടി രൂപ കേരള സാക്ഷരതാ മിഷന് ഈ വർഷം അനുവദിക്കുന്നു.

92. കോഴിക്കോട്ടെ പ്രിസം വിദ്യാഭ്യാസ പദ്ധതിയ്ക്കും കുട്ടികളുടെ സ്പോർട്ട്സ് പാർക്കിനും 30 ലക്ഷം രൂപ വകയിരുത്തുന്നു. ആദിവാസി മേഖലകളിൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് എസ്എസ്എയുടെ ആഭിമുഖ്യത്തിൽ പഠിത്തവീട് പദ്ധതി നടപ്പാക്കും. ഒന്നാം ക്ലാസിൽ ഏറ്റവും കൂടുതൽ കുട്ടികളെ പ്രവേശിപ്പിച്ച ഓരോ ജില്ലയിലെയും സർക്കാർ സ്കൂളുകൾക്ക് 10 ലക്ഷം രൂപ വീതം പ്രോത്സാഹനം നൽകും.

## ഉന്നത വിദ്യാഭ്യാസം

93. സർ, ഉന്നത വിദ്യാഭ്യാസ വികസന മേഖലയിലെ വഴിത്തിരിവാണ് ഈ ബജറ്റ് എന്ന് പറയാൻ എനിക്ക് അഭിമാനമുണ്ട്. ചരിത്രത്തിലെ ഏറ്റവും ഉയർന്ന ധനസഹായ വർദ്ധനയാണ് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് നൽകുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് (കാർഷിക സർവകലാശാലയും ഉന്നത വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവുമൊഴികെ) ഈ ബജറ്റിൽ 121 കോടി രൂപ വകയിരുത്തുന്നു. കഴിഞ്ഞ വർഷം അത് 57 കോടി രൂപയായിരുന്നു. 112 ശതമാനം വർദ്ധന. 2001 - 02/2005 - 06 കാലയളവിൽ ശരാശരി 23 കോടി രൂപ വീതമാണ് ഉന്നത വിദ്യാഭ്യാസത്തിന് ചെലവഴിച്ചത് എന്ന് ഓർക്കുക.

94. സാധാരണ ഗതിയിൽ 10 ശതമാനം വീതമാണ് പദ്ധതിയേതര ചെലവിനുള്ള ഗ്രാന്റ് വർദ്ധിപ്പിച്ചു നൽകുന്നത്. എന്നാൽ 2001-02/2005-06 കാലയളവിൽ വർദ്ധനയേ വരുത്തിയില്ലെന്ന് പറയാം. 2001 - 02ൽ 479 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് 2005-06ൽ 486 കോടിയേ ചെലവഴിച്ചുള്ളു. ഇതാണ് ഉന്നത വിദ്യാഭ്യാസ മേഖലയിലെ ധനപ്രതിസന്ധിയുടെ മൂലകാരണം. ഈ സ്ഥിതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. 2009-10ൽ ഉന്നത വിദ്യാഭ്യാസത്തിന് പദ്ധതിയേതര ഇനത്തിൽ 796 കോടി രൂപയാണ് നൽകിയത്.

95. സർ, 2010 മാർച്ച് മുതൽ കേരളത്തിൽ അധ്യാപകർക്ക് പുതുക്കിയ യുജിസി സ്കെയിലിൽ ശമ്പളം നൽകുന്നതാണ്. പെൻഷൻ പ്രായം ഉയർത്തുന്നതൊഴികെ യുജിസി സ്കീമിലെ മറ്റെല്ലാ നിർദ്ദേശങ്ങളും ഒരു പാക്കേജായി നടപ്പാക്കും. അക്കാദമിക് മാനദണ്ഡങ്ങളിൽ ഒരു ഇളവും അനുവദിക്കുന്നതല്ല. കേന്ദ്രധനസഹായം ലഭ്യമാകുമോ എന്നത് പരിശോധിച്ച് മുൻകാല പ്രാബല്യത്തിന്റെ കാര്യം പിന്നീട് തീരുമാനിക്കും.

96. സർവകലാശാല ലൈബ്രറികളുടെ സമൂല നവീകരണത്തിന് 2010-11 ൽ മുന്തിയ പരിഗണനയാണ് നൽകുന്നത്. അന്തർദേശീയമായി കിടപിടിക്കുന്നവയാകണം നമ്മുടെ സർവകലാശാലാ ലൈബ്രറികൾ. വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും റഫറൻസിനും പഠനത്തിനും വിപുലമായ സൗകര്യങ്ങൾ ഉണ്ടാക്കുന്നതാണ്. ഇതിനായി 30 കോടി രൂപ ചെലവഴിക്കുന്നതാണ്. കണ്ണൂർ സർവകലാശാലയ്ക്ക് ഒരു ലൈബ്രറി പോലും ഇതുവരെ ഉണ്ടായിട്ടില്ല എന്നത് നാണക്കേടാണ്. വിദ്യാഭ്യാസ വകുപ്പിന്റെ നിലവിലുള്ള അടങ്കലിൽ നിന്നു തന്നെ ഇതിനുള്ള പണം കണ്ടെത്തും.

97. സർവകലാശാലകളിലെ നിലവിലുള്ള അധ്യാപക ഒഴിവുകൾ പൂർണമായും നികത്തും. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്ന പോസ്റ്റുകൾക്ക് അതത് വർഷം തന്നെ സർക്കാർ ഇനിമേൽ അംഗീകാരം നൽകും. കഴിഞ്ഞ 10 വർഷത്തിൽ ഇപ്രകാരം യുജിസി അനുവദിച്ച പോസ്റ്റുകളിൽ പകുതിയിൽ താഴെ മാത്രമേ കേരളം സ്വീകരിച്ചിട്ടുള്ളൂ. കേരളത്തിന് പുറത്ത് ഗവേഷണം നടത്തുന്നതിനും പുറത്തുള്ള പണ്ഡിതരെ നമ്മുടെ സർവകലാശാലകളിൽ കൊണ്ടുവരുന്നതിനും പ്രതിഭകൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിനും മറ്റും ഒട്ടനവധി സ്കീമുകൾക്ക് തുടക്കം കുറിക്കുന്നതാണ്. 4.5 കോടി രൂപയാണ് ഇവയ്ക്കായി നീക്കിവെയ്ക്കുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന് 5 കോടി രൂപ വകയിരുത്തുന്നു.

98. യൂണിവേഴ്സിറ്റിയുടെ വിഹിതത്തിന് പുറമെ കോളജു കെട്ടിടങ്ങളും ഹോസ്റ്റലുകളും ലബോറട്ടറികളും മറ്റും മെച്ചപ്പെടുത്തുന്നതിന് 11.5

കോടി രൂപ വകയിരുത്തുന്നു. വരുമാനം ഉറപ്പു തരുന്ന ഹോസ്റ്റലുകൾ, ഗസ്റ്റ് ഹൗസുകൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് വായ്പയെടുക്കാൻ സർവകലാശാലകൾക്ക് സർക്കാർ ഗാരണ്ടി നിൽക്കും. ഇവയിൽ നിന്നുള്ള വരുമാനം എസ്ക്രൂ അക്കൗണ്ടായി സർവകലാശാലകൾ ബാങ്കിലെയ്ക്ക് അടയ്ക്കേണ്ടതാണ്.

99. സർവകലാശാലകൾക്ക് വലിയ റവന്യൂ ഗ്യാപ്പുണ്ട്. ഇതിന് പുറമെ പിഎഫും മറ്റും വകമാറ്റി ചെലവിട്ടതിന്റെ ഫലമായി 100 കോടി രൂപ കുടിശികയുമുണ്ട്. സർക്കാർ ഗ്രാന്റിന്റെ പകുതിയിലേറെ തുക കേരള സർവകലാശാല പെൻഷന് വേണ്ടിയാണ് വിനിയോഗിക്കുന്നത്. ഈയൊരു സ്ഥിതിവിശേഷത്തിന് അറുതി വരുത്തുന്നതിന് മൂന്നു കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

*i)* സർവകലാശാലകൾ കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കണം.

*ii)* സർവകലാശാലകൾ കൂടുതൽ തനത് വരുമാനം കണ്ടെത്തേണ്ടി വരും.

*iii)* സർക്കാർ കൂടുതൽ ധനസഹായം നൽകണം.

ഈ സർക്കാർ പദ്ധതിയേതര ഗ്രാന്റിൽ വരുത്തിയ അഭൂതപൂർവമായ വർദ്ധന ഞാൻ നേരത്തെ സൂചിപ്പിച്ചുവല്ലോ. ഈ വർഷം കണ്ണൂർ സർവകലാശാലയുടെ ഗ്രാന്റ് 20 ശതമാനവും കാർഷിക സർവകലാശാലയുടേത് 15 ശതമാനവും മറ്റ് സർവകലാശാലകളുടേത് 10 ശതമാനവും ഉയർത്തുന്നതാണ്. ഇതിനോടൊപ്പം 50 കോടി രൂപ കൂടി പ്രത്യേക ഗ്രാന്റായി സർവകലാശാലകൾക്ക് അനുവദിക്കുന്നു. ഈ പണം, രവീന്ദ്രൻ നായർ കമ്മിറ്റി നിർദ്ദേശിച്ചതു പോലെ, സുതാര്യമായ ഒരു ഫോർമുലയുടെ അടിസ്ഥാനത്തിലായിരിക്കും വിതരണം ചെയ്യുന്നത്. സർവകലാശാല അധികമായി നേടിയ വരുമാനം, സർവകലാശാലയുടെ പിന്നാക്കാവസ്ഥ, അക്കാദമിക് നിലവാരം എന്നിവയാണ് ഈ ഫോർമുലയുടെ അടിസ്ഥാനം. ഇതുകൂടി കണക്കിലെടുക്കുമ്പോൾ

കഴിഞ്ഞ വർഷത്തേതു പോലെ തന്നെ സർവകലാശാലകളുടെ പദ്ധതിയേതര ഗ്രാന്റ് 15 ശതമാനത്തിലേറെയായി ഉയരും.

100. സർവകലാശാലകളുടെ പെൻഷൻ ബാധ്യതകളും കുത്തനെ ഉയരുകയാണ്. കഴിഞ്ഞ വർഷം 30 കോടി രൂപ അധികമായി നൽകിയാണ് കാർഷിക സർവകലാശാലയുടെ ബാധ്യതകൾ തീർത്തത്. ഈ പശ്ചാത്തലത്തിൽ സർവകലാശാലകൾക്ക് ഒരു പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനുള്ള രവീന്ദ്രൻ നായർ കമ്മിറ്റിയുടെ നിർദ്ദേശം അംഗീകരിക്കുന്നു. ഇതിനായി 100 കോടി രൂപ ട്രഷറിയിൽ കോർപസ് ഫണ്ടായി നീക്കി വെയ്ക്കുന്നതാണ്. ഓരോ സർവകലാശാലയും പ്രതിവർഷം അവരുടെ ശമ്പളച്ചെലവിന്റെ 10 ശതമാനം അവരവരുടെ പെൻഷൻ ഫണ്ടുകളിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

101. ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി സർവകലാശാലാ പരീക്ഷാ വിഭാഗം അടിയന്തരമായി കമ്പ്യൂട്ടർവത്കരിക്കേണ്ടതുണ്ട്. ഇതിനായി എല്ലാ സർവകലാശാലകൾക്കും 2 കോടി രൂപ വീതവും സംസ്കൃത സർവകലാശാലയ്ക്ക് ഒരു കോടി രൂപയും അനുവദിക്കുന്നു.

102. മുകളിൽ പറഞ്ഞ കാര്യങ്ങൾ താഴെ പറയുന്ന നിബന്ധനകളോടെയാണ് അനുവദിക്കുന്നത്.

*i)* കമ്പ്യൂട്ടർവത്കരണത്തിന്റെ പശ്ചാത്തലത്തിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിന് ഏകീകൃതമായ വർക്ക് സ്റ്റഡി അടിയന്തിരമായി നടപ്പാക്കണം. ഇതിന്റെ അടിസ്ഥാനത്തിലേ പുതിയ പോസ്റ്റുകൾ അനുവദിക്കൂ. ഒരു കാരണവശാലും സർക്കാരിന്റെ മുൻ അനുവാദമില്ലാതെ പോസ്റ്റുകൾ സൃഷ്ടിക്കാൻ പാടില്ല.

*ii)* എജിയുടെയും ലോക്കൽ ഫണ്ട് വിഭാഗത്തിന്റെയും കഴിഞ്ഞ പത്തു വർഷത്തെ റിപ്പോർട്ടുകളെക്കുറിച്ചുള്ള സമഗ്രമായ ആക്ഷൻ ടേക്കൺ റിപ്പോർട്ട് ആറു മാസത്തിനുള്ളിൽ സമർപ്പിക്കണം.

*iii)* എയിഡഡ് കോളേജുകളിലെ അധ്യാപകരുടെ നിയമനം, പ്രമോഷൻ തുടങ്ങി കോളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ ചെയ്യുന്ന ജോലികൾ അനാവശ്യമായി സർവകലാശാലകളിലും ആവർത്തിക്കുന്നു. ഈ സമ്പ്രദായം തുടരേണ്ടതില്ല.

*iv)* പദ്ധതി, പദ്ധതിയേതരച്ചെലവുകൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മൂന്ന് പ്രത്യേക അക്കൗണ്ടുകൾ തുറക്കേണ്ടതാണ്.

*v)* പരീക്ഷാ ചെലവിന്റെ നിശ്ചിത ശതമാനം പരീക്ഷാ ഫീസിൽ നിന്ന് കണ്ടെത്തേണ്ടതാണ്.

*vi)* യൂണിവേഴ്സിറ്റി – ഇൻറർ യൂണിവേഴ്സിറ്റി സെന്ററുകൾക്ക് സ്വതന്ത്രമായി പണം സമാഹരിക്കുന്നതിനും മറ്റും ഓട്ടോണമി നൽകേണ്ടതാണ്.

## സാങ്കേതിക വിദ്യാഭ്യാസം

103. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അടങ്കൽ 50 കോടിയിൽ നിന്ന് 65 കോടിയായി ഉയർത്തുന്നു. കൊച്ചി സർവകലാശാലയ്ക്ക് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകൾക്ക് 17.8 കോടി രൂപയും പോളിടെക്നിക്കുകളുടെ വികസനത്തിന് 11 കോടി രൂപയും ഐഎച്ച്ആർഡിയ്ക്ക് 5 കോടി രൂപയും എൽബിഎസ് സെന്ററിന് 1.5 കോടി രൂപയും വകയിരുത്തുന്നു. എൽബിഎസിന് കീഴിലുള്ള ഡിസ്എബിലിറ്റി സ്റ്റഡി സെന്ററിന് 1.5 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന് 5.5 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

104. പുതിയ ആർട്സ് ആന്റ് സയൻസ് കോളെജുകളൊന്നും അനുവദിക്കേണ്ടതില്ല എന്നുള്ളതാണ് ഇതുവരെ സ്വീകരിച്ചു വന്ന നയം. എന്നാൽ ആലപ്പുഴ ജില്ലയിൽ ഒരു സർക്കാർ കോളജ് എന്ന വിദ്യാർത്ഥികളുടെയും ജനങ്ങളുടെയും ദീർഘകാല ആവശ്യം

കണക്കിലെടുത്തു കൊണ്ട് അമ്പലപ്പുഴയിൽ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതാണ്.

## തൊഴിൽ പരിശീലനം

105. ഐടിഐകൾക്കു വേണ്ടി 25 കോടി രൂപ വകയിരുത്തുന്നു. പുതുതായി താഴെ പറയുന്ന പതിനഞ്ച് ഐടിഐകൾ ആരംഭിക്കുന്നതാണ്. തേവലക്കര, കൊല്ലങ്കോട്, റാന്നി, പെരിങ്ങോംവയക്കര, ചെറിയമുണ്ടം, തിരുവമ്പാടി, മലയിൻകീഴ്, പേർപ്പ്, പള്ളുരുത്തി, വേങ്ങൂർ, വടകര, മണിയൂർ, സീതാംഗോളി, അരൂർ, മണലൂർ എന്നിവിടങ്ങളിലായിരിക്കും അവ. ഇവയ്ക്കാവശ്യമായ സ്ഥലവും കെട്ടിടവും പ്രാദേശികമായി ലഭ്യമാക്കണം. യന്ത്രോപകരണങ്ങളും മറ്റും നിലവിലുള്ള പദ്ധതി അടങ്കലിൽ നിന്ന് വാങ്ങേണ്ടതാണ്.

## ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ

106. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് 49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 22 കോടി രൂപ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റാണ്. 24 കോടി രൂപ കൗൺസിലിന്റെ കീഴിലുള്ള വിവിധ സ്കീമുകൾക്കാണ്. തിരുവനന്തപുരത്തെ റീജണൽ കാൻസർ സെന്ററിന് 20 കോടി രൂപ വകയിരുത്തുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന് 2.4 കോടി രൂപയുണ്ട്.

107. പീച്ചിയിലെ കേരള ഇറിഗേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡാം പരിപാലനത്തിലും ഹൈഡ്രോളജിയിലും പഠനകോഴ്സുകൾ സംഘടിപ്പിക്കുന്ന ഉന്നത സാങ്കേതിക ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതാണ്. ഡാം ഡീസിൽട്ടിംഗ് മോണിറ്റർ ചെയ്യുന്നതിനും ആവശ്യമായ പഠനങ്ങൾ നടത്തുന്നതിനും മൂന്നു കോടി രൂപ കെരിയ്ക്ക് വകയിരുത്തുന്നു. ഡാം ഡീസിൽട്ടിംഗ് സംബന്ധിച്ച് പ്രത്യേക പഠന ഗവേഷണ സെൽ ആരംഭിക്കുന്നതിന് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന് 3 കോടി രൂപ അനുവദിക്കുന്നു.

## സാംസ്കാരിക സ്ഥാപനങ്ങൾ

108. കലാ സാംസ്കാരിക സ്ഥാപനങ്ങൾക്ക് 37.8 കോടി രൂപ വകയിരുത്തുന്നു. മ്യൂസിയങ്ങൾക്കും മൃഗശാലകൾക്കും 6.5 കോടി രൂപയും കലാമണ്ഡലത്തിന് 5 കോടി രൂപയും ചലച്ചിത്ര വികസന കോർപറേഷന് 2 കോടി രൂപയും സാഹിത്യ അക്കാദമി, സംഗീത അക്കാദമി, ലളിത കലാ അക്കാദമി എന്നിവയ്ക്ക് 1.25 കോടി രൂപ വീതവും വകയിരുത്തുന്നു. ആറന്മുള വാസ്തുവിദ്യാകേന്ദ്രത്തിന് 50 ലക്ഷം രൂപ വകയിരുത്തുന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 70 ലക്ഷം രൂപയും ജവഹർ ബാലഭവന് 50 ലക്ഷം രൂപയും ഭാരത് ഭവന് 15 ലക്ഷം രൂപയും സ്പിക് മകേ, മാജിക് അക്കാദമി എന്നിവയ്ക്ക് 10 ലക്ഷം രൂപ വീതവും വകയിരുത്തുന്നു.

109. കഴിഞ്ഞ അഞ്ചു വർഷമായി തുടർച്ചയായി നടന്നുവരുന്ന പ്രാദേശിക ഫിലിം ഫെസ്റ്റുകൾക്ക് ധനസഹായം നൽകുന്നതിന് വേണ്ടി 25 ലക്ഷം രൂപയും ഫിലിം ക്ലബുകൾക്ക് ധനസഹായമായി 25 ലക്ഷം രൂപയും വകയിരുത്തുന്നു.

110. കേരള ചരിത്രത്തിലെ സുപ്രധാന വ്യക്തിത്വങ്ങളായ കേരള ഗാന്ധി കെ. കേളപ്പൻ (തവനൂർ), വൈക്കം മുഹമ്മദ് ബഷീർ (തലയോലപ്പറമ്പ്), പൊൻകുന്നം വർക്കി (പാമ്പാടി), എം. പി. പോൾ (കുത്താട്ടുകുളം), രാജാ കേശവദാസ് (ആലപ്പുഴ), ഇരയിമ്മൻ തമ്പി (ചേർത്തല), കെ. ടി. മുഹമ്മദ് (കോഴിക്കോട്), പി. കെ. കാളൻ (വയനാട്), എം. എൻ. ഗോവിന്ദൻ നായർ (തിരുവനന്തപുരം), രവീന്ദ്രൻ മാസ്റ്റർ (കുളത്തുപ്പുഴ), പി എൻ പണിക്കർ (തിരുവനന്തപുരം), പി. ടി. ഭാസ്കരപ്പണിക്കർ (പാലക്കാട്), വികെഎൻ (തിരുവില്വാമല), പി. കുഞ്ഞിരാമൻ നായർ (കാഞ്ഞങ്ങാട്), കുമ്പളത്ത് ശങ്കുപ്പിള്ള (ചവറ) എന്നിവരുടെ സ്മാരകങ്ങൾക്ക് 15 ലക്ഷം രൂപ വീതം ഒറ്റത്തവണ സഹായമായി നൽകുന്നു. കടമ്മനിട്ട കാവ്യശിൽപ പാർക്ക് (കടമ്മനിട്ട), പികെവി സ്റ്റഡി സെന്റർ (കിടങ്ങൂർ), അനന്തകൃഷ്ണ അയ്യർ സെന്റർ ഫോർ ആന്ത്രപ്പോളജിക്കൽ സ്റ്റഡീസ് (പാലക്കാട്), മഹാകവി മോയീൻകുട്ടി

വൈദ്യർ സ്മാരകം (കൊണ്ടോട്ടി), സി. അച്യുതമേനോൻ സ്റ്റഡി സെന്റർ (പൂജപ്പുര) എന്നീ സ്ഥാപനങ്ങൾക്ക് 10 ലക്ഷം രൂപ വീതം വകയിരുത്തുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിളളയുടെ അതിയന്നൂരിലുളള ജന്മഗൃഹം സർക്കാർ ഏറ്റെടുക്കുന്നതാണ്. ബേപ്പൂർ കപ്പൽ നിർമ്മാണ പൈതൃക പഠനത്തിനു വേണ്ടി സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന് 20 ലക്ഷം രൂപ അനുവദിക്കുന്നു. കായിക്കര ആശാൻ മെമ്മോറിയലിനും വയലാർ രാമവർമ്മ സ്മാരക ട്രസ്റ്റിനും പുന്നയൂർക്കുളം മാധവിക്കുട്ടി സ്മാരകത്തിനും 20 ലക്ഷം രൂപ വീതം വകയിരുത്തുന്നു. ഗാന്ധി സേവാസദന് (പാലക്കാട്) നൽകി വന്ന വാർഷിക ഗ്രാന്റ് 5 ലക്ഷം രൂപയായി പുനസ്ഥാപിക്കുന്നു. കരകുളം ഗ്രാമീണ പഠനകേന്ദ്രത്തിന്റെ ബഹുജനവിദ്യാഭ്യാസ പരിപാടിയ്ക്ക് 15 ലക്ഷം രൂപ നൽകുന്നു. സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആന്റ് എൻവയോൺമെന്റ് സ്റ്റഡീസിന് 20 ലക്ഷം രൂപ അനുവദിക്കുന്നു.

111. സാമൂഹ്യശാസ്ത്ര രംഗത്ത് കേരളം സൃഷ്ടിച്ച മഹാ പ്രതിഭയായിരുന്നു ഡോ. കെ. എൻ. രാജ്. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി സിഡിഎസ് ലൈബ്രറിയെ അദ്ദേഹത്തിന്റെ പേരിൽ നാമകരണം ചെയ്യാൻ അധികൃതർ തീരുമാനിച്ചിട്ടുണ്ട്. ഇതിനുളള ധനസഹായമായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന് 1 കോടി രൂപ നൽകുന്നു. കേരളത്തിലെ മറ്റ് സ്ഥാപനങ്ങളിലെ അധ്യാപകർക്കും പഠിതാക്കൾക്കും സിഡിഎസിൽ താമസിച്ച് ലൈബ്രറി ഉപയോഗിക്കുന്നതിന് വേണ്ടിയുളള കോർപസ് ഫണ്ടായി ഇത് പ്രയോജനപ്പെടുത്തേണ്ടതാണ്.

## സ്പോർട്ട്സ്

112. ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി 67 കോടി രൂപ നീക്കിവെയ്ക്കുന്നു. 210 കോടി രൂപ ചെലവിൽ 23 സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനും 210 കോടി രൂപയ്ക്ക് നാല് പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സ്പോർട്ട്സ് കൗൺസിലിന് 12 കോടി രൂപ വകയിരുത്തുന്നു. യൂത്ത് വെൽഫയർ

ബോർഡിന് 8 കോടി രൂപ വകയിരുത്തുന്നു. പി. ടി ഉഷ അക്കാദമിയ്ക്കും മേഴ്സിക്കുട്ടൻ അക്കാദമിയ്ക്കും വരാപ്പുഴ പപ്പൻ മെമ്മോറിയൽ സ്പോർട്ട്സ് അക്കാദമിയ്ക്കും 20 ലക്ഷം രൂപ വീതം അനുവദിക്കുന്നു. വയനാട്ടിൽ തലയ്ക്കൽ ചന്തു സ്മാരക ഗോത്രവർഗ കായിക വിനോദകേന്ദ്രം ആരംഭിക്കുന്നതാണ്. ഒന്നാം ഡിവിഷൻ നാഷണൽ ലീഗിൽ കളിക്കാൻ അർഹത നേടുന്ന കേരളത്തിലെ ഫുട്ബോൾ ക്ലബുകൾക്ക് 20 ലക്ഷം രൂപ വീതം നൽകുന്നതാണ്. നീലേശ്വരത്ത് ഇഎംഎസ് സ്മാരക സ്റ്റേഡിയം നിർമ്മിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു. തലശേരിയിലെയും കുന്നംകുളത്തെയും സ്റ്റേഡിയ നവീകരണത്തിന് ഓരോ കോടി രൂപ വകയിരുത്തുന്നു. 2010 കായികവർഷമായി ആചരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് ഒരു സ്പോർട്ട്സ് കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. 2016 ഒളിമ്പിക്സിൽ ഒരു സ്വർണമെഡൽ നേടുക എന്ന ലക്ഷ്യത്തോടെ 'ഗോ ഫോർ ഗോൾഡ്' എന്ന പദ്ധതി നടപ്പാക്കുന്നതാണ്.

## പൊതു ആരോഗ്യം

113. പൊതുആരോഗ്യ മേഖലയ്ക്ക് 166 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ ദേശീയ ആരോഗ്യ മിഷനുള്ള 15 ശതമാനം സംസ്ഥാന വിഹിതവും പെടും. ഏതാണ്ട് 300 കോടി രൂപയാണ് മിഷനിൽ നിന്ന് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ നാലു വർഷത്തിനിടയിൽ ആശുപത്രികളുടെ പൊതു സൗകര്യത്തിലുണ്ടായ വർദ്ധന എവിടെയും അനുഭവവേദ്യമാണ്. ഇതിന് അനുസൃതമായി ഡോക്ടർമാരുടെയും നെഴ്സുമാരുടെയും എണ്ണം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാരിന്റെ പൊതു സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് പടിപടിയായി കൂടുതൽ മെഡിക്കൽ സ്റ്റാഫിനെ ലഭ്യമാക്കുന്നതാണ്. പതിനേഴ് ആശുപത്രികളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പൊതു ആരോഗ്യ ലബോറട്ടറികളുടെ നവീകരണത്തിന് 5 കോടി രൂപ നൽകുന്നു. പകർച്ചവ്യാധികൾ സംബന്ധിച്ച വിവരങ്ങൾ

ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾക്ക് 3.8 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്.

114. സർ, പ്രമേഹവും രക്തസമ്മർദ്ദവും മോണിറ്റർ ചെയ്യുന്നതിനുള്ള ജനകീയ കാമ്പയിൻ ഈ വർഷം ആരംഭിക്കുന്നതാണ്. പിഎച്ച്സി, സബ് സെന്റർ, അങ്കണവാടി ശൃംഖലയിൽ ജനകീയ ആരോഗ്യ പ്രവർത്തകരെയും കോർത്തിണക്കിക്കൊണ്ടുള്ളതാകും ഈ കാമ്പയിൻ. എൻആർഎച്ച്എമ്മിൽ നിന്ന് ഇതിനാവശ്യമായ പണം കണ്ടെത്തും. സംസ്ഥാന വിഹിതമായി 3 കോടി രൂപ വകയിരുത്തുന്നു.

115. കേരളത്തിൽ നടപ്പാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് ദേശീയ തലത്തിൽ ശ്രദ്ധ പിടിച്ചു പറ്റിക്കഴിഞ്ഞു. ബാലാരിഷ്ടതകളിൽ നിന്ന് മോചിതമായി ഈ പദ്ധതി പൂർണമായും 2010 – 11ൽ പ്രാവർത്തികമാകും. ഓരോ ആരോഗ്യ സ്ഥാപനത്തിനും ലഭിക്കുന്ന ഇൻഷ്വറൻസ് തുക ട്രഷറിയിൽ അടയ്ക്കേണ്ടതില്ലെന്നും അതത് ആശുപത്രികളുടെ വികസനത്തിനായി വിനിയോഗിക്കാമെന്നുമുള്ള തീരുമാനം ആരോഗ്യമേഖല ശക്തിപ്പെടുത്തുന്നതിനുള്ള പ്രാദേശിക മുൻകൈകൾക്ക് വലിയ സഹായമാവുകയാണ്. 2010 - 11ൽ ഇത്തരത്തിൽ 40 കോടി രൂപ ആശുപത്രി വികസന സമിതികൾക്ക് ലഭിക്കുമെന്ന് കരുതുന്നു. ചേർത്തല താലൂക്ക് ആശുപത്രി മാത്രം നടപ്പുവർഷത്തിൽ 1 കോടി രൂപയിലേറെ രൂപ ഇൻഷ്വറൻസ് സഹായമായി വാങ്ങി.

116. ആശുപത്രികളിൽ മരുന്നിന്റെ ലഭ്യത ഉറപ്പു വരുത്താൻ കേരള മെഡിക്കൽ സർവീസ് കോർപറേഷന് കഴിഞ്ഞിട്ടുണ്ട്. മെഡിക്കൽ സർവീസ് കോർപറേഷന് മരുന്നു വാങ്ങുന്നതിന് 145 കോടി രൂപ വകയിരുത്തുന്നു.

## ആരോഗ്യ വിദ്യാഭ്യാസം

117. ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ കൈക്കൊണ്ട ഏറ്റവും ശ്രദ്ധേയമായ നടപടി സ്വകാര്യ പ്രാക്ടീസ് അവസാനിപ്പിച്ച് ആകർഷകമായ ശമ്പള സ്കെയിൽ നിശ്ചയിച്ചതാണ്. മെഡിക്കൽ കോളെജുകളുടെ സേവനം മെച്ചപ്പെടുത്തുകയും ആരോഗ്യ

വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുകയും ചെയ്യുന്നതാണ് ഈ നടപടി. ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് 21 കോടി രൂപയും ദന്തൽ കോളെജുകൾക്ക് 3.7 കോടി രൂപയും നെഴ്സിംഗ് കോളെജുകൾക്ക് 3.3 കോടി രൂപയും വകയിരുത്തുന്നു. മെഡിക്കൽ സർവകലാശാല 2010-11ൽ പ്രവർത്തനമാരംഭിക്കും.

118. ആലപ്പുഴ മെഡിക്കൽ കോളെജ് ആശുപത്രിയിൽ കാർഡിയോ തൊറാസിക് സർജറി യൂണിറ്റും കോഴിക്കോട് മെഡിക്കൽ കോളെജിൽ അഡ്വാൻസ്ഡ് ഡയഗ്നോസ്റ്റിക്സ് സെന്ററും മലബാർ കാൻസർ സെന്ററിൽ ലീനിയർ ആക്സിലറേറ്ററും സ്ഥാപിക്കുന്നതാണ്. നീണ്ടകരയിലെ ആർസിസിയുടെ പെരിഫറൽ സെന്ററിന് 20 ലക്ഷം രൂപ സഹായം നൽകുന്നു. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഒരു പുതിയ കാമ്പസ് വയനാട്ടിൽ ആരംഭിക്കുന്നതിന് ആവശ്യമായ ഭൂമി സർക്കാർ ഏറ്റെടുത്ത് നൽകുന്നതാണ്.

## ആയുഷ്

119. ആയുർവേദത്തിനുള്ള അടങ്കൽ 10 കോടി രൂപയിൽ നിന്ന് 21 കോടി രൂപയായി ഉയർത്തുന്നു. ജില്ലാ താലൂക്ക് ആശുപത്രികളുടെ ഗുണനിലവാരമുയർത്തുക, ആയുർവേദ കോളെജുകളുടെ സൗകര്യം വിപുലപ്പെടുത്തുക എന്നിവയാണ് മുഖ്യപരിപാടി. ഔഷധിയ്ക്ക് 4 കോടി രൂപ വകയിരുത്തുന്നു.

120. ഹോമിയോപ്പതിയുടെ അടങ്കൽ 12 കോടിയിൽ നിന്ന് 21 കോടിയായി ഉയർത്തുന്നു. ഹോമിയോ മെഡിക്കൽ കോളജുകൾക്ക് 7 കോടിയും നെഴ്സിംഗ് ഫാർമസി കോളജുകൾക്ക് 3.6 കോടിയും വകയിരുത്തിയിട്ടുണ്ട്. ഹോംകോ മരുന്ന് കമ്പനിയ്ക്ക് 4 കോടി രൂപ വകയിരുത്തുന്നു. പുതിയ ഫാക്ടറിയ്ക്ക് പുറമെ, പുതിയ ഫാർമസി

കോളെജും ഹോംകോയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നു. മൊത്തം 25 കോടി രൂപയെങ്കിലും ഇവയ്ക്ക് പുതുതായി മുതൽമുടക്കുണ്ടാകും.

## കുടിവെള്ളം

121. ആരോഗ്യനിർണയത്തിന്റെ മുഖ്യഘടകം ശുചിത്വവും ശുദ്ധജല ലഭ്യതയുമാണ്. നബാർഡിന്റെ സ്പാൻ പദ്ധതിയിലെ 32 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്ക് പുറമെ ഉത്തേജക പാക്കേജിന്റെ ഭാഗമായി 25 കോടി രൂപയുടെ പ്രോജക്ടുകൾക്കും അനുവാദം നൽകിയിട്ടുണ്ട്. ജലനിധിയുടെ രണ്ടാംഘട്ടമായി 100 കോടി രൂപയെങ്കിലും ഈ വർഷം ലഭിക്കുമെന്നാണ് കരുതുന്നത്. ഇതിനു പുറമെ വിദേശ സഹായത്തോടെയും കേന്ദ്രസഹായത്തോടെയുമുള്ള വൻകിട പദ്ധതികളടക്കം മൊത്തം 4835 കോടി രൂപയുടെ കുടിവെള്ള പ്രോജക്ടുകളാണ് ഇപ്പോൾ നിർമ്മാണദശയിലുള്ളത്.

122. ഇത്രയേറെ മുതൽമുടക്ക് ഒരുകാലത്തും കുടിവെള്ള മേഖലയിൽ ഉണ്ടായിട്ടില്ല. അഞ്ച് ജപ്പാൻ കുടിവെള്ള പദ്ധതികളിൽ നാലെണ്ണം ഈ വർഷം കമ്മിഷൻ ചെയ്യുന്നതോടെ 27.8 ലക്ഷം കുടുംബങ്ങൾക്ക് ഗുണം ലഭിക്കും. നബാഡിന്റെ സ്പാൻ പദ്ധതിയിലുള്ള 31 കുടിവെള്ള പദ്ധതികൾ ഈ വർഷം പൂർത്തീകരിക്കുന്നതാണ്. 28.5 ലക്ഷം ആളുകളാണ് ഇവയുടെ ഗുണഭോക്താക്കൾ. 65 എ.ആർ.ഡബ്ല്യു.എസ്.എസ് പ്രോജക്ടുകൾ ഈ വർഷം തീർക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ ഗുണഭോക്താക്കൾ 39 ലക്ഷം വരും. ഇവയുടെയും പൂർത്തീകരിക്കാൻ പോകുന്ന മറ്റ് പ്രോജക്ടുകളുടെയും ആകെ ഗുണഭോക്താക്കൾ ഒരു കോടിയിലേറെ വരും.

123. കുടിവെള്ള മേഖലയ്ക്ക് 1058 കോടി വകയിരുത്തുന്നു. തുടങ്ങിക്കഴിഞ്ഞിട്ടുള്ള പുതിയ പദ്ധതികൾ പൂർത്തീകരിക്കുന്നതിനാണ് ഇതിൽ പകുതിയിലേറെ തുക വകയിരുത്തിയിട്ടുള്ളത്. അതോടൊപ്പം നിലവിലുള്ള സ്കീമുകളുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും പഴയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ നവീകരിക്കുന്നതിനും 90 കോടിയുണ്ട്.

കുമരകം, പാറശാല, തലശേരി, എരുമേലി എന്നീ പുതിയ സ്കീമുകൾക്കായി 72 കോടി രൂപ വകയിരുത്തുന്നു.

124. കുട്ടനാട് താലൂക്കിലെ സമഗ്ര ശുദ്ധജല പദ്ധതിക്കുള്ള ജപ്പാൻ ധനസഹായം സംബന്ധിച്ച് ഈ വർഷം തീരുമാനമുണ്ടാകും. നിലവിലുള്ള കുടിവെള്ള പമ്പിംഗ് സ്റ്റേഷനുകളുമായി ബന്ധപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും അണു വിമുക്ത കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള സ്കീമിന് നബാർഡ് 25 കോടി രൂപ പ്രത്യേക ധനസഹായം നൽകുന്നതാണ്. ചീക്കോട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഫെറോക്, കരുവൻതിരുത്തി വില്ലേജുകളിലെ കുടിവെള്ളവിതരണ പദ്ധതി, ആലപ്പുഴ നഗരസഭയിലെ നെഹ്റുട്രോഫി, പുന്തോപ്പ്, ചാത്തനാട് വാർഡുകൾക്ക് വേണ്ടിയുള്ള നഗരകുടിവെള്ള പദ്ധതി, കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ വില്ലേജുകൾക്കുള്ള കുടിവെള്ളപദ്ധതി, വിതുര, തൊളിക്കോട് കുടിവെള്ള പദ്ധതി എന്നിവയ്ക്ക് ഈ വർഷം അനുമതി നൽകുന്നതാണ്.

125. ആലുവയിലെ സംസ്ഥാന ജല ഗുണനിലവാര പരിശോധനാ ഇൻസ്റ്റിറ്റ്യൂട്ട് മെച്ചപ്പെടുത്തുകയും വെല്ലിംഗ്ടൺ വാട്ടർ മ്യൂസിയം സ്ഥാപിക്കുകയും ചെയ്യും. അരുവിക്കരയിൽ നിന്നുള്ള കുപ്പിവെള്ളം 2010 – 11 ൽ വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാകും.

## ഭാഗം – 7

## ക്ഷേമ പ്രവർത്തനങ്ങൾ

### സാമൂഹ്യക്ഷേമം

126. സമഗ്രമായ സാമൂഹ്യ സുരക്ഷാപദ്ധതി സംബന്ധിച്ച കമ്മിഷന്റെ കരട് റിപ്പോർട്ട് പരിഗണനയിലാണ്. ഇപ്പോൾ നിലവിലുള്ള ക്ഷേമ പദ്ധതികൾ ശക്തിപ്പെടുത്തുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞതു പോലെ വിവിധതരത്തിലുള്ള ക്ഷേമപെൻഷൻ വാങ്ങുന്നവരുടെ ഏകീകരിച്ച പട്ടികയുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. തന്മൂലം മേൽപറഞ്ഞ പെൻഷനുകളൊന്നും ലഭിക്കാത്ത 65 വയസ് കഴിഞ്ഞ

എല്ലാ ദരിദ്രർക്കും 100 രൂപ പ്രതിമാസം നൽകാനുള്ള നിർദ്ദേശവും നടപ്പായില്ല. എല്ലാ പെൻഷൻ ഗുണഭോക്താക്കൾക്കും ബയോമെട്രിക് ഐഡന്റിറ്റി കാർഡ് ഉണ്ടാക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തുന്നു. ഇതിനായി 4 കോടി രൂപ വകയിരുത്തുന്നു. ആഗസ്റ്റ് മാസത്തിനുള്ളിൽ സമ്പൂർണ ലിസ്റ്റ് തയ്യാറാക്കി 300 രൂപ പെൻഷൻ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ.

127. സാമൂഹ്യക്ഷേമത്തിന് 190 കോടി രൂപ വകയിരുത്തുന്നു. മുഖ്യമായും ഇത് വിവിധ പെൻഷനുകൾക്കും ധനസഹായങ്ങൾക്കും വേണ്ടിയാണ്. സിവിൽ സപ്ലൈസ് നടപ്പാക്കുന്ന അന്നപൂർണ സ്കീമിനുള്ള പണവും ഇതിൽ നിന്നാണ് നൽകേണ്ടത്. ക്ഷയരോഗികൾക്കുള്ള പ്രതിമാസ ചികിത്സാ ധനസഹായം 50 രൂപയിൽ നിന്ന് 300 രൂപയായി ഉയർത്തുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളിലെ പരിശീലനാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പെന്റ് 200 രൂപയിൽ നിന്ന് 300 രൂപയാക്കി വർദ്ധിപ്പിക്കുന്നു.

128. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള പ്രത്യേക പദ്ധതികൾക്ക് 9 കോടി രൂപ വകയിരുത്തുന്നു. വിവിധ സാമൂഹ്യസുരക്ഷിതത്വ നിയമങ്ങൾ നടപ്പാക്കുന്നതിന് 1 കോടി രൂപയും വനിതാ വികസന കോർപറേഷന് 2.2 കോടി രൂപയും വനിതാ കമ്മിഷന് 1 കോടി രൂപയും സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾക്കു വേണ്ടി 3 കോടി രൂപയും നീക്കിവെയ്ക്കുന്നു. പിണറായിയിൽ പുതുതായി അങ്കണവാടി പരിശീലന കേന്ദ്രം ആരംഭിക്കുന്നതാണ്.

## പ്രത്യേക ഘടകപദ്ധതി

129. പ്രത്യേക ഘടകപദ്ധതിയ്ക്ക് സംസ്ഥാന പ്ലാനിൽ 399 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ 63 ശതമാനവും പാർപ്പിട മേഖലയ്ക്കു വേണ്ടിയാണ് നീക്കിവെച്ചിട്ടുള്ളത്. 120 കോടി രൂപ വീടിനും 90 കോടി രൂപ സ്ഥലമില്ലാത്തവർക്ക് വീടുവെയ്ക്കാൻ സ്ഥലം വാങ്ങി നൽകാനുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേക ഘടകപദ്ധതി ഫണ്ട് പൂർണമായും പാർപ്പിടത്തിനായി

നീക്കിവെയ്ക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതുകൊണ്ടും തികഞ്ഞില്ലെങ്കിൽ വിവിധ വകുപ്പുകൾക്കായുള്ള 50 കോടി രൂപ പ്ലാൻ ഫണ്ടിൽ നിന്നും 19 കോടി രൂപ കോർപസ് ഫണ്ടിൽ നിന്നും കണ്ടെത്തുന്നതാണ്.

130. പാർപ്പിടം കഴിഞ്ഞാൽ വിദ്യാഭ്യാസത്തിനാണ് മുൻഗണന. ഇതിനായി വകയിരുത്തിയിട്ടുള്ള 25 കോടി രൂപയിൽ 12 കോടി രൂപ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കാണ്. മറ്റൊരു 5.5 കോടി രൂപ ഹോസ്റ്റലുകളുടെയും മറ്റും നവീകരണത്തിന് മാറ്റിവെച്ചിരിക്കുന്നു. പട്ടികജാതി പട്ടിക വർഗ കോർപറേഷന് ഓഹരി മൂലധനത്തിനായി 5.6 കോടി രൂപയും എസ്‌സി – എസ്ടി ഫെഡറേഷനു 1 കോടി രൂപയും വകയിരുത്തുന്നു.

131. പിസിആർ നിയമം നടപ്പാക്കുന്നതിന് 3.5 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മൂന്ന് സഞ്ചരിക്കുന്ന കോടതികൾ സ്ഥാപിക്കുന്നതാണ്. ചികിത്സാ വിവാഹ സഹായ ധനത്തിനായി 9 കോടി രൂപ നീക്കിവെയ്ക്കുന്നു.

## പട്ടിക വർഗ ഉപപദ്ധതി

132. പട്ടിക വർഗ ഉപപദ്ധതിയ്ക്കായി സംസ്ഥാന പദ്ധതിയിൽ 116 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഏറ്റവും മുന്തിയ പരിഗണന വിദ്യാഭ്യാസത്തിനാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് മാത്രമായി 33 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മറ്റു വിദ്യാഭ്യാസ പരിപാടികൾക്കായി 10 കോടി രൂപയും. രണ്ടാം മുൻഗണന പാർപ്പിടത്തിനാണ്. വീടുകൾക്ക് ധനസഹായം നൽകുന്നതിന് 10 കോടി രൂപയും ഭൂരഹിത പട്ടിക വർഗക്കാരുടെ പുനരധിവാസത്തിനു 15 കോടി രൂപയും നീക്കിവെച്ചിരിക്കുന്നു. ഇവരുടെ പുനരധിവാസത്തിനു പ്രത്യേക ട്രൈബൽ മിഷൻ രൂപീകരിച്ചു. ഏതാനും മാസങ്ങൾക്കുള്ളിൽ സർവെ പൂർത്തിയാക്കി വനവാസ നിയമപ്രകാരം അർഹതയുള്ള 35,000

കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി നൽകുക എന്നതാണ് മിഷന്റെ കടമ. മിഷന്റെ പ്രവർത്തനങ്ങൾക്ക് 1 കോടി രൂപ നീക്കിവെയ്ക്കുന്നു.

133. പട്ടിക വർഗ ഉപപദ്ധതിയുടെ പൂൾ ഫണ്ട് 5 കോടി രൂപയും കോർപസ് ഫണ്ട് 3.12 കോടി രൂപയുമാണ്. ആറളം ഫാം കേന്ദ്രീകരിച്ച് നടപ്പാക്കുന്ന ഹരിതം പേരാവൂർ കാർഷിക പദ്ധതിയ്ക്ക് പ്രത്യേക സഹായമായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

## മറ്റ് പിന്നോക്ക സമുദായങ്ങൾ

134. 24 കോടി രൂപയാണ് മറ്റ് പിന്നാക്ക സമുദായങ്ങൾക്ക് വേണ്ടി വകയിരുത്തിയിട്ടുള്ളത്. പരിവർത്തിത ക്രിസ്ത്യാനികൾക്കായുള്ള വികസന കോർപറേഷന് 3.5 കോടി രൂപയും മറ്റ് പിന്നാക്ക സമുദായങ്ങൾക്കായുള്ള വികസന കോർപറേഷന് 7 കോടി രൂപയും വകയിരുത്തുന്നു. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനായി 8 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള 6 കോടി രൂപയിൽ പകുതി സംസ്ഥാന വിഹിതമാണ്. പരിവർത്തിത ക്രിസ്ത്യാനികൾക്കുള്ള കടാശ്വാസത്തിന് 2 കോടി രൂപയും നീക്കിവെയ്ക്കുന്നു.

## ന്യൂനപക്ഷക്ഷേമം

135. ഹജ്ജ് കമ്മിറ്റിയ്ക്കും വഖഫ് ബോർഡിനും 20 ലക്ഷം രൂപ വീതം അനുവദിക്കുന്നു. പാലൊളി കമ്മിറ്റി നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതാണ്. കളക്ടറേറ്റുകളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഇതിനോടകം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 5 കോടി രൂപ ഇതിനായി നീക്കിവെയ്ക്കുന്നു.

## പ്രവാസി മലയാളികൾ

136. നോർക്കയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 6 കോടി രൂപ വകയിരുത്തുന്നു. പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. പ്രവാസികൾക്കായുള്ള കെഎഫ്സിയുടെ 100 കോടി രൂപയുടെ പ്രത്യേക വായ്പാപദ്ധതി ഫലപ്രദമായി പുനരാവിഷ്ക്കരിച്ച് നടപ്പാക്കുന്നതാണ്. മലയാള മിഷനുവേണ്ടി 2 കോടി രൂപ നീക്കിവയ്ക്കുന്നു.

## കേരള ഹൗസിംഗ് ബോർഡ്

137. ഹൗസിംഗ് ബോർഡിന് 23 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 15 കോടി രൂപ എംഎൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയ്ക്കുള്ളതാണ്. നഗരങ്ങളിൽ സാധാരണക്കാർക്ക് വേണ്ടിയുള്ള ഫ്ളാറ്റുകൾ നിർമ്മിക്കുന്ന പുതിയ സ്കീം ആരംഭിക്കുന്നതാണ്. ദേവികുളത്ത് സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള ക്വാർട്ടേഴ്സിന് 2 കോടി രൂപയും മറ്റു കേന്ദ്രങ്ങൾക്ക് 3 കോടി രൂപയും വകയിരുത്തുന്നു.

138. പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപറേഷന് 6 കോടി രൂപ വകയിരുത്തിയിരിക്കുന്നു. നിർമ്മിതി കേന്ദ്രത്തിന് 5 കോടി രൂപയും ലാറി ബേക്കർ അന്തർ ദേശീയ സ്കൂളിന് 1.5 കോടി രൂപയും വകയിരുത്തുന്നു.

## ഭാഗം – 8

## പ്രാദേശിക സർക്കാരുകൾ

139. നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാലാവധി തീരുന്നതിന് ആറു മാസമേയുള്ളൂ. ഈ കാലയളവിനുള്ളിൽ ഇതിനകം തുടക്കം കുറിച്ച താഴെ പറയുന്ന കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനാണ് മുൻഗണന നൽകുന്നത്.

*i)* ഇഎംഎസ് പാർപ്പിട പദ്ധതി

*ii)* 50,000 ആശ്രയ കുടുംബങ്ങൾക്ക് സഹായവും കുടുംബശ്രീ യൂണിറ്റുകൾക്ക് നാലു ശതമാനത്തിന് ബാങ്ക് വായ്പയും

*iii)* സമ്പൂർണ ഗ്രാമീണ റോഡ് നവീകരണ പദ്ധതി

## ഗ്രാമവികസനം

140. 2010 – 11ൽ പഞ്ചായത്തുകൾക്ക് വികസനഫണ്ടായി 1714.72 കോടി രൂപയും ജനറൽ പർപ്പസ് ഫണ്ടായി 351.22 കോടി രൂപയും മെയിന്റനൻസ് ഫണ്ടായി 360.74 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സർവശിക്ഷാ അഭിയാൻ, എൻആർഎച്ച്എം, ദേശീയ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ പഞ്ചായത്തുകൾ വഴിയാണ് നടപ്പിലാക്കുന്നത്.

141. എസ്.ജി.എസ്.വൈയിൽ എസ്.സി–എസ്ടി വിഹിതമടക്കം ആകെ 20.4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഐ.എ.വൈയിൽ 32,840 കുടുംബങ്ങൾക്ക് വായ്പ ലഭിക്കും. ഇതിനായി 71 കോടി രൂപ കേന്ദ്രസർക്കാരും 23 കോടി രൂപ സംസ്ഥാന സർക്കാരും 158 കോടി രൂപ പഞ്ചായത്തുകളും വഹിക്കുന്നു.

142. പിഎംജിഎസ്‌വൈ റോഡ് പദ്ധതിയുടെ എട്ട് മീറ്റർ വീതി നിബന്ധന മാറ്റുന്നതിന് കേന്ദ്രസർക്കാർ തയ്യാറല്ല. ഇത് സ്കീമിന്റെ നടത്തിപ്പിന് വലിയ തടസം സൃഷ്ടിക്കുന്നു. പതിനഞ്ച് ശതമാനം ടെൻഡർ എക്സെസും യൂട്ടിലിറ്റീസ് മാറ്റുന്നതിന് ആവശ്യമായ ചെലവും സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. ഇതിനായി 20 കോടി രൂപ വകയിരുത്തുന്നു. പിഎംജിഎസ്‌വൈയ്ക്ക് 2000–01 മുതൽ 2005-06 വരെ കാലയളവിൽ 450 റോഡുകൾക്ക് അനുവദിച്ചു കിട്ടിയ 199 കോടി രൂപയിൽ 35 ശതമാനമേ ഇതുവരെ ചെലവായിട്ടുള്ളൂ. എന്നാൽ 2006 മുതൽ 2009 ഡിസംബർ വരെ 484 റോഡുകൾക്ക് അനുവദിച്ച 515 കോടി രൂപയിൽ 47 ശതമാനം ചെലവായിട്ടുണ്ട്. 265 കോടി

രൂപയ്ക്കുള്ള 258 റോഡ് പ്രോജക്ടുകൾ കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

143. അട്ടപ്പാടി പദ്ധതി ഈ മാർച്ചിൽ അവസാനിക്കുകയാണ്. തുടങ്ങിക്കഴിഞ്ഞ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് 17.5 കോടി വകയിരുത്തുന്നു. 12 കോടി രൂപയുടെ ഹരിയാലി പദ്ധതി ഏറ്റെടുക്കുന്നതാണ്. ക്ലീൻ കേരള മിഷന് 9 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തൃശൂരിലെ ഹരിത മണപ്പുറം പദ്ധതിയ്ക്ക് 20 ലക്ഷം രൂപ വകയിരുത്തുന്നു.

144. അധികാര വികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കുന്നതിനുള്ള നടപടികൾ തുടരുകയാണ്. ഫ്രണ്ട് ഓഫീസ് കമ്പ്യൂട്ടറൈസേഷൻ, ഓൺലൈൻ സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്കുള്ള ക്രമീകരണം നടന്നു വരികയാണ്. ഗിഫ്റ്റിൽ ധനകാര്യ വികേന്ദ്രീകരണം സംബന്ധിച്ച് ഒരു പ്രത്യേക സെൽ രൂപീകരിക്കും. നാലാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ റിപ്പോർട്ട് നടപ്പിലാക്കും. തദ്ദേശ സ്വയംഭരണവകുപ്പിൽ ഒരു സോഷ്യൽ ഓഡിറ്റ് സെൽ ആരംഭിക്കുന്നതാണ്. പതിനൊന്നിന പരിപാടി പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന ലൈബ്രേറിയൻമാരെ പാർട്ട് ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതാണ്.

## കുടുംബശ്രീ

145. കുടുംബശ്രീ രൂപീകരിച്ചതിന് ശേഷം 2008 - 09 വരെ ആകെ 50.48 കോടി രൂപയാണ് ചെലവിട്ടത്. 2009 - 10 ൽ 100 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ ഗതിവേഗം 2010 - 11 ലും നിലനിർത്തുന്നതിനു വേണ്ടി 50 കോടി രൂപ കുടുംബശ്രീയ്ക്ക് വകയിരുത്തുന്നു. ഇതിന് പുറമെ, നഗരമേഖലയിലെ കേന്ദ്ര സ്വയം തൊഴിൽ പരിപാടി, ചേരി വികസന പരിപാടി, നഗര ദരിദ്രർക്കു വേണ്ടിയുള്ള അടിസ്ഥാന സൗകര്യപരിപാടി എന്നീ ഇനങ്ങളിൽ 174 കോടി രൂപ കുടുംബശ്രീ വഴിയായിരിക്കും ചെലവഴിക്കുക.

146. ഒമ്പത് ശതമാനത്തിന് കുടുംബശ്രീയ്ക്ക് വായ്പ നൽകുന്നതിന് പ്രമുഖ വാണിജ്യ ബാങ്കുകളും സഹകരണ മേഖലയും സമ്മതിച്ചിട്ടുണ്ട്. അഞ്ചു ശതമാനം കുടുംബശ്രീ മിഷൻ സബ്സിഡിയായി നൽകും. അങ്ങനെ

നാല് ശതമാനത്തിനായിരിക്കും കുടുംബശ്രീയ്ക്ക് ഇനി മേൽ ബാങ്ക് വായ്പ ലഭിക്കുക. ഇതിനാവശ്യമായ ഗ്രേഡിംഗ് നടത്തുന്നതിനും നിലവിലുള്ള വായ്പകൾ റീ ഷെഡ്യൂൾ ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഓണത്തോടെ ഈ പ്രക്രിയ പൂർത്തിയാകും. കേരളത്തിലെ മുഴുവൻ പേർക്കും സർക്കാർ സൗജന്യമായി വീടു നൽകുന്ന പശ്ചാത്തലത്തിൽ ഭവനശ്രീ വായ്പ തിരിച്ചടയ്ക്കുന്നതിന് കുടുംബശ്രീയെ നിർബന്ധിക്കുന്നത് ശരിയല്ല. ഈ വായ്പകൾ സർക്കാർ ഏറ്റെടുക്കുന്നു. ഇതിലേയ്ക്കായി 10 കോടി രൂപ ഇപ്പോൾ വകയിരുത്തുന്നു.

147. കുടുംബശ്രീ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ 10000 ഹെക്ടറിൽ നെൽകൃഷിയും 8000 ഹെക്ടറിൽ പച്ചക്കറിയും കൃഷി ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കുടുംബശ്രീ മിഷൻ നൽകുന്ന 5 ശതമാനം വായ്പാ സബ്സിഡി കുടുംബശ്രീ കൃഷി ഗ്രൂപ്പുകൾക്കും ലഭ്യമാക്കുന്നതാണ്. ഫലത്തിൽ കുടുംബശ്രീ സംഘകൃഷിക്കാർക്ക് ഒരു ശതമാനത്തിന് കാർഷിക വായ്പ ലഭ്യമാകും.

## ഇഎംഎസ് പാർപ്പിട പദ്ധതി

148. എല്ലാവർക്കും വീടു നൽകുന്നതിനു വേണ്ടിയുള്ള അതിബൃഹത്തായ പാർപ്പിട പദ്ധതി പ്രാവർത്തികമാവുകയാണ്. ഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആദ്യഗഡു കൈമാറിക്കഴിഞ്ഞു. ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെല്ലാം അതത് പഞ്ചായത്തുകളിലെ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കാനുള്ള അനുവാദം നൽകിയിട്ടുണ്ട്. ഇഎംഎസ് പാർപ്പിട പദ്ധതിയിലുള്ള വീടുകൾക്ക് സഹായവിലയ്ക്ക് മണൽ ലഭ്യമാക്കുന്നതിന് കലവറ വഴി നടപടി സ്വീകരിച്ചിട്ടുണ്ട്.

149. എംഎൻ പാർപ്പിട പദ്ധതിയിൽ ഇനി ഏതാണ്ട് 50000 വീടുകളാണ് നവീകരിക്കാനുള്ളത്. ഇതിലേയ്ക്ക് 15 കോടി രൂപ വകയിരുത്തുന്നു. തികയാത്ത പണം ഇഎംഎസ് പാർപ്പിട പദ്ധതിയ്ക്കുള്ള വായ്പയിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഐഎവൈ പദ്ധതിയുടെ 60 ശതമാനം

പണവും പഞ്ചായത്തുകളാണ് നൽകുന്നത്. ഇഎംഎസ് പാർപ്പിട പദ്ധതിയുടെ ബാങ്ക് ബാധ്യതയിലേയ്ക്ക് 100 കോടി രൂപ വകയിരുത്തുന്നു.

## സമ്പൂർണ്ണ ഗ്രാമീണ റോഡ് നവീകരണ പദ്ധതി

150. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൂർണ്ണമായും ഈ വേനൽക്കാലത്ത് അറ്റകുറ്റപ്പണി പൂർത്തിയാക്കുന്നതിന് വേണ്ടി ഒരു സമഗ്രപരിപാടി നടപ്പാക്കുകയാണ്. ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്ന് പത്തു ശതമാനവും റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 20 ശതമാനവും ഇതിനായി നീക്കിവെയ്ക്കാൻ അനുവാദം നൽകിയിട്ടുണ്ട്. ഇതിന് പുറമെ അടുത്ത വർഷം 30 ശതമാനം പദ്ധതിപ്പണം റോഡിനായി നീക്കിവെയ്ക്കുന്നതിനും അതിൽ നിന്ന് ആവശ്യമായ തുക ഇപ്പോൾ തന്നെ റോഡ് മെയിന്റനൻസിന് വിനിയോഗിക്കുന്നതിനും അനുവാദം നൽകിയിട്ടുണ്ട്. അടുത്ത വർഷത്തെ മെയിന്റനൻസ് ഗ്രാന്റിനും റോഡിതര മെയിന്റനൻസിലെ 20 ശതമാനത്തിനും ഈ വർഷം ഭരണാനുമതി നൽകാവുന്നതാണ്. ചെമ്മൺപാതകളും മറ്റും നവീകരിക്കുന്നതിന് എൻ.ആർ.ഇ.ജി.പി ഉപയോഗപ്പെടുത്താവുന്നതാണ്. മൊത്തം 1480 കോടി രൂപ ഇപ്രകാരം റോഡ് മെയിന്റനൻസിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇവയ്ക്കെല്ലാം അനുവാദം നൽകിയശേഷം അവശേഷിക്കുന്ന റോഡുകളുടെ മെയിന്റനൻസ് നടത്തുന്നതിനു പ്രത്യേക സഹായം സർക്കാർ നൽകുന്നതാണ്. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് 250 കോടി ഇതിലേയ്ക്ക് അധികമായി നൽകുന്നതാണ്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

151. കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് ദേശീയ അംഗീകാരം നേടിയിട്ടുണ്ട്. ചിട്ടകൾ പാലിക്കണമെന്ന ശാഠ്യം തുടക്കത്തിൽ പണം ചെലവിടുന്നതിന് തടസമായിട്ടുണ്ട്. എന്നാൽ ഈ സ്ഥിതി ഇപ്പോൾ മാറിയിട്ടുണ്ട്. 2009 – 10ൽ 500 കോടി രൂപയാണ് ദേശീയ തൊഴിലുറപ്പ്

പദ്ധതി വഴി ചെലവാകുക. കഴിഞ്ഞ വർഷത്തിന്റെ ഇരട്ടി തുക ഈ വർഷം ചെലവഴിക്കും.

152. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് പുറമെ, തരിശ് പ്രദേശങ്ങളിലും പുരയിടങ്ങളിലും മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് വലിയ തോതിൽ തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇഎംഎസ് പാർപ്പിട പദ്ധതിയ്ക്കും നാണ്യവിളകളുടെ റീ പ്ലാന്റിംഗിനും തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തുന്നതിന് അനുവാദം നൽകാത്തത് ദൗർഭാഗ്യകരമാണ്.

153. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ ഇന്നുണ്ടായിരിക്കുന്ന ഏറ്റവും വലിയ ഭീഷണി ഈ സ്കീമിന്റെ നടത്തിപ്പ് സന്നദ്ധ സംഘടനകളെ ഏൽപ്പിക്കുന്നതിനുള്ള നീക്കമാണ്. സന്നദ്ധസംഘടനകളുടെ പങ്കാളിത്തം നേരത്തെ തന്നെ അനുവദനീയമായിരുന്നുവെങ്കിലും ഇനിയത് നിർബന്ധിതമാക്കുന്നതിനാണ് കേന്ദ്രസർക്കാർ ഒരുങ്ങുന്നത്. ഇത് കേരളത്തിന് സ്വീകാര്യമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ സംവിധാനത്തിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയായിട്ടാണ് തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്. ഇത് ഫലപ്രദമാണെന്ന് തെളിഞ്ഞു കഴിഞ്ഞു. ഇത് ദുർബലപ്പെടുത്താനുള്ള നീക്കം വിഭാഗീയ ഇടപെടലുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതിലേയ്ക്കും നയിക്കും.

## നഗരവികസനം

154. നഗരമേഖലയ്ക്ക് മൊത്തം 901 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മുൻസിപ്പാലിറ്റികൾക്കും കോർപറേഷനുകൾക്കും 294.9 കോടി രൂപ വികസനഫണ്ടായും 88.01 കോടി രൂപ ജനറൽ പർപ്പസ് ഗ്രാന്റായും 37.73 കോടി രൂപ മെയിന്റനൻസ് ഗ്രാന്റായും വകയിരുത്തുന്നു.

155. ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ, നഗരസുസ്ഥിര പദ്ധതി എന്നിവയ്ക്കായി 514 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. യുഡിസ്മാറ്റിൽ നിന്ന് 169 കോടി രൂപയാണ് ഈ വർഷം ലഭിക്കുക.

ചേരി വികസനത്തിനും നഗരദരിദ്രർക്കും വേണ്ടിയുള്ള പ്രത്യേക പരിപാടികൾക്ക് 170 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

156. കാപ്പിറ്റൽ സിറ്റി പ്രോഗ്രാമിന് 10.5 കോടി രൂപയും നഗരമേഖലയിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് 13 കോടി രൂപയും വകയിരുത്തുന്നു. ആറ്റുകാൽ ക്ഷേത്ര നഗരി വികസന പദ്ധതി ഈ വർഷം നടപ്പാക്കിത്തുടങ്ങും. ജില്ലാ ആസൂത്രണ സമിതികൾക്ക് ആസ്ഥാന മന്ദിരം പണിയുന്നതിന് 6 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

## ഭാഗം - 9

## പൊതുഭരണം

### സഹകരണം

157. ധനഉത്തരവാദിത്ത നിയമങ്ങൾ സംസ്ഥാന സർക്കാരിനെ വരിഞ്ഞു കെട്ടുന്ന വേളയിൽ സമ്പദ്ഘടനയിൽ ഇടപെടുന്നതിന് സുപ്രധാനമായ പങ്ക് സഹകരണ മേഖലയ്ക്ക് വഹിക്കാനാകും. ഇഎംഎസ് പാർപ്പിട പദ്ധതിയ്ക്ക് വായ്പ നൽകാൻ സംസ്ഥാന സർക്കാരിനോ വാണിജ്യ ബാങ്കുകൾക്കോ കഴിയാത്ത സാഹചര്യത്തിൽ അത് യാഥാർത്ഥ്യ മാക്കിയത് സഹകരണ മേഖലയാണ്.

158. സഹകരണ മേഖലയ്ക്കുള്ള ധനസഹായം 20 കോടിയിൽ നിന്ന് 42 കോടി രൂപയായി ഉയർത്തുന്നു. ഇതിൽ 6 കോടി രൂപ ക്രെഡിറ്റ് സംഘങ്ങൾക്കും ബാങ്കുകൾക്കും ധനസഹായം നൽകുന്നതിന് വേണ്ടിയും 3 കോടി രൂപ സംസ്കരണ സഹകരണ സംഘങ്ങൾക്കുള്ള എൻ.സി.ഡി.സി ധനസഹായത്തിന്റെ സംസ്ഥാന വിഹിതമായിട്ടുമാണ് വകയിരുത്തിയിട്ടുള്ളത്. ഇന്ന് സഹകരണ മേഖലയ്ക്കുള്ള സഹായം മുഖ്യമായും എൻസിഡിസി വായ്പയാണ്. എന്നാൽ ഈ വായ്പ സഹകരണ സംഘങ്ങൾ തിരിച്ചടയ്ക്കുന്ന പതിവില്ല. ബാധ്യത മുഴുവൻ സംസ്ഥാന സർക്കാരാണ് പേറുന്നത്. തന്മൂലം കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഇത്തരം വായ്പകൾ അവസാനിപ്പിച്ചു എന്ന് പറയാം. എന്നാൽ ഇപ്പോൾ വീണ്ടും എൻസിഡിസി വായ്പകൾ പുനരാരംഭിച്ചു. 2009-10–ൽ സംസ്ഥാന സർക്കാർ ഈയിനത്തിൽ എൻസിഡിസിയ്ക്ക്

തിരിച്ചടച്ചത് 62.80 കോടി രൂപയാണ്. തിരിച്ചടവ് ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾക്കേ എൻ.സി.ഡി.സി വായ്പകൾ അനുവദിക്കൂ.

159. കൺസ്യൂമർ ഫെഡ് ഉൽസവകാലത്ത് നടത്തുന്ന പ്രത്യേക ചന്തകൾക്ക് സബ്സിഡി ഇനത്തിൽ 20 കോടി രൂപ വകയിരുത്തുന്നു. ഡാപ്കോയ്ക്ക് ഓഹരി മൂലധനമായി 25 ലക്ഷം രൂപ വകയിരുത്തുന്നു. വിപുലീകരണത്തിന് കെഎഫ്സിയിൽ നിന്ന് വായ്പ ലഭ്യമാക്കും.

## റവന്യൂ

160. ലാൻഡ് റെക്കോർഡുകളുടെ നവീകരണമാണ് റവന്യൂ വകുപ്പിലെ പ്രധാന പ്ലാൻ സ്കീം. ഭൂമി കേരളം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, തൃശൂർ, മലപ്പുറം ജില്ലകളിലെ റീസർവെ ഈ വർഷം ഏറ്റെടുക്കുകയാണ്. വില്ലേജ് ഓഫീസുകളുടെയും മറ്റും നവീകരണത്തിനും പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിനുമായി 3.5 കോടി രൂപ നൽകുന്നു. ലാൻഡ് ബാങ്കിന് 1.25 കോടി രൂപ വകയിരുത്തുന്നു.

161. സുനാമി പദ്ധതി മാർച്ച് 31ന് അവസാനിക്കും. ആരംഭിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിന് 37 കോടി രൂപ ബജറ്റിൽ നിന്ന് ലഭ്യമാക്കും. മതിലകം, അഗളി, അരൂർ എന്നിവിടങ്ങളിൽ പുതിയ മിനിസിവിൽ സ്റ്റേഷനുകൾക്ക് അനുവാദം നൽകുന്നതാണ്.

162. മൂന്നാർ പട്ടണം ടാറ്റയിൽനിന്ന് സർക്കാർ ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതാണ്. അവിടെ പ്രത്യേക വികസന അതോറിറ്റിയുടെ കീഴിൽ നവീന മൂന്നാർ പണിയുന്നതിന് 20 കോടി വകയിരുത്തുന്നു.

## ട്രഷറി

163. 2010 – 11 ധനകാര്യവർഷം അവസാനിക്കുമ്പോഴേയ്ക്കും കേരളത്തിലെ ട്രഷറി സംവിധാനം അടിമുടി മാറിക്കഴിഞ്ഞിരിക്കും. പുതിയ ട്രഷറികൾ പണിയുന്നതിനും പഴയവ നവീകരിക്കുന്നതിനും വേണ്ടി 60 കോടി

രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് ഇതിനകം അനുവാദം നൽകിയത്. കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് പുതിയ കമ്പ്യൂട്ടറുകൾക്കും സെൻട്രൽ സെർവറിനും കോർബാങ്കിംഗ് സോഫ്റ്റ്‌വെയറിനും ടെൻഡർ വിളിച്ചിട്ടുണ്ട്. എടിഎം ആഗസ്റ്റ് മാസം മുതൽ നടപ്പിലാകും. ആധുനിക ധനകാര്യ സ്ഥാപനത്തിന്റെ കെട്ടും മട്ടും മാത്രമല്ല, പ്രവർത്തന രീതിയും ട്രഷറി സ്വായത്തമാക്കുകയാണ്. സംസ്ഥാന ധനകാര്യ മാനേജ്മെന്റിന്റെ കേന്ദ്രബിന്ദുവായി ട്രഷറി നവീകരണം മാറിക്കൊണ്ടിരിക്കുന്നു.

## രജിസ്ട്രേഷൻ

164. രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷന് 2.5 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. അണ്ടർവാലേഷൻ കേസുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയോടൊപ്പം രജിസ്ട്രാർ ഓഫീസുകളുടെ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും ഉദാരമായ സമീപനമാണ് കൈക്കൊള്ളുന്നത്. രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനീകരണത്തിനും മറ്റുമായി 20 കോടി രൂപ പ്രത്യേകമായി വകയിരുത്തുന്നു.

## പൊലീസ്

165. പൊലീസ് നവീകരണത്തിന്റെ നല്ല പങ്ക് കേന്ദ്രധനസഹായത്തോടെയാണ്. അതോടൊപ്പം 10 കോടി രൂപയുടെ സംസ്ഥാന സ്കീമുകളും നടപ്പാക്കുന്നുണ്ട്. ജനമൈത്രി പോലീസ്, റോഡ് സുരക്ഷ, ജനസൗഹൃദ സേവന സൗകര്യങ്ങൾ, കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയവയാണ് ഇവ. 3000 ഹോം ഗാർഡുകളുടെയും 1000 ഇന്ത്യാ റിസർവ് ബറ്റാലിയൻ പോലീസിന്റെയും റിക്രൂട്ട്മെന്റ് 2010 – 11ൽ ആരംഭിക്കും. മണ്ണന്തല, ചോറ്റാനിക്കര, മങ്കട, പനമരം, മയ്യിൽ, മണ്ണഞ്ചേരി എന്നിവിടങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ ഇക്കൊല്ലം അനുവദിക്കുന്നു. കൊല്ലം, തൃശൂർ നഗരങ്ങളിൽ പോലീസ് കമ്മീഷണറേറ്റ് സംവിധാനം നടപ്പിലാക്കുന്നതാണ്.

## എക്സൈസ്

166. എക്സൈസ് അക്കാദമി പ്രവർത്തനക്ഷമമാക്കി. എറണാകുളം കച്ചേരിപ്പടി, കൊട്ടാരക്കര എന്നിവിടങ്ങളിൽ പുതിയ ഓഫീസ് സമുച്ചയങ്ങൾക്കുള്ള നടപടി സ്വീകരിച്ചു വരുന്നു. തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ഓഫീസുകളിൽ സാമൂഹിക ബാധ്യതയുടെ ഭാഗമായി ബിവറേജസ് കോർപറേഷൻ ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്.

## മോട്ടോർ വെഹിക്കിൾസ്

167. റാന്നി, അങ്കമാലി, കുന്നത്തൂർ, തിരൂരങ്ങാടി, ചാലക്കുടി എന്നിവിടങ്ങളിൽ ജോയിന്റ് ആർടി ഓഫീസുകൾ സ്ഥാപിക്കുന്നതാണ്.

## ഫയർ ആന്റ് റെസ്ക്യൂ സർവീസ്

168. കേരളത്തിൽ സമീപകാലത്തുണ്ടായ ജല - റോഡ് – കെട്ടിട ദുരന്തങ്ങൾ ഇത്തരം സ്ഥിതി വിശേഷത്തെ നേരിടുന്നതിന് നമ്മുടെ സംവിധാനങ്ങളുടെ അപര്യാപ്തത പൂർണമായി വെളിപ്പെടുത്തുകയുണ്ടായി. ഫയർ ആന്റ് റെസ്ക്യൂ ഫോഴ്സിന്റെ നവീകരണം അടിയന്തര പ്രാധാന്യത്തോടെ ഏറ്റെടുക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഇതിനായി 9 കോടി രൂപ വകയിരുത്തുന്നു. പ്രത്യേക ധനസഹായത്തിനായി പ്ലാനിംഗ് കമ്മീഷനെ സമീപിച്ചിട്ടുണ്ട്. ടെക്നോപാർക്ക് (കഴക്കൂട്ടം), ഏലൂർ വ്യവസായ കേന്ദ്രം, കുറ്റിക്കോൽ, മാള, കൊടുവള്ളി, ഇരിട്ടി, കരുനാഗപ്പള്ളി, പുതുക്കാട് എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതാണ്.

169. പൊലീസ്, ഫയർ സർവീസ്, എക്സൈസ് ജീവനക്കാർക്ക് ജോലിയുടെ ഭാഗമായി സംഭവിക്കുന്ന അത്യാഹിതങ്ങൾ, അപകടങ്ങൾ എന്നിവയെ തുടർന്ന് ചികിത്സയ്ക്കും മറ്റു സഹായങ്ങൾക്കുമായി ഒരു നിധി രൂപീകരിക്കുന്നതാണ്. ജീവനക്കാരുടെ സംഭാവനയോടൊപ്പം ഈ നിധിയിലേയ്ക്ക് സർക്കാരും ഒരു തുക സംഭാവനചെയ്യും.

## നീതിന്യായം

170. ഷെട്ടി കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനം ഏതാണ്ട് പൂർണമായിത്തന്നെ നടപ്പാക്കുകയാണ്. കോടതി നവീകരണത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം വകയിരുത്തിയിട്ടുണ്ട്. തുടക്കമെന്ന നിലയിൽ 30 ബ്ലോക്കു കേന്ദ്രങ്ങളിൽ ഗ്രാമന്യായാലയകൾ ആരംഭിക്കുന്നതാണ്. ഹൈക്കോടതിയിൽ പ്ലാനിംഗ് ആന്റ് മാനേജ്മെന്റ് യൂണിറ്റ് ആരംഭിക്കുന്നതിന് 30 ലക്ഷം രൂപ വകയിരുത്തുന്നു.

## പ്രിന്റിംഗ്

171. ഗവണ്മെന്റ് പ്രസുകളുടെ നവീകരണത്തിന് മുൻബജറ്റുകളിൽ നീക്കിവെച്ച തുക ചെലവഴിക്കപ്പെടാതെ പോവുകയാണ് പതിവ്. മെഷിനറിയും മറ്റും വാങ്ങുന്നതിന് 4.6 കോടി രൂപ വകയിരുത്തുന്നു.

## ലോട്ടറി

172. കേന്ദ്ര സർക്കാർ രൂപം നൽകിയ ലോട്ടറി നിയന്ത്രണ ചട്ടങ്ങൾ കേരള ലോട്ടറിയുടെ നടത്തിപ്പിന് വലിയ വെല്ലുവിളി ഉയർത്തിയിരിക്കുകയാണ്. പുതിയ ചട്ടപ്രകാരം ഓൺലൈൻ ലോട്ടറി മാത്രമായി നിരോധിക്കാൻ അധികാരമുണ്ടോ എന്ന കാര്യം തർക്കവിഷയമാണ്. ലോട്ടറി നിയമം ലംഘിക്കുന്ന അന്യസംസ്ഥാന - ലോട്ടറികളുടെ മേൽ നടപടി സ്വീകരിക്കാനുള്ള പൂർണ അധികാരം കേന്ദ്രം ഏറ്റെടുക്കുകയാണ്. സംസ്ഥാനത്തിന് കേന്ദ്രത്തോട് പരാതിപ്പെടാം. ഇന്ന് ലോട്ടറിയുടെ മേൽ ഏർപ്പെടുത്തിയ ഫീസ് പോലും പിരിക്കുന്നതിന് പുതിയ ചട്ടം പ്രയാസമുണ്ടാക്കുന്നു. ഈ വിപത്ത് ഒഴിവാക്കുന്നതിന് മുഴുവൻപേരും ഒരുമിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

173. 2009-10-ൽ കേരള ലോട്ടറിയുടെ വിൽപന 650 കോടി രൂപയിലെത്തുമെന്ന് കരുതുന്നു. ഇത് അടുത്ത വർഷം 750 കോടിയായി ഉയർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. ലോട്ടറി ക്ഷേമനിധിയിൽ കൂടുതൽ അംഗത്വം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പബ്ലിക് റിലേഷൻസ്

174. പബ്ലിക് റിലേഷൻസിന് 14 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 5 കോടി രൂപ ടാഗോർ തീയേറ്ററിന്റെ നവീകരണത്തിനാണ്. സുതാര്യകേരളം പരിപാടിക്ക് 1 കോടി രൂപയും സി–ഡിറ്റിന് 2 കോടി രൂപയും വകയിരുത്തുന്നു.

175. ചെക്ക് പോസ്റ്റ് അഴിമതി പുറത്തുകൊണ്ടു വരുന്നതിന് ഇടുക്കി, പാലക്കാട് പ്രസ് ക്ലബുകൾ നടത്തിയിട്ടുള്ള സേവനത്തിനുള്ള അംഗീകാരമെന്ന നിലയിൽ 15 ലക്ഷം രൂപ വീതവും എറണാകുളം, കോട്ടയം പ്രസ് ക്ലബുകളുടെ സാങ്കേതിക നവീകരണത്തിന് 15 ലക്ഷം രൂപ വീതവും വകയിരുത്തുന്നു. പത്രപ്രവർത്തകർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പ്രീമിയം സ്ഥിരം നോൺ പ്ലാൻ ഗ്രാന്റായി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് 20 ലക്ഷം രൂപ വകയിരുത്തുന്നു. വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ സർക്കാർതലത്തിലെ അഴിമതി പുറത്തുകൊണ്ടുവരുന്ന മാധ്യമ – പൊതുപ്രവർത്തകർക്കുള്ള പ്രോത്സാഹനം തുടരുന്നതാണ്. ഇതിലേയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

## ഇൻഷ്വറൻസ്

176. ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണം സംബന്ധിച്ച് ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ അഖിലേന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയ റിപ്പോർട്ട് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ധനകാര്യവർഷം അവസാനത്തോടെ ഇൻഷ്വറൻസ് വകുപ്പ് സമൂലമായി പരിഷ്കരിക്കുന്നതാണ്. മുഴുവൻ റെക്കോർഡുകളും ഡിജിറ്റൈസ് ചെയ്യുക, ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറുക, പുതിയ ഇൻഷ്വറൻസ് ഉൽപന്നങ്ങൾ പുറത്തിറക്കുക എന്നിവയിലൂടെ കൂടുതൽ വിശ്വാസമാർജിക്കുന്നതിനും അതുവഴി ഇൻഷ്വറൻസ് ബിസിനസിൽ 300 കോടി രൂപയുടെ വർദ്ധനയും ലക്ഷ്യമിടുന്നു.

## ദേവസ്വം

177. ശബരിമല റോഡുകളുടെ സമഗ്രവികസന പരിപാടി ഈ വർഷം പൂർത്തീകരിക്കും. പ്രധാനപ്പെട്ട ക്ഷേത്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുന്നതാണ്. ഉത്തര മലബാറിലെ കാവുകളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും പ്രതിമാസ അലവൻസ് നൽകുന്നതിനായി 1 കോടി വകയിരുത്തുന്നു.

## ജീവനക്കാർ

178. ഒരു ഗഡു പോലും കുടിശികയില്ലാതെ ജീവനക്കാർക്ക് ക്ഷാമബത്ത നൽകിയ സർക്കാരാണിത്. നിർത്തലാക്കിയിരുന്ന ഭവനവായ്പാ പദ്ധതി പുനസ്ഥാപിച്ച് 50 കോടി രൂപ അനുവദിച്ചു. ഇതുപോലെ ചെയ്ത ഓരോ കാര്യവും എടുത്തു പറയുന്നില്ല. ക്ലാസ് ഫോർ ജീവനക്കാരുടെ പെൺമക്കൾക്ക് ലഭിക്കുന്ന വിവാഹധനസഹായ വായ്പ 30,000 രൂപ ആയി ഉയർത്തുന്നു. പലിശ 9 ശതമാനത്തിൽ നിന്ന് 8 ശതമാനമായി കുറയ്ക്കുന്നു. അഞ്ചു വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണമെന്ന തത്ത്വം പാലിച്ചു കൊണ്ട് പുതിയ ശമ്പള പരിഷ്കരണ കമ്മിഷനെ നിയമിച്ചു. ഈ ധനകാര്യ വർഷം അവസാനത്തോടെ ശമ്പള പരിഷ്കരണം നടപ്പാക്കുകയും ചെയ്യും. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് സ്കീം നിലവിലുണ്ടെങ്കിലും താഴെത്തലങ്ങളിലുള്ള ഓഫീസുകളിലെ ജീവനക്കാർക്കും അധ്യാപകർക്കും യഥാസമയം റീ ഇംബേഴ്സ്മെന്റ് ലഭിക്കാറില്ല. ഇത് പരിഹരിക്കുന്നതിനായി വെബ് അധിഷ്ഠിത സീനിയോറിറ്റി സംവിധാനം ഏർപ്പെടുത്തുന്നതാണ്.

## ഭരണപരിഷ്കാരം

179. ഇ-ഗവേണൻസിന്റെ അടിസ്ഥാനത്തിലുള്ള ഭരണപരിഷ്കാര നടപടികളാണ് കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്പാർക്ക് പദ്ധതിയുടെ നടത്തിപ്പാണ്. സർവീസ്

റെക്കോർഡുകൾ മുഴുവൻ ഡിജിറ്റൈസ് ചെയ്യുകയും പേ റോളും ജീവനക്കാരുടെ മറ്റ് സേവനവേതന ആനുകൂല്യങ്ങളുടെ നിർണയവും കമ്പ്യൂട്ടറൈസ് ചെയ്യുന്നതും ഭരണകാര്യക്ഷമത ഗണ്യമായി മെച്ചപ്പെടുത്തും. ട്രഷറിയുടെ സമൂലമായ പരിഷ്കാരത്തെക്കുറിച്ചും നികുതി വകുപ്പിലെ ഇ – ഫയലിംഗിനെയും ഇ – റിട്ടേണിനെയും കുറിച്ചും സൂചിപ്പിച്ചു കഴിഞ്ഞുവല്ലോ. പുതുതായി സർവീസിൽ വരുന്ന മുഴുവൻ ജീവനക്കാർക്കും ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നതാണ്. ഇതിനുള്ള ചുമതല ഐഎംജിയ്ക്കാണ്.

## ഭാഗം – 10

## വിഭവ സമാഹരണം

180. 2010-11-ൽ നികുതി വരുമാനത്തിൽ 25 ശതമാനമെങ്കിലും വർദ്ധന നേടുകയെന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പതിനായിരം കോടി രൂപയുടെ പദ്ധതിയും പുതുതായി പ്രഖ്യാപിച്ചിട്ടുള്ള ക്ഷേമ പ്രവർത്തനങ്ങളും ഈ വർദ്ധന അനിവാര്യമാക്കുന്നു. 2006 – 07 മുതൽ 2008 – 09 വരെ ശരാശരി 20 ശതമാനം നികുതി വർദ്ധന നേടിയിട്ടുണ്ട്. എന്നാൽ മാന്ദ്യം മൂലം 2009 – 10ൽ ഇതുവരെ 13 ശതമാനം മാത്രമേ നികുതി വരുമാനത്തിൽ വർദ്ധനയുണ്ടായിട്ടുള്ളൂ. ഈ ഇടിവ് കൂടി നികത്തുന്ന വിധത്തിൽ വരുമാനം ഉയർത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആധുനിക വിവര സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ നികുതി ഭരണം പുനസംഘടിപ്പിച്ചതാണ് ഈ ആത്മവിശ്വാസത്തിന്റെ അടിസ്ഥാനം.

### ഇ-ഗവേണൻസ്

181. മൂല്യവർദ്ധിതനികുതി, പൊതുവിൽപന നികുതി എന്നിവ പ്രകാരമുള്ള റിട്ടേണുകൾ ഇ-ഫയലിംഗ് മുഖേന സമർപ്പിക്കാനുള്ള സംവിധാന മേർപ്പെടുത്തുമെന്ന വാഗ്ദാനം സർക്കാർ നിറവേറ്റിക്കഴിഞ്ഞു. ഇ – പേമെന്റും നടപ്പാക്കിക്കഴിഞ്ഞു. റിട്ടേണും ചെക്കുമായി നികുതി ഓഫീസിൽ തിക്കിത്തിരക്കി നിന്നകാലം പോയ്മറഞ്ഞു. കണക്കുകൾ ഒത്തുനോക്കുന്നതിന് പഴയ കാലതാമസമില്ല. കേരള സർക്കാർ

നടപ്പിലാക്കിയ സംവിധാനത്തെ സംസ്ഥാന ധനകാര്യമന്ത്രിമാരുൾപ്പെടുന്ന ഉന്നതാധികാര സമിതി മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്.

182. ഇപ്പോൾ മുൻകൂർ നികുതി ഇ–ഫയൽ ചെയ്യുന്നതിനും കേന്ദ്രവിൽപന നികുതി നിയമപ്രകാരമുള്ള വിവിധ ഫോറങ്ങൾ ഡൗൺലോഡ് ചെയ്യുന്നതിനും സൗകര്യം ഏർപ്പെടുത്തിക്കഴിഞ്ഞു എന്ന വിവരം ഞാൻ സന്തോഷപൂർവ്വം അറിയിക്കുന്നു. അടുത്തതായി ചെക്ക് പോസ്റ്റുകളിലും ഇ – ഫയലിംഗ് ഏർപ്പെടുത്താൻ പോവുകയാണ്.

183. ഇതിനെല്ലാം പുറമേ ഇ–കമ്മ്യൂണിക്കേഷൻ സംവിധാനം ഈ വർഷം തന്നെ നടപ്പിൽ വരുത്തും. എല്ലാ വാറ്റ് ഡീലർമാർക്കും ഇ–മെയിൽ ഐ.ഡി. ലഭ്യമാക്കി അതുവഴി നോട്ടീസുകളും മറ്റും നടത്തിമടക്കുന്നതിനും സർക്കുലർ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം നിലവിൽ വരും. നിങ്ങൾക്കറിയാവുന്നതുപോലെ സംസ്ഥാനത്ത് 1,63,000 രജിസ്ട്രേഡ് വ്യാപാരികളുണ്ട്. ഓരോ മാസവും അവരുമായി കത്തിടപാടുകൾ നടത്തുന്നതിന് ടൺ കണക്കിന് പേപ്പർ ആവശ്യമായി വരും. കടലാസ് മുഖേനയുള്ള കത്തിപാടുകൾ അവസാനിക്കുന്നതോടെ ഓരോ വർഷവും 750 ഓളം മരങ്ങൾ വെട്ടിവീഴ്ത്തുന്നത് ഒഴിവാക്കാനാകും. എല്ലാ ടിൻ/പിൻ വ്യാപാരികളുടേയും മൊബൈൽ നമ്പർകൂടി ഉൾപ്പെടുത്തി അവർക്കുള്ള സന്ദേശങ്ങൾ എസ്.എം.എസ്. മുഖേന അറിയിക്കുന്നതിനുള്ള പദ്ധതി നടപ്പിൽ വരുത്തുന്നതാണ്.

184. വ്യാപാരികളറിയാതെ അവരുടെ ടിൻ നമ്പർ ഉപയോഗിച്ച് ചരക്ക് കടത്തി നികുതി വെട്ടിക്കുന്ന സമ്പ്രദായം നിലവിലുണ്ട്. എസ്എംഎസ് സൗകര്യം വരുന്നതോടെ ഈ ദുഷ്പ്രവണത പൂർണമായും തടയാൻ കഴിയും.

185. എം–ഗവേണൻസിന്റെ ഭാഗമായി പരാതി പരിഹാര സെൽ ഏർപ്പെടുത്തുന്നതാണ്. തുടക്കത്തിൽ ചെക്ക്പോസ്റ്റുകൾ, ഇന്റലിജൻസ് സ്ക്വാഡുകൾ എന്നിവയുടെ വാഹന പരിശോധന സംബന്ധിച്ച് പരാതിയുള്ളവർക്ക് കോൾ സെന്ററിലേയ്ക്ക് സന്ദേശമയച്ചാൽ അത് ഉടനടി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കൈമാറുകയും സ്വീകരിച്ച നടപടി അറിയിക്കുകയും ചെയ്യും. പരാതിയും മറുപടിയുമെല്ലാം നികുതി വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമായിരിക്കും. ഈ മാസം തന്നെ ഈ സംവിധാനം നിലവിൽ വരും.

186. വ്യാപാരികൾക്ക് ലഭ്യമാക്കുന്ന ഇ-സേവനങ്ങളുടെ ഭാഗമായി ഓൺലൈനായി രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള സേവനംകൂടി 01.04.2010 മുതൽ ആരംഭിക്കുന്നു. പാൻ ഉള്ളവർ രജിസ്ട്രേഷനും പുതുക്കലിനും പാൻ നമ്പർ നിർബന്ധമായും നൽകേണ്ടതാണ്.

187. സർക്കാരിന്റെ മേൽ പറഞ്ഞ നടപടികളെ എല്ലാവരും സ്വാഗതം ചെയ്തിട്ടുണ്ട്. റിട്ടേണുകൾ പരിശോധിക്കുമ്പോൾ തന്നെ അപാകതകൾ കണ്ടെത്താൻ കഴിയുന്നു എന്നതാണ് ഈ സമ്പ്രദായത്തിന്റെ മികവ്. എന്നാൽ തികച്ചും സാങ്കേതികമായ അപാകതകൾ ആരോപിച്ചുകൊണ്ട് പീനൽനടപടികൾ സ്വീകരിക്കുന്നതായി വ്യാപാരിസമൂഹം പരാതിപ്പെട്ടിട്ടുണ്ട്. വിശദീകരണത്തിന് വ്യാപാരിക്ക് ന്യായമായ അവസരവും സമയവും അനുവദിച്ചുകൊണ്ടല്ലാതെ പീനൽ നടപടികളൊന്നും ആരംഭിക്കുകയില്ല എന്ന കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു.

188. വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. വാറ്റ് നിയമത്തിൻകീഴിൽ രജിസ്റ്റർ ചെയ്ത എല്ലാവരെയും നിർബന്ധമായും ക്ഷേമനിധിയിൽ അംഗങ്ങളാക്കുവാൻ എല്ലാ വ്യാപാരസംഘടനകളും ആവശ്യപ്പെടുന്നു. ഇ-പേയ്മെന്റ് മുഖാന്തിരം, വാറ്റ് രജിസ്ട്രേഷൻ സമയത്തോ പുതുക്കലിന്റെ സമയത്തോ വരിസംഖ്യ അടയ്ക്കുവാൻ സൗകര്യം ചെയ്തുകൊടുക്കുന്നതാണ്. വരിസംഖ്യക്ക് ഇ-പേയ്മെന്റ് നിർബന്ധമാക്കുകയും എല്ലാ രജിസ്ട്രേഡ് വ്യാപാരികളും നിർബന്ധമായും ക്ഷേമനിധിയിൽ അംഗത്വമെടുത്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതുമാണ്.

## നടപടിക്രമ മാറ്റങ്ങൾ

189. ടിൻ/പിൻ രജിസ്ട്രേഷൻ നമ്പറുകൾ ദുരുപയോഗം ചെയ്തുകൊണ്ടുള്ള നികുതിവെട്ടിപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിന് നിലവിലുള്ള രജിസ്ട്രേഷൻ റദ്ദാക്കൽ നടപടിക്കു പുറമേ ക്രിമിനൽ പ്രോസിക്യൂഷൻ നടപടികളും നികുതി വെട്ടിച്ച തുകയുടെ അഞ്ചിരട്ടി പെനാൽട്ടിയും ചുമത്തുന്നതാണ്.

190. അപ്രഖ്യാപിത ഗോഡൗണുകളുടെ മേൽ നിലവിലുള്ള ശിക്ഷാനടപടികളെ സംബന്ധിച്ച് പരാതികൾ ഉയർന്നിട്ടുണ്ട്. ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുള്ള നികുതിരഹിത ഉൽപന്നങ്ങൾക്കും അക്കൗണ്ടിൽ ഉള്ള ഉൽപന്നങ്ങളും കണക്കിലെടുത്താണ് ഇപ്പോൾ പിഴ ചുമത്തുന്നത്. കണക്കിൽ പെടാത്ത നികുതി ബാധ്യതയുള്ള ഉൽപന്നങ്ങൾക്ക് മാത്രമായി ഈ വ്യവസ്ഥ നിജപ്പെടുത്തുന്നതാണ്. ഗോഡൗണുകളുടെ ഉപയോഗം പത്തുദിവസത്തിനകം പ്രഖ്യാപിച്ചെങ്കിൽ മാത്രമേ ഈ ആനുകൂല്യം ലഭ്യമാവുകയുള്ളൂ.

191. റബർ ലാറ്റക്സ് ഉൽപാദകരുടെ അഭ്യർത്ഥന മാനിച്ച് നിലവിലുള്ള കേന്ദ്രവിൽപന നികുതി ഒഴിവിൽ നിന്നും അവരെ മാറ്റിനിർത്തുന്നതാണ്.

192. ഇ-ഫയലിംഗും ഇ-പേയ്മെന്റും നിലവിൽ വന്നതോടെ ടാക്സ് അഡ്മിനിസ്ട്രേറ്ററുടെ ജില്ലാടിസ്ഥാനത്തിലുള്ള ഭൂമിശാസ്ത്രപരമായ അതിർത്തികൾ ഇല്ലാതായി. ഈ സാഹചര്യത്തിൽ പ്രധാനപ്പെട്ടതും വ്യാപകമായ നികുതിവെട്ടിപ്പിനു വിധേയമാകുന്നതുമായ ഉൽപന്നങ്ങളുടെ നികുതി സമാഹരണം ചരക്കുനീക്കം എന്നിവ സംബന്ധിച്ച സംസ്ഥാന തല മേൽനോട്ടം നിർവഹിക്കുന്നതിനുള്ള അധിക ചുമതല ഡെപ്യൂട്ടി കമ്മീഷണർമാർക്കു നൽകുന്നതാണ്.

193. ക്ലാരിഫിക്കേഷനോ അസസ്മെന്റോ മൂലം ഒന്നാം ഘട്ട വിൽപന നടത്തുന്ന വ്യാപാരി വ്യത്യാസം വരുന്ന നികുതി ഒടുക്കുന്ന പക്ഷം തുടർവിൽപന നടത്തുന്ന വ്യാപാരികൾക്ക് ഇൻപുട്ട് നികുതി ആനുകൂല്യം ലഭിക്കാനുള്ള സാഹചര്യം നിലവിലില്ല. അത്തരം കേസുകളിൽ ഒന്നാംഘട്ട വ്യാപാരി വ്യത്യാസം വരുന്ന നികുതി പലിശ സഹിതം ഒടുക്കുന്ന പക്ഷം അയാൾ നൽകുന്ന ഡെബിറ്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ തുടർവിൽപന നടത്തുന്നവർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാവുന്നതാണ്. ഈ സൗകര്യം സെപ്റ്റംബർ 30, 2010 വരെ അനുവദിക്കുന്നതാണ്.

194. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനെ യാതൊരു തരത്തിലും ബാധിക്കാത്ത ക്രെഡിറ്റ് നോട്ടുകൾ നികുതി ബാധ്യതയിൽ നിന്ന് പൂർണമായും ഒഴിവാക്കുമെന്ന് ഞാൻ വ്യക്തമാക്കുന്നു.

195. നികുതിനിയമങ്ങൾ കാര്യക്ഷമമായി നടപ്പാക്കേണ്ട സാഹചര്യം പരിഗണിച്ച്, തെരഞ്ഞെടുക്കപ്പെട്ട അതിർത്തി ചെക്ക്പോസ്റ്റുകളിലൂടെ ചരക്കു വാഹന ഗതാഗതം ക്രമീകരിക്കുന്നതിനുള്ള അധികാരം വാണിജ്യനികുതി കമ്മീഷണർക്കു നൽകുന്നതാണ്.

196. അൺരജിസ്ട്രേഡ് വ്യാപാരികളിൽ നിന്ന് ചരക്കുകൾ വാങ്ങി വാങ്ങിയ മാസം തന്നെ വിൽപന നടത്തുകയോ ടാക്സ് വിധേയമായ ചരക്കുകൾ ഉൽപാദിപ്പിക്കുകയോ ചെയ്യുന്ന പക്ഷം വാറ്റ് നിയമത്തിലെ 6 (2) വകുപ്പു പ്രകാരമുള്ള വാങ്ങൽ നികുതി യഥാർത്ഥത്തിൽ നൽകേണ്ടതില്ല. ഈ ആനുകൂല്യം ദുരുപയോഗപ്പെടുത്തി നടത്തുന്ന നികുതിവെട്ടിപ്പ് തടയുന്നതിനായി ഈ ആനുകൂല്യത്തിന്റെ പരിധിയിൽ നിന്ന് പ്ലൈവുഡ്, വെനീർ, പാക്കിംഗ് കേസുകൾ എന്നിവയെ ഒഴിവാക്കുന്നു.

197. മുൻകൂർ നികുതിയൊടുക്കി അന്യസംസ്ഥാനത്തു നിന്നും വ്യാപാരികളുടെ ബിസിനസ് സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുവരുന്ന നോട്ടിഫൈഡ് ഗുഡ്സുകൾക്ക് ഡെലിവെറിനോട്ട് വേണമെന്ന നിബന്ധന ഒഴിവാക്കുന്നതാണ്.

198. കഴിഞ്ഞ വർഷം കോമ്പൗണ്ടിംഗ് നികുതിയിൽ സിഗരറ്റ്, പാക്കേജ്ഡ് വാട്ടർ, ഏയറിയേറ്റഡ് വാട്ടർ, സോഫ്റ്റ് ഡ്രിങ്ക്സ് എന്നിവയുടെ നികുതി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിൽപനയ്ക്ക് പ്രത്യേകം നികുതി നൽകേണ്ടതില്ല. ഇതിനാവശ്യമായ ഭേദഗതി വാറ്റു നിയമത്തിൽ വകുപ്പ് 8 സിയിൽ കൊണ്ടുവരുന്നതാണ്.

199. വാറ്റ് നിയമത്തിൽ വകുപ്പ് 42(i) പ്രകാരം അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യേണ്ട കണക്കുകളുടെ മിനിമം പരിധി 40 ലക്ഷം രൂപയിൽ നിന്ന് 60 ലക്ഷം രൂപയായി ഉയർത്തുന്നു.

200. 2005-06-ലെ വാറ്റ് അസെസ്മെന്റിന്റെ കാലപരിധി ഒരുവർഷത്തേയ്ക്ക് കൂടി നീട്ടുന്നതാണ്.

201. പ്രവേശന നികുതി ഇല്ലാതായതോട് കൂടി സ്വന്തം ആവശ്യത്തിനെന്ന വ്യാജേന അന്യസംസ്ഥാനങ്ങളിൽ നിന്ന് സാധനങ്ങൾ കൊണ്ടുവന്ന് വ്യാപകമായി നികുതിവെട്ടിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് തടയുന്നതിന് വേണ്ടി സ്വന്തം ആവശ്യത്തിന് വേണ്ടിയെന്ന പേരിൽ രണ്ട് ലക്ഷം രൂപയിൽ കൂടുതൽ വിലയുള്ള സാധനങ്ങൾ കൊണ്ടുവരുമ്പോൾ

നികുതി വെട്ടിപ്പ് ഉണ്ട് എന്ന് സംശയം തോന്നുകയാണെങ്കിൽ കേരളത്തിൽ നൽകേണ്ട നികുതിയ്ക്ക് തുല്യമായ സംഖ്യ സെക്യൂരിറ്റിയായി നൽകണമെന്ന് നിബന്ധന കൊണ്ടുവരും. ഇത് ക്യാഷ് ആയോ ബാങ്ക് ഗ്യാരണ്ടിയായോ സമർപ്പിക്കാവുന്നതാണ്. അന്വേഷണത്തിൽ നികുതിവെട്ടിപ്പില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ തുക സമയബന്ധിതമായി തിരിച്ചു നൽകുന്നതായിരിക്കും.

202. 2009-10 ബജറ്റിൽ ക്ലാരിഫിക്കേഷനുകൾ നൽകുന്നതിനായി മൂന്ന് ഡപ്യൂട്ടി കമ്മീഷണർമാർ അടങ്ങുന്ന ഒരു ടീമിനെ ചുമതലപ്പെടുത്തി നിയമഭേദഗതി വരുത്തിയിരുന്നു. ക്ലാരിഫിക്കേഷൻ നടപടികൾ ത്വരിതഗതിയിലാവുന്നതിലേക്കായി ജോയിന്റ് കമ്മീഷണർമാരെക്കൂടി ഈ ടീമിൽ ഉൾപ്പെടുത്തി നിയമം ഭേദഗതി ചെയ്യുന്നതാണ്.

## കുടിശികകൾ

203. 1.4.2007ൽ 27000ൽ പരം വിൽപന നികുതി അസസ്മെന്റു കുടിശ്ശികയുണ്ടായിരുന്നു. 2007-08ൽ നടപ്പിലാക്കിയ അതിവേഗ അസസ്മെന്റ് മുഖേനെ കുടിശികയിൽ ഗണ്യമായി കുറവുണ്ടായി. ഇനി ഏതാണ്ട് 5681 അസസ്മെന്റുകളേ പൂർത്തിയാകാനുള്ളൂ. അതിനാൽ കെ.ജി.എസ്.ടി. അസസ്മെന്റുകൾ പൂർത്തിയാക്കാനുള്ള കാലാവധി ഒരു കൊല്ലത്തേക്കുകൂടി നീട്ടാൻ ഉദ്ദേശിക്കുന്നു.

204. മുൻവർഷങ്ങളിൽ നടപ്പാക്കിയ പ്രത്യേക കർമ്മ പരിപാടിയിലൂടെ 24817 കെജിഎസ്ടി അപ്പീൽ കുടിശിക മൂന്നൂറിൽ താഴെയാക്കാൻ കഴിഞ്ഞിട്ടുണ്ട്. 10234 വാറ്റ് അപ്പീൽക്കേസുകൾ അടിയന്തരമായി തീർപ്പാക്കുകയാണ് അടുത്ത കടമ. മുൻപ് ചെയ്തതുപോലെ, വാണിജ്യനികുതി ഓഫീസറുടെ ഉത്തരവിന്മേലുള്ള അപ്പീലുകൾ കേട്ടുതീർപ്പാക്കാൻ അസിസ്റ്റന്റ് കമ്മീഷണർമാർക്ക് അപ്പലേറ്റ് അധികാരം നൽകിക്കൊണ്ട് ഇവ ഉടനടി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

205. പൊതുവിൽപനനികുതി, സർച്ചാർജ്ജ്, കാർഷികാദായനികുതി, ആഢംബരനികുതി എന്നീ നിയമങ്ങൾ പ്രകാരം 31.3.2005 വരെയുള്ള നികുതികുടിശ്ശികകൾ തീർപ്പാക്കാനായി 2008ൽ ഒറ്റത്തവണ തീർപ്പാക്കൽ

പദ്ധതി പ്രഖ്യാപിച്ചിരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങൾക്കു മാത്രമായി ഒരു കുടിശ്ശിക നിവാരണപദ്ധതിയും കഴിഞ്ഞകൊല്ലം പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതികൾ പ്രകാരം ഇതുവരെ 170 കോടി രൂപ പിരിച്ചെടുക്കുകയുണ്ടായി. ആംനസ്റ്റി കാലാവധിക്കുശേഷവും അനേകം അസസ്മെന്റുകൾ പൂർത്തീകരിക്കുകയും ഡിമാന്റുകളുണ്ടാവുകയും ചെയ്തു. കൂടാതെ നേരത്തേ ആംനസ്റ്റി സ്വീകരിച്ച പലർക്കും പല കാരണങ്ങൾ കൊണ്ടും നിബന്ധനകൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. അതിനാൽ 01-04-2010ന് നിലവിലുളള കുടിശ്ശിക തീർപ്പാക്കാൻ 30.6.2010 വരെ ഒരു അവസരം കൂടി നൽകുവാൻ ഉദ്ദേശിക്കുന്നു. **ആംനസ്റ്റി സ്കീം അനുസരിച്ച് ഒരു തവണയെങ്കിലും കുടിശിക ഒടുക്കിയവർക്ക് ബാക്കി കുടിശിക ഒടുക്കുന്നതിനും അവസരം നൽകും.** ഒടുക്കേണ്ട തുക മുഴുവനും 30-06-2010ന് മുമ്പ് ഒടുക്കിയിരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങൾക്കുളള ആംനസ്റ്റി സ്കീമും 30.6.2010 വരെ നീട്ടുന്നതാണ്. മുകളിൽ പറഞ്ഞ ആനുകൂല്യങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭിക്കുന്നതാണ്.

## ഇളവുകൾ

206. ഇൻഡസ്ട്രിയൽ ഗ്ലൗസ്, അഗ്രിക്കൾച്ചറൽ ഗ്ലൗസ്, ഫിംഗർക്യാപ് എന്നീ ലാറ്റക്സ് നിർമ്മിത ഉൽപന്നങ്ങളുടെ നികുതിനിരക്ക് 4 ശതമാനം ആയി കുറയ്ക്കുന്നു. കൂടുതലായി പിരിച്ചത് സർക്കാരിലേക്ക് അടക്കണമെന്ന് നിബന്ധന ചെയ്യും. സർജിക്കൽ ഗ്ലൗസിന് 4 ശതമാനം നികുതി ഏർപ്പെടുത്തിയ 01-04-2007 മുതൽ ഈ ഇളവിന് മുൻകാല പ്രാബല്യം നൽകുന്നതാണ്.

207. ഈ സർക്കാർ പ്രകൃതിസൗഹൃദ ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി മുൻവർഷങ്ങളിൽ പേപ്പർബാഗുകൾ, പേപ്പർ കവറുകൾ. കൈതഓല, തഴപ്പായ മുതലായ ഉൽപന്നങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. തുടർ നടപടി എന്നനിലയിൽ കുളവാഴ ഉൽപന്നങ്ങൾ, കമുകിൻപാള ഉൽപന്നങ്ങൾ എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കുന്നു.

208. പരിസ്ഥിതി സൗഹൃദ റീസൈക്കിൾഡ് ഉൽപന്നങ്ങൾ മുൻകാല പ്രാബല്യത്തോടെ മൂല്യവർദ്ധിത നികുതി നിയമത്തിലെ 3-ാം പട്ടികയിലെ എൻട്രി 145 പ്രകാരം സർക്കാരിന് വിജ്ഞാപനം ചെയ്യാമോ എന്നതിൽ ചില അവ്യക്തതകൾ നിലനിൽക്കുന്നുണ്ട്. ഈ അവ്യക്തത നീക്കം ചെയ്ത് യുക്തമായ രീതിയിൽ എൻട്രി 145 ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

209. 2006 ലെ കേരള ധനകാര്യ നിയമപ്രകാരം പെട്രോളിയം ബിറ്റുമിന്റെ നികുതിനിരക്ക് 01.07.2006 പ്രാബല്യത്തോടെ 4 ശതമാനമായി കുറച്ചിരുന്നു. പെട്രോളിയം ബിറ്റുമിൻ പ്രധാനമായും ഉപയോഗിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരുമാണ്. 2007-08 ലെ ബജറ്റ് പ്രസംഗത്തിൽ ഈ ഭേദഗതിക്ക് 1.4.05 മുതൽ മുൻകാലപ്രാബല്യം നൽകുമെന്ന് പറഞ്ഞിരുന്നെങ്കിലും നടപ്പിലായില്ല. ഓയിൽകമ്പനികളുടെ അഭ്യർത്ഥന മാനിച്ച് ഈ തീരുമാനത്തിന് നിയമപ്രാബല്യം നൽകുന്നതാണ്.

210. രുദ്രാക്ഷമാല, ജപമാല, വിഭൂതി, കൊന്ത, കുർബാന വസ്ത്രങ്ങൾ എന്നിവയെ നികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

211. വാറ്റ് നിയമത്തിനോടനുബന്ധിച്ചുള്ള 3-ാം ഷെഡ്യൂളിൽ വ്യാവസായിക ഇൻപുട്ടുകളുടെ പട്ടികയിൽ നിലവിൽ പോളി പ്രൊപ്പലീൻ കോറുഗേറ്റഡ് ഷീറ്റുകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ മറ്റെല്ലാത്തരം പോളി പ്രൊപ്പലീൻ ഷീറ്റുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ കോറുഗേറ്റഡ് ഷീറ്റുകളുടെ നികുതി നിരക്ക് 01-04-05 മുതൽ മുൻകാലപ്രാബല്യത്തോടെ 4 ശതമാനമാക്കുന്നതാണ്. പിരിച്ചെടുത്ത നികുതി ഒടുക്കണമെന്ന് നിബന്ധന ചെയ്യും.

212. കേരളത്തിൽ ആയുർവേദിക് പൽപ്പൊടിയെ ആയുർവേദ മരുന്നിൽ ഉൾപ്പെടുത്തി അവയുടെ വിൽപനയ്ക്കു മേൽ 4 ശതമാനം നികുതിയാണ് ഒടുക്കി വരുന്നത്. എന്നാൽ ഇത് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ആയുർവേദ പൽപ്പൊടിയുടെ നികുതി നിരക്ക് 4 ശതമാനമാണെന്ന്

സ്പഷ്ടീകരിക്കുന്നു. ഇതിനാവശ്യമായ നിയമഭേദഗതി കൊണ്ടുവരുന്നതാണ്.

213. നികുതി ചോർച്ച തടയുന്നതിനു വേണ്ടി നെയ്യുടെ നികുതിനിരക്ക് 4% ആയി കുറയ്ക്കാൻ ഉദ്ദേശിക്കുന്നു.

214. ചെറുകിട യൂണിറ്റുകളെ സഹായിക്കുന്നതിന് വേണ്ടി ഉണക്കമീൻ/ഉണക്ക ചെമ്മീൻ വറുത്തതും, ഇവയുടെ ചമ്മന്തിപ്പൊടികൾ, തേങ്ങാചമ്മന്തിപ്പൊടി, വേപ്പിലക്കട്ടി, ആയുർവേദ ദാഹശമനി എന്നിവയുടെ നികുതി നിരക്ക് 01-04-05 മുതൽ മുൻകാല പ്രാബല്യത്തോടെ നാല് ശതമാനമായി കുറയ്ക്കുന്നു.

215. വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ ഇറക്കുമതിചെയ്ത പഞ്ചസാരയ്ക്ക് നികുതി ഒഴിവ് നൽകുന്നു.

216. അയൺ ഓക്സൈഡിന്റെ നികുതിനിരക്ക് 01-04-2005 മുതൽ 4 ശതമാനമാണ്. ഇത് എല്ലാ നിറങ്ങളിലുമുള്ള അയൺ ഓക്സൈഡുകൾക്കും ബാധകമായിരിക്കുമെന്ന് സ്പഷ്ടീകരിക്കുന്നു. ഇതിനാവശ്യമായ നിയമപ്രാബല്യം നൽകുന്നതാണ്.

217. നികുതിയിന്മേലുള്ള കേരളാ സർച്ചാർജ്ജ് നിയമം 1956 പ്രകാരം 2001-02 മുതൽ കേരളാ ബിവറേജസ് കോർപ്പറേഷൻ നൽകേണ്ട സർച്ചാർജ്ജിൽ നിന്നും പൂർണമായും ഒഴിവും കിഴിവും നൽകുമെന്ന് സ്പഷ്ടീകരിക്കുന്നു.

218. 20 ലിറ്ററോ അതിൽ കൂടുതലോ വരുന്ന പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടറിന്റെ നികുതി നിരക്ക് 12.5% ൽ നിന്നും 4% ആയി കുറയ്ക്കുന്നതാണ്.

219. സ്പ്ലിന്റ്സും വിനീർസും ഉൽപാദിക്കുന്ന ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളെ 2005-06, 2006-07 വർഷങ്ങളിൽ അന്തർസംസ്ഥാന നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. ഒഴിവാക്കലിന്റെ ഫലമായി ഇവർ അൺരജിസ്ട്രേഡ് വ്യാപാരികളിൽ നിന്ന് വാങ്ങിയ സോഫ്റ്റ് വുഡിന് വാറ്റ് നിയമം വകുപ്പ് 6 (2) അനുസരിച്ച് വാങ്ങൽ നികുതി കൊടുക്കേണ്ട ബാധ്യതയുണ്ടായി. ഈ നികുതി ബാധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതാണ്.

220. കൈകൊണ്ട് ഉൽപാദിപ്പിക്കുന്ന സോപ്പിന്റെ നികുതി നിരക്ക് വിറ്റുവരവ് പരിഗണനയില്ലാതെ 4 ശതമാനമായി ഏകീകരിക്കും.

221. മിലിറ്ററി, നേവി, എയർഫോഴ്സ്, എൻസിസി കാന്റീൻ, കാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട് എന്നിവയ്ക്ക് നടത്തുന്ന വിൽപനയ്ക്ക് നികുതിയിളവ് നിലവിലുണ്ട്. വാഹനങ്ങളുടെ വിൽപനയ്ക്കു കൂടി ഈ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

222. ഓട്ടോമൊബൈൽ ഡീലർമാർ വസൂലാക്കുന്ന റിപ്പയർ ചാർജുകൾക്ക് വർക്ക് കോൺട്രാക്ട് നിയമപ്രകാരം നികുതിബാധ്യതയുണ്ട്. ഇവർ നൽകേണ്ട നികുതി കോമ്പൗണ്ടഡ് നിരക്കിൽ നൽകാൻ 1-04-05 മുതൽ പ്രാബല്യത്തോടെ അനുവദിക്കുന്നതാണ്. 30-04-2010 നകം ഇതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## ആഡംബര നികുതി

223. മാധ്യമ രംഗത്തെ കുത്തകവത്കരണം കേബിൾ ടിവി മേഖലയെയും അതിവേഗം കീഴ്പ്പെടുത്തുകയാണ്. മാധ്യമ ജനാധിപത്യം നിലനിൽക്കുന്നതിന് ചെറുകിട കേബിൾ ഓപ്പറേറ്റർമാരെ സംരക്ഷിക്കേണ്ടത് അവശ്യമാണെന്നതിനാൽ 5000ത്തിൽ താഴെ കണക്ഷനുകളുള്ള കേബിൾ ടിവി ഓപ്പറേറ്റർമാരെ ആഡംബര നികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്. ഇതിനായി കണക്ഷനുകളുടെ എണ്ണം കണക്കുകൂട്ടുമ്പോൾ ഫ്രാഞ്ചൈസി വഴി നൽകുന്ന കണക്ഷനുകളും പരിഗണിക്കുന്നതാണ്.

224. ഡി.റ്റി.എച്ച്. സേവനം നികുതിക്ക് പുറത്താണ്. ഡി.റ്റി.എച്ചിനോടുള്ള ആഭിമുഖ്യം വളർന്നു കൊണ്ടിരിക്കുന്നു. ഡി.റ്റി.എച്ച്. സർവീസുകൾക്കും ആഡംബര നികുതി ഏർപ്പെടുത്തുകയാണ്. വരിക്കാരൻ ഡി.റ്റി.എച്ച്. സേവനദാതാവിന് നൽകുന്ന വരിസംഖ്യ, റീച്ചാർജ്ജ്, സ്ഥാപക ചാർജ്ജുകൾ ഉൾപ്പെടെയുള്ള മൊത്തം തുകയിന്മേൽ ഒരു ശതമാനമായിരിക്കും നികുതി.

225. ആഗോളമാന്ദ്യത്തിന്റെ ഫലമായി ടൂറിസം മേഖലയിലും ചെറിയ തോതിലുള്ള തളർച്ചയുണ്ട്. ഈ മേഖലയുടെ സംരക്ഷണത്തിനായി

ആഡംബര നികുതിയിൽ ഇളവ് പ്രഖ്യാപിക്കുന്നു. നിലവിലുള്ള പത്ത് ശതമാനം നികുതി നിരക്ക് ഏഴര ശതമാനമായും പതിനഞ്ച് ശതമാനം നികുതി നിരക്ക് പന്ത്രണ്ടര ശതമാനമായും കുറവ് ചെയ്യുന്നു.

## കോമ്പൗണ്ടിംഗ് നികുതി

226. ക്രഷറുകളുടെ നിലവിലുള്ള കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ ഒരു ക്രഷറുള്ള യൂണിറ്റുകളേയും കൂടുതൽ ക്രഷറുകൾ ഉള്ള യൂണിറ്റുകളേയും ഒരേ രീതിയിലാണ് പരിഗണിച്ചിട്ടുള്ളത്. ക്രഷറുകളുടെ നിലവിലുള്ള കോമ്പൗണ്ടിംഗ് നിരക്കുകൾ, പ്രത്യേകിച്ച് ഏക ക്രഷറിന്റേത് കൂടുതലാണെന്ന പരാതി ഉയർന്നിട്ടുണ്ട്. നിലവിലുള്ള കോമ്പൗണ്ടിംഗ് നിരക്ക് യുക്തിസഹമാക്കേണ്ടതുണ്ട്. 30.48 സെ.മീ. x 22.86 സെ.മീ. അധികരിക്കാത്ത വായ വിസ്തീർണമുള്ള ഒറ്റ ക്രഷറുകൾക്ക് നിലവിൽ 25000 രൂപ നൽകേണ്ടതുണ്ട്. 30.48 സെ.മീ. x 22.86 സെ.മീ. ന് മുകളിൽ 40.64 സെ.മീ. X 25.40 സെ.മീ. വരെ വായവിസ്താരമുള്ള ക്രഷറുകളുടെ വാർഷിക കോമ്പൗണ്ടിംഗ് നികുതി നിരക്ക് 1,40,000 രൂപയായി കുറയ്ക്കുന്നു. ഈയിനത്തിൽപ്പെട്ട ഒറ്റ ക്രഷറിന്റെ കോമ്പൗണ്ടിംഗ് നികുതിയായി 1,00,000 രൂപ നൽകിയാൽ മതിയാകും. 40.64 സെ.മീ. x 25.40 സെ.മീ. ന് മുകളിലുള്ള ക്രഷറുകളുടെ നികുതി 2,80,000 രൂപയായി കുറയ്ക്കുന്നു. കോൺ ക്രഷറുകളിൽ നിന്നുള്ള ഉൽപാദനം സാധാരണ ക്രഷറുകളേക്കാൾ വളരെ കൂടുതലാണ്. അതിനാൽ അവയുടെ നികുതി നിരക്ക് ഇപ്പോഴത്തെ 10 ലക്ഷത്തിൽ നിന്നും 15 ലക്ഷമായി ഉയർത്തുന്നു.

227. സർ, സ്വർണ വ്യാപാരികളെ മുഴുവൻ കോമ്പൗണ്ടിംഗ് സമ്പ്രദായത്തിലേയ്ക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് കഴിഞ്ഞ വർഷങ്ങളിൽ സർക്കാർ നിലപാടുകൾ സ്വീകരിച്ചത്. ഇതിന് ഫലവുമുണ്ടായിട്ടുണ്ട്. സ്വർണവ്യാപാരത്തിൽ നിന്ന് 2005-06ൽ ലഭിച്ച നികുതി 21 കോടി രൂപയായിരുന്നു. 2008-09 ൽ അത് 150 കോടിയായി

വർദ്ധിച്ചു. നടപ്പു വർഷം ജനുവരി വരെ 132 കോടി രൂപ ലഭിച്ചു. സ്വർണത്തിന്റെ അഭൂതപൂർവമായ വിലവർദ്ധന കോമ്പൗണ്ടിംഗ് നികുതിയിൽ പ്രതിഫലിച്ചിട്ടില്ല. സ്വർണ്ണവ്യാപാര മേഖലയിൽ ബഹുഭൂരിപക്ഷം വ്യാപാരികളും കൂടുതൽ ദുർബലപ്പെടുകയും വ്യാപാരം ഏതാനും വൻകിട സ്ഥാപനങ്ങളിൽ കേന്ദ്രീകരിക്കുകയുമാണ്. ഈ പശ്ചാത്തലത്തിൽ കോമ്പൗണ്ട് ചെയ്തിട്ടുള്ള വ്യാപാരികൾ 2010- 11ൽ കൊടുക്കേണ്ട നികുതി വർദ്ധനയുടെ നിരക്ക് താഴെ പറയുന്ന പ്രകാരം ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു.

*(i)* ആകെ വിറ്റുവരവ് 10 ലക്ഷം വരെ – 105%

*(ii)* 10 ലക്ഷത്തിനുമുകളിൽ 40 ലക്ഷം വരെ – 110%

*(iii)* 40 ലക്ഷത്തിന് മുകളിൽ 1 കോടി വരെ - 115%

*(iv)* 1 കോടിക്ക് മുകളിൽ – 125%

വാറ്റ് നിയമത്തിലെ സെക്ഷൻ 8 എഫിന് കീഴിലുള്ള എക്സ്പ്ലനേഷൻ ൽ "2009-10" എന്ന വാക്കുകൾ "2010-11" ആയും "2008-09" എന്ന വാക്കുകൾ "2009-10" ആയും ഭേദഗതി ചെയ്യും. സ്വർണാഭരണങ്ങളുടെ കോമ്പൗണ്ടഡ് നികുതി തിട്ടപ്പെടുത്തുമ്പോൾ തൊട്ടുവർഷം പൂർണമായും പ്രവർത്തിച്ചിട്ടില്ലാത്ത ബ്രാഞ്ചുകളുടെ നികുതി ഒഴിവാക്കുന്നതാണ്.

228. ഇരട്ടനക്ഷത്രപദവിവരെയുള്ള . ഹോട്ടലുകൾക്ക് കോമ്പൗണ്ടിംഗ് സൗകര്യം അനുവദിക്കാൻ കേരള പൊതുവിൽപന നികുതി നിയമം വ്യവസ്ഥ ചെയ്യുന്നു. മൂന്നുനക്ഷത്രപദവിയുള്ള ഹോട്ടലുകൾക്കും ഈ സൗകര്യം വേണമെന്ന് വ്യാപാരികൾ ആവശ്യപ്പെടുന്നു. ഈ അപേക്ഷ പരിഗണിച്ച് കഴിഞ്ഞ 3 വർഷം അടച്ചതോ അടക്കേണ്ടതോ ആയ നികുതിയുടെ 125% അല്ലെങ്കിൽ കോർപ്പറേഷൻ പരിധിയിലുള്ളവയ്ക്ക് പർച്ചേസിന്റെ 180% ഉം മറ്റു പ്രദേശങ്ങളിലുള്ളവക്ക് പർച്ചേസിന്റെ 170 ശതമാനവും എന്നതിൽ ഏതാണോ കൂടുതൽ അത് അടച്ച് കോമ്പൗണ്ട് ചെയ്യാനുള്ള സൗകര്യം ലഭ്യമാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

## സ്റ്റാമ്പ് ഡ്യൂട്ടി

229. കേരളത്തിലെ സ്റ്റാമ്പ് ഡ്യൂട്ടി ഇന്ത്യയിൽ ഏറ്റവും ഉയർന്നതാണ് എന്ന് ആക്ഷേപമുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടിയുടെ മേലുള്ള സർച്ചാർജ് പൂർണമായും ഉപേക്ഷിക്കുകയാണ്. സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഗണ്യമായ ഇളവുകൾ പ്രഖ്യാപിക്കുകയാണ്. സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും സർച്ചാർജുമടക്കം കോർപറേഷനുകളിലെ നിരക്ക് 15.6 ശതമാനത്തിൽ നിന്ന് 11 ശതമാനമായും ടൗൺഷിപ്പ്/കന്റോൺമെന്റ്/മുൻസിപ്പാലിറ്റിയിലേത് 14.5 ശതമാനത്തിൽ നിന്ന് 10 ശതമാനമായും പഞ്ചായത്ത് പ്രദേശങ്ങളിലേത് 12 ശതമാനത്തിൽ നിന്ന് 9 ശതമാനമായും കുറയ്ക്കുന്നു.

230. ഇതോടൊപ്പം കേരളത്തിലെ ഭൂമിയെ 15 ഇനങ്ങളായി തിരിച്ച് ഓരോ പ്രദേശത്തുമുള്ള ന്യായവില (ഫെയർ വാല്യൂ) ഏപ്രിൽ 1 മുതൽ നടപ്പിൽ വരുന്നതാണെന്ന് പ്രഖ്യാപിക്കുന്നു. ന്യായവില കമ്പോളവിലയുടെ പകുതിയിലധികം അധികരിക്കരുതെന്ന് പ്രത്യേകം നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് പ്രായോഗികമായ ആക്ഷേപങ്ങൾ ഉണ്ടാകാം. ഇവ പരിഹരിക്കുന്നതിനായി അതിരുകവിഞ്ഞ വിലകളും വളരെ താഴ്ന്ന വിലകളും ജില്ലാ കളക്ടർ പ്രത്യേകം പരിശോധിച്ച് തിരുത്തുന്നതാണ്. ഇതോടൊപ്പം ആക്ഷേപമുള്ളവർക്ക് തങ്ങളുടെ ഭൂവില സംബന്ധിച്ച് ആക്ഷേപം സമർപ്പിക്കുന്നതിനും പരിഹാരമുണ്ടാക്കുന്നതിനും സൗകര്യമുണ്ടാക്കും. ഏതാണ്ട് ഒരു ദശാബ്ദമായി ന്യായവില നിശ്ചയിക്കുന്നതിനുള്ള പരിശ്രമങ്ങൾ പരാജയപ്പെടുകയാണുണ്ടായത്. ഇത്തവണ ഇതുണ്ടാവില്ല എന്നുറപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

231. 1996-ലാണ് കരാറുകൾക്കുള്ള മുദ്രപ്പത്രത്തിന്റെ വില 50 രൂപയാക്കിയത്. ഇത് 100 രൂപയായി ഉയർത്തുന്നു.

232. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ധനനിശ്ചയം, ദാനം എന്നീ കരണങ്ങൾക്കു കൂടി ഫെയർവാല്യൂ ബാധകമാക്കുകയും അവയുടെ സ്റ്റാമ്പ് ഡ്യൂട്ടി ഒരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ 5 രൂപ

എന്നതിൽ നിന്നു 2 രൂപയായി കുറയ്ക്കുകയും ചെയ്യും. ഇതിനായി ഭേദഗതികൾ നിയമത്തിൽ വരുത്തുന്നതാണ്.

233. എല്ലാ കുടുംബങ്ങൾക്കും ഒരു വീട് എന്ന നയം സാക്ഷാൽകരിക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന്റെ ഭാഗമായി പട്ടിക വർഗ്ഗത്തിൽപ്പെട്ട എല്ലാവർക്കും 5 സെന്റോ അതിൽ താഴെയോ ഭൂമി ഭവനനിർമ്മാണത്തിനായി വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി പൂർണ്ണമായും ഒഴിവാക്കും.

234. മുക്തിയാറുകൾ രജിസ്റ്റർ ചെയ്യുമ്പോൾ നൽകേണ്ട സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് 1996–ലാണ് അവസാനമായി പരിഷ്കരിച്ചത്. ആയതിനാൽ കേരളാ മുദ്രപത്ര നിയമത്തിലെ ഷെഡ്യൂളിൽ ആർട്ടിക്കിൾ 44ൽ വിവരിച്ചിരിക്കുന്ന വിവിധയിനം മുക്തിയാറുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഇരട്ടിയാക്കുന്നതാണ്.

235. സാമ്പത്തിക മാന്ദ്യംമൂലം പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന നിർമ്മാണ മേഖലയെ ഒരു കൈ സഹായിക്കേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ അനുപേക്ഷണീയമാണെന്ന് ഞാൻ കരുതുന്നു. ഈ മേഖലയ്ക്ക് വേണ്ടി പ്രത്യേകമായി സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും താഴെ വിവരിക്കുന്ന ആനുകൂല്യം പ്രഖ്യാപിക്കുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്. 1959 ലെ കേരള മുദ്രപത്രനിയമത്തിലെ പട്ടികയിലെ 5,21,22 എന്നീ ആർട്ടിക്കിളുകൾക്ക് 2007 ലെ കേരള ഫിനാൻസ് ആക്ടനുസരിച്ച് കൊണ്ടുവന്ന ഭേദഗതികൾ പിൻവലിക്കുന്നതാണ്. ഭൂമിയിലുളള അവിഭക്ത അവകാശത്തിന്റെ പ്രതിഫലവും/വില ഫ്ളാറ്റ്/അപ്പാർട്ട്മെന്റിന്റെ പ്രതിഫലവും/ വിലയും ഉൾപ്പെടെയുളള മൊത്തം തുകയും പൂർണ്ണമായും നേരായും വിവരിച്ച് തയ്യാറാക്കപ്പെടുന്ന ഫ്ളാറ്റ്/അപ്പാർട്ട്മെന്റ് കൈമാറ്റം ചെയ്യുന്ന കരണങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ 5 രൂപയായി സംസ്ഥാനത്തിന്റെ എല്ലാ പ്രദേശത്തും നിജപ്പെടുത്തുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 2 ശതമാനമായി തുടരും. അവിഭക്ത അവകാശം മാത്രം കൈമാറ്റം ചെയ്യുന്ന കരണങ്ങൾക്ക് ഈ കുറഞ്ഞനിരക്ക് ബാധകമായിരിക്കുകയില്ല. തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ വീട്ടുനമ്പർ അനുവദിച്ച തീയതി മുതൽ ആറു മാസത്തിനകം കൈമാറ്റം ചെയ്താൽ മാത്രമേ ഈ ഇളവ് ലഭിക്കുകയുള്ളൂ. ഇതിന്റെ പശ്ചാത്തലത്തിൽ 5 ലക്ഷം രൂപവരെ വില വരുന്ന ഫ്ളാറ്റുകൾക്ക് നൽകിയിരുന്ന ഇളവ് ഒഴികെയുള്ള മറ്റിളവുകൾ പിൻവലിക്കുന്നതായിരിക്കും.

236. ഇതുകൂടാതെ, പരിസ്ഥിതി സൗഹൃദ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രോൽസാഹനം നൽകുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ് നിരവധി കുടുംബങ്ങൾ വസിക്കുന്ന അപ്പാർട്ട്മെന്റ് സമുച്ചയങ്ങൾ മഴവെള്ള സംഭരണത്തിനുള്ള സൗകര്യങ്ങൾ, ഊർജ്ജം കുറച്ചുമാത്രം ഉപയോഗിക്കുന്ന വൈദ്യുതോപകരണങ്ങൾ, വെളിച്ചത്തിനും വെള്ളംചൂടാക്കുന്നതിനും സൗരോർജപാനലുകൾ എന്നിവ ഏർപ്പെടുത്തി ആയത് ഒരു ചാർട്ടേട് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അത്തരം അപ്പാർട്ട്മെന്റുകൾ കൈമാറ്റം ചെയ്യുന്ന കരണങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കുന്നു. ഇവർ സംസ്ഥാനത്തിന്റെ എല്ലാ പ്രദേശത്തും നാലു ശതമാനം സ്റ്റാമ്പ് ഡ്യൂട്ടി നൽകിയാൽ മതിയാകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീട്ടുനമ്പർ അനുവദിച്ച തീയതി മുതൽ ആറു മാസത്തിനകം കൈമാറ്റം ചെയ്താൽ മാത്രമേ ഈ ഇളവ് ലഭിക്കുകയുള്ളൂ.

237. ഇക്വിറ്റബിൾ മോർട്ട്ഗേജുമായി ബന്ധപ്പെട്ട് ചമയ്ക്കപ്പെടുന്ന കരണങ്ങൾക്ക് മുദ്രവില നിശ്ചയിച്ചത് വളരെ വർഷങ്ങൾക്ക് മുമ്പായിരുന്നു. ഈ നിരക്ക് താഴെ പറയുന്ന പ്രകാരം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ഭൂമി പണയപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ഭൂമി സംബന്ധിച്ച അവകാശ രേഖകൾ അനാമത്ത് വെയ്ക്കുന്ന കരണങ്ങളിന്മേൽ അഞ്ച് ലക്ഷം രൂപ വരെയുള്ളവയിന്മേൽ അരശതമാനം നിരക്കിലും അഞ്ച് ലക്ഷത്തിന് മുകളിലും എന്നാൽ 20 ലക്ഷത്തിൽ കവിയാതെയുമുള്ള കരണങ്ങളിന്മേൽ പരമാവധി 5000 രൂപ എന്ന പരിധിയ്ക്ക് വിധേയമായി അര ശതമാനവും ഇരുപത് ലക്ഷത്തിന് മുകളിലും എന്നാൽ അമ്പത് ലക്ഷത്തിൽ കവിയാതെയുമുള്ള കരണങ്ങളിന്മേൽ പരമാവധി പതിനായിരം എന്ന പരിധിയ്ക്ക് വിധേയമായി അര ശതമാനവും അമ്പത്

ലക്ഷത്തിന് മുകളിലുള്ള കരണങ്ങളിന്മേൽ ഏറ്റവും കുറഞ്ഞത് 20,000 രൂപയും പരമാവധി 25,000 രൂപയും എന്ന പരിധിയ്ക്ക് വിധേയമായി 0.25 ശതമാനവും സ്റ്റാമ്പ് ഡ്യൂട്ടി നൽകേണ്ടതാണ്. മേൽ കരണങ്ങളിന്മേൽ രജിസ്ട്രേഷൻ ഫീസ് 0.1 നിരക്കിലായിരിക്കും.

238. ആധാരത്തിൽ വിലകുറച്ച് കാണിച്ചത് സംബന്ധിച്ച് തീർപ്പാകാതെ കിടക്കുന്ന സ്റ്റാമ്പ്ഡ്യൂട്ടി കേസുകൾ 16 ലക്ഷത്തിൽ പരം വരുമെന്നാണ് പുതുക്കിയ കണക്ക്. ഇവ ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള സ്കീം കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്നു. നാല് ലക്ഷം കേസുകൾ ഇത്തരത്തിൽ തീർപ്പായി. ഇതിലൂടെ 50 കോടി രൂപ ലഭ്യമായി. ഈ സ്കീം ആരംഭിക്കുന്നതിന് വളരെയേറെ കാലതാമസം നേരിട്ടു. ബഹുഭൂരിപക്ഷം കേസുകളും തീർപ്പാക്കുന്നതിൽ സാധാരണക്കാർ തൽപരരായിരിക്കുമെന്ന് സർക്കാരിന് ഉറപ്പുണ്ട്. അതുകൊണ്ട് 2010-11ലേയ്ക്കു കൂടി സ്കീം ദീർഘിപ്പിക്കുന്നു. ഇത്തരത്തിൽ തീർപ്പാക്കുന്ന തുകയുടെ 4 ശതമാനം, തുക ഒടുക്കുന്നത് പ്രേരിപ്പിക്കുന്ന ആധാരമെഴുത്ത് /കൈപ്പട ലൈസൻസികൾക്ക് നൽകും. 1 ശതമാനം തുക ബന്ധപ്പെട്ട ഓഫീസിന്റെ നവീകരണത്തിന് ഉപയോഗിക്കും.

### മോട്ടോർവാഹന നികുതി

239. ചെറുകാറുകളുടെ നികുതി നിരക്ക് വർദ്ധിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ 1500 CC യിൽ കൂടുതൽ എൻജിൻ കപ്പാസിറ്റിയുള്ള ധാരാളം മോട്ടോർ കാറുകളും ഒമ്നി ബസുകളും സ്വകാര്യ ആവശ്യത്തിനായി ഉപയോഗിച്ചു വരുന്നുണ്ട്. സ്വകാര്യ ആവശ്യത്തിനായി ഉപയോഗിക്കുന്നതും 1500 CC-യിൽ കൂടുതൽ എൻജിൻ കപ്പാസിറ്റിയുള്ളതുമായ എല്ലാ പുതിയ മോട്ടോർ കാറുകൾക്കും ഒമ്നി ബസുകൾക്കും ആജീവനാന്ത നികുതി 8 ശതമാനമായി വർദ്ധിപ്പിക്കുകയാണ്.

240. ടിപ്പർ മാതൃകയിലുള്ള ചരക്കുവാഹനങ്ങൾക്ക് നികുതി ഈടാക്കുന്നത് വാഹനത്തിന്റെ മൊത്തം ഭാരം അടിസ്ഥാനപ്പെടുത്തിയാണ്. നിലവിലുള്ള

നിരക്ക് 25 ശതമാനമായി വർദ്ധിപ്പിക്കുകയാണ്. ഇതിനായി മോട്ടോർ വാഹന നിയമത്തിലെ പട്ടിക ഇതനുസരിച്ച് ഭേദഗതി ചെയ്യുന്നതാണ്.

241. ഏതാണ്ട് മൂന്നുവർഷം മുമ്പ് എല്ലാത്തരം മോട്ടോർകാറുകൾക്കും മോട്ടോർസൈക്കിൾക്കും 6 ശതമാനം വിലയ്ക്കനുസൃതമായി (അഡ് വെലോറം) ആജീവനാന്ത നികുതി ഏർപ്പെടുത്തിയിരുന്നു. ഇപ്പോൾ എല്ലാത്തരത്തിലുമുള്ള യന്ത്രവൽക്കൃത നിർമ്മാണ വാഹനങ്ങൾക്കും 6 ശതമാനം വിലയ്ക്കനുസൃതമായി (അഡ് വെലോറം) ആജീവനാന്ത നികുതി ഏർപ്പെടുത്തുന്നു.

242. പുതുതായി വാങ്ങുന്ന ഓട്ടോറിക്ഷകൾക്ക് നികുതി അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഒരു നൂതന പദ്ധതി വളരെ സന്തോഷപൂർവം ഞാൻ പ്രഖ്യാപിക്കുന്നു. ഓട്ടോറിക്ഷകൾക്ക് വാർഷിക നിരക്കിൽ മോട്ടോർ വാഹനനികുതി അടയ്ക്കുന്ന സമ്പ്രദായത്തിനു പകരം 2000 രൂപ വരുന്ന 5 വർഷ കാലയളവിലേക്കുള്ള നികുതി സംഖ്യ ഒറ്റത്തവണയായി അടയ്ക്കാവുന്നതാണ്. ഇത് ഒരു ഓട്ടോറിക്ഷാ ഉടമ 5 വർഷത്തേയ്ക്ക് സാധാരണഗതിയിൽ അടയ്ക്കേണ്ട നികുതിസംഖ്യയേക്കാൾ 20 ശതമാനം കുറവായിരിക്കും. ഈ സൗകര്യം നിലവിലുള്ള ഓട്ടോറിക്ഷകൾക്ക് അവയുടെ പെർമിറ്റ് പുതുക്കുന്ന സമയത്ത് വേണമെങ്കിൽ സ്വീകരിക്കാവുന്നതാണ്.

243. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വാണിജ്യനികുതി, രജിസ്ട്രേഷൻ, എക്സൈസ് വകുപ്പുകളിൽ നേരത്തേ നടപ്പാക്കിയിട്ടുണ്ട്. വളരെക്കാലമായി കുടിശ്ശികയായിരുന്ന നികുതിസംഖ്യകൾ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ വിജയകരമായ ഈ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മോട്ടോർവാഹന വകുപ്പിലും നടപ്പാക്കുകയാണ്.

| | | | |
|---|---|---|---|
| 1 | കാർ | അഞ്ചോ അതിൽ കൂടുതലോ വർഷം കുടിശ്ശികയായവ | 3000 രൂപ, പെനാൽറ്റി ഒഴിവാക്കും. |
| 2 | ഓട്ടോറിക്ഷാ | അഞ്ചോ അതിൽ കൂടുതലോ വർഷം കുടിശ്ശികയായവ | 1200 രൂപ, പെനാൽറ്റി ഒഴിവാക്കും. |
| 3 | മോട്ടോർസൈക്കിൾ | അഞ്ചോ അതിൽ കൂടുതലോ വർഷം കുടിശ്ശികയായവ | 800 രൂപ, പെനാൽറ്റി ഒഴിവാക്കും. |

ഈ സൗകര്യം 30-09-2010 വരെ മാത്രമേ ലഭ്യമാവുകയുള്ളൂ.

## മറ്റ് നികുതിയേതര വരുമാനം

244. കഴിഞ്ഞ ബജറ്റിൽ ഒട്ടേറെ പുതിയ നികുതിയേതര വരുമാന മാർഗങ്ങൾ പരാമർശിച്ചിരുന്നു. അവ നടപ്പാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിനല്ലാതെ ഗണ്യമായ തോതിൽ വരുമാനവർദ്ധന നേടുന്നതിന് കഴിഞ്ഞില്ല. ഈ കുറവ് 2010-11-ൽ പരിഹരിക്കും. തോട്ടങ്ങളുടെ പാട്ടം വർദ്ധിപ്പിക്കുന്നതിനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമാക്കുന്ന നിയമഭേദഗതി കൊണ്ടുവരും. കളക്ടമാരെ അധികാരപ്പെടുത്തുന്ന നിലവിലെ ഉത്തരവ് ഫലപ്രദമല്ല.

245. 2008–ന് മുമ്പ് പുരയിടമായി രൂപാന്തരപ്പെടുത്തിയ നിലങ്ങളെ റവന്യൂ രേഖകളിൽ റെഗുലറൈസ് ചെയ്യുന്നതിന് ഫീസ് ചുമത്തുമെന്ന് നിർദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ചുള്ള തീരുമാനം അവസാനഘട്ടത്തിലാണ്. പുതുതായി നിശ്ചയിച്ചിട്ടുള്ള ന്യായവിലയുടെ നിശ്ചിത ശതമാനമാണ് ഫീസായി ചുമത്തുക. പുരയിടമാക്കി മാറ്റിയതിന്റെ ഫലമായി വലിയ സാമ്പത്തിക നേട്ടം ഇവയുടെ ഉടമസ്ഥർക്ക് ലഭിച്ചിട്ടുണ്ട്. ഇതിലൊരു ഭാഗം പൊതുനന്മയ്ക്കു വേണ്ടി സമാഹരിച്ചേ തീരൂ. കാലപ്പഴക്കത്തിന് അനുസൃതമായി നിരക്ക് കുറയുന്നതാണ്.

246. സർ, ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശം അണക്കെട്ടുകളിൽ നിന്നുള്ള ചെളി, മണൽ എന്നിവയിൽ നിന്നുള്ള വരുമാനമാണ്. 2010 മെയ് അവസാനിക്കുന്നതിന് മുമ്പ് മുപ്പത് – നാൽപത് ആയിരം ക്യൂബിക് മീറ്റർ ചെളിയും മണലും പ്രതിദിനം നീക്കം ചെയ്യുന്ന നിലയിലേയ്ക്ക് ഈ സ്കീം വിപുലപ്പെടുത്താൻ കഴിയും എന്നുറപ്പാണ്.

## അധിക വിഭവസമാഹരണം

247. ഏതാണ്ട് ഒരു ദശാബ്ദമായി മദ്യത്തിന്മേലുള്ള നികുതിയിൽ നാം മാറ്റമൊന്നും വരുത്തിയിട്ടില്ല. സർ, വീര്യം കുറഞ്ഞ വൈനിന്മേലും ബിയറിന്മേലുമുള്ള നികുതി നിരക്ക് 10% കുറയ്ക്കുന്നതിനും വൈനും ബിയറുമല്ലാത്ത മദ്യത്തിന് 10% നികുതി കൂട്ടാനും നിർദ്ദേശിക്കുന്നു.

248. സംസ്ഥാനങ്ങളുടെ വിഭവപ്രതിസന്ധി ദേശീയ തലത്തിൽ തന്നെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. കേന്ദ്ര വിൽപന നികുതി നാലിൽ നിന്ന് രണ്ടു ശതമാനമായി കുറച്ചത് സംസ്ഥാനങ്ങൾക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കിയിട്ടുണ്ട്. ഇത് നികത്തുന്നതിന് മുഖ്യമായും രണ്ടു നിർദ്ദേശങ്ങളാണ് കേന്ദ്രസർക്കാർ മുന്നോട്ടു വെച്ചത്.

*i)* പഞ്ചസാര, തുണി, പുകയില എന്നിവയുടെ മേൽ ചുമത്തിയിരുന്ന അധിക എക്സൈസ് ഡ്യൂട്ടിയ്ക്ക് പകരം സംസ്ഥാന സർക്കാരുകൾ വാറ്റ് നികുതി ഏർപ്പെടുത്തുക.

*ii)* വാറ്റ് നികുതിയുടെ മൂന്നാം ഷെഡ്യൂളിൽ പെട്ട ഉൽപന്നങ്ങൾക്ക് നാലു ശതമാനത്തിന് പകരം അഞ്ചു ശതമാനം നികുതി ചുമത്തുക.

ബാക്കി വരുന്ന നഷ്ടം കേന്ദ്രസർക്കാർ പണമായി നൽകും. എന്നാൽ പുതിയ നികുതി ഏർപ്പെടുത്താൻ സംസ്ഥാനങ്ങൾ തയ്യാറാകാത്ത പശ്ചാത്തലത്തിൽ 2009-10-ൽ കേന്ദ്രസർക്കാർ നഷ്ടപരിഹാരം പകുതിയായി കുറച്ചിരിക്കുകയാണ്. എന്ന് മാത്രമല്ല, 2010-11 മുതൽ ജിഎസ്ടി നടപ്പാക്കിയിട്ടില്ലെങ്കിൽ പോലും നഷ്ടപരിഹാരം നൽകുകയില്ല എന്ന നിലപാടും സ്വീകരിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ നികുതി വർദ്ധനയ്ക്ക് സംസ്ഥാന സർക്കാരുകൾ നിർബന്ധിതരായിരിക്കുകയാണ്.

249. അതേസമയം, വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ പഞ്ചസാരയുടെ മേൽ നികുതി ചുമത്താൻ തയ്യാറല്ല. തുണിയുടെ കാര്യത്തിൽ പുതുതായി നികുതി ഏർപ്പെടുത്താനും ഉദ്ദേശമില്ല. ആസാം, ഡെൽഹി തുടങ്ങിയ സംസ്ഥാനങ്ങൾ നികുതി അഞ്ച് ശതമാനമായി ഉയർത്തിയിട്ടുണ്ട്. എന്നാൽ ഭക്ഷ്യധാന്യങ്ങൾ അടക്കമുള്ള അവശ്യവസ്തുക്കൾ ഈ പട്ടികയിൽ പെടുന്നുവെന്നതിനാൽ ഇത്തരമൊരു നടപടി ഉചിതമായിരിക്കുകയില്ല. ഈയൊരു സാഹചര്യത്തിൽ ആന്ധ്രപ്രദേശ് 12.5 ശതമാനം നികുതി നിരക്ക് 14.5 ആയും ഗുജറാത്ത് 15 ശതമാനമായും രാജസ്ഥാൻ 14 ശതമാനമായും ആസാം 13.5 ശതമാനമായും ഉയർത്തിയിരിക്കുകയാണ്. മറ്റു പല സംസ്ഥാനങ്ങളും

ബജറ്റുകളുടെ ഭാഗമായി ഇത്തരം നടപടി സ്വീകരിക്കുമെന്ന് കരുതുന്നു. എന്നാൽ കേരളം നികുതി വർദ്ധിപ്പിക്കുന്നതല്ല.

## ഭാഗം – 11

## ഉപസംഹാരം

250. സർ, 2009-10 ലെ പുതുക്കിയ കണക്കുകളുടെയും 2010–11ലെ ബജറ്റ് മതിപ്പ് കണക്കുകളുടെയും സംഗ്രഹം ഞാനവതരിപ്പിക്കട്ടെ,

### 2009 - 10 –ലെ പുതുക്കിയ മതിപ്പു കണക്കുകൾ

| ഇനം | പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് (കോടി രൂപയിൽ) |
|---|---|
| റവന്യൂ വരവ് | 26526.49 |
| റവന്യൂ ചെലവ് | 30608.12 |
| റവന്യൂ കമ്മി | (-) 4081.63 |
| മൂലധന ചെലവ് | 1936.03 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 680.08 |
| പൊതു കടം (തനി) | 5961.14 |
| പൊതു കണക്ക് (തനി) | 528.95 |
| ആകെ കമ്മി | (-) 207.65 |
| വർഷാരംഭ രൊക്ക ബാക്കി | 38.14 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 169.51 |

## 2010-11 ലെ ബജറ്റ് മതിപ്പു കണക്കുകൾ

| ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (കോടി രൂപയിൽ) |
|---|---|
| റവന്യൂ വരവ് | 31180.82 |
| റവന്യൂ ചെലവ് | 34810.37 |
| റവന്യൂ കമ്മി | (-) 3629.55 |
| മൂലധന ചെലവ് | 4135.88 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 777.85 |
| പൊതു കടം (തനി) | 7723.21 |
| പൊതു കണക്ക് (തനി) | 412.95 |
| ആകെ കമ്മി | (-) 407.12 |
| വർഷാരംഭ രൊക്ക ബാക്കി | (-) 169.51 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | 874.60 |
| പ്രഖ്യാപിച്ച അധിക വിഭവ സമാഹരണം | 874.14 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 577.09 |

251. 2009-10 ലെ ബജറ്റ് മതിപ്പുകണക്കുകളിൽ നിന്ന് വ്യത്യസ്തമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ള പുതുക്കിയ കണക്കുകൾ. റവന്യൂ കമ്മിയിലുണ്ടായ വർദ്ധന ഞാൻ ആമുഖമായി പറഞ്ഞുവല്ലോ. സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ വരുമാനത്തെ വളരെ പ്രതികൂലമായി ബാധിച്ചു. സ്വാഭാവികമായും കൂടുതൽ വായ്പയെടുക്കുന്നതിന് സംസ്ഥാനം നിർബന്ധിതമായി. കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ വായ്പാ പരിധി 4 ശതമാനമായി ഉയർത്തുകയുണ്ടായി. തന്മൂലം ധനക്കമ്മി 5680 കോടി രൂപയിൽ നിന്ന് 6697 കോടി രൂപയായി. അഥവാ, 2.65 ശതമാനത്തിൽ നിന്ന് 3.12 ശതമാനമായി ഉയർന്നു. ഈ തോത് അനുവദനീയമായ 4 ശതമാന പരിധിയെക്കാൾ വളരെ താഴ്ന്നതാണ്. ഇതൊരു വിരോധാഭാസമാണ്. പ്രോജക്ടുകളെ അടിസ്ഥാനമാക്കിയുള്ള വിദേശ വായ്പയും കേന്ദ്ര

ഏജൻസികളിൽ നിന്നുളള വായ്പകളും ഉപയോഗപ്പെടുത്തുന്നതിൽ പതിവുപോലെ വീഴ്ച വരുത്തിയതാണ് മുഖ്യകാരണം. ഇതോടൊപ്പം കണക്കിലെടുക്കേണ്ടുന്ന മറ്റൊരു കാരണവും കൂടിയുണ്ട്. അഞ്ച് വർഷം മുമ്പ് പന്ത്രണ്ടാം ധനകാര്യകമ്മിഷൻ പ്രവചിച്ച തുകയാണ് കേരളത്തിന്റെ സംസ്ഥാനവരുമാനമായി കേന്ദ്രസർക്കാർ കണക്കിലെടുത്തത്. എന്നാൽ സംസ്ഥാന ബജറ്റിന് ഉപയോഗിക്കുന്ന യഥാർത്ഥ കണക്കുകൾ ധനകാര്യ കമ്മിഷന്റെ മുൻകൂർ കണക്കിനെക്കാൾ ഉയർന്നതാണ്. കാരണം സംസ്ഥാന സമ്പദ്ഘടന പന്ത്രണ്ടാം ധനകാര്യ കമ്മിഷൻ പ്രതീക്ഷിച്ചതിനെക്കാൾ വേഗതയിൽ വളർന്നു. സ്വാഭാവികമായി ധനക്കമ്മി കേന്ദ്രസർക്കാരിന്റെ കണക്കിനെക്കാൾ കുറഞ്ഞിരിക്കും. ഇത് പലവട്ടം ചൂണ്ടിക്കാട്ടിയിട്ടും ഫലമുണ്ടായില്ല.

252. കേരളം 2014-15-ൽ റവന്യൂ കമ്മി ഇല്ലാതാക്കിയാൽ മതിയെന്നും ഇതിനുളള പരിശ്രമം 2011-12 മുതൽ തുടങ്ങണമെന്നുമാണ് പതിമൂന്നാം ധനകാര്യ കമ്മിഷൻ നിർദ്ദേശിച്ചത്. എന്നാൽ സാമ്പത്തിക മാന്ദ്യത്തിന് മുമ്പുള്ള 2009-10 ബജറ്റ് മതിപ്പു കണക്കിലേയ്ക്ക് റവന്യൂ കമ്മി താഴ്ത്തുന്നതിനാണ് നാം തീരുമാനിച്ചിട്ടുള്ളത്. 2010-11 ലെ റവന്യൂ കമ്മി 3629.55 കോടി രൂപ അഥവാ സംസ്ഥാന വരുമാനത്തിന്റെ ~~11.64~~ 1.48 ശതമാനമാണ്. മൊത്തം ചെലവിൽ 13 ശതമാനം വർദ്ധന ഉണ്ടായിട്ടും കമ്മി കുറയ്ക്കാൻ കഴിഞ്ഞത് റവന്യൂ വരുമാനം 2009-10-നെ അപേക്ഷിച്ച് 15 ശതമാനം ഉയർത്തി നിശ്ചയിച്ചതു കൊണ്ടാണ്. ഇതിൽ കേന്ദ്ര ധനസഹായത്തിന്റെ സംഭാവന വളരെ ചെറുതാണ്. 2009–10ലെ പുതുക്കിയ കണക്കിനെക്കാൾ 640 കോടി രൂപ അതായത് 8.7 ശതമാനം മാത്രമാണ് കൂടുതൽ ലഭിക്കുന്നത്. 2009-10-ലെ ബജറ്റ് മതിപ്പു കണക്കിനെക്കാൾ 484 കോടി രൂപ കുറവാണത്. പതിമൂന്നാം ധനകാര്യ കമ്മിഷന്റെ തീർപ്പിന്റെ പ്രത്യാഘാതമാണിത്. റവന്യൂ വരുമാനവർദ്ധനയുടെ ലക്ഷ്യം നേടാനാകുമെന്ന പൂർണ ആത്മവിശ്വാസം എനിക്കുണ്ട്.

253. 2010-11-ൽ 3.5 ശതമാനം വായ്പയെടുക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുവാദം നൽകിയിട്ടുള്ളത്. അത് നാം പൂർണമായും പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നു. തന്മൂലം ധനക്കമ്മി 3.49

ശതമാനമായി ഉയർന്നിട്ടുണ്ട്. എന്നാൽ റവന്യൂ കമ്മി കുറഞ്ഞതിന്റെ പശ്ചാത്തലത്തിൽ വായ്പയിൽ കൂടുതൽ പങ്ക് മൂലധനച്ചെലവിനായി നീക്കിവെയ്ക്കാൻ കഴിയുന്നു. 2010-11–ലെ ആകെ മൂലധനച്ചെലവ് 4145.38 കോടി രൂപയാണ്. ഇത് സർവകാല റെക്കോഡാണ്. മൂലധനച്ചെലവ് സംസ്ഥാന വരുമാനത്തിന്റെ രണ്ടു ശതമാനത്തിലേറെയായി ഉയർന്നിരിക്കുന്നു. ഇത് നിലനിർത്താൻ കഴിഞ്ഞാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ ഉജ്വലമായ നേട്ടം കൈവരിക്കാൻ നമുക്ക് കഴിയും.

254. ഞാൻ വീണ്ടും പറയട്ടെ, റവന്യൂ കമ്മി ഇല്ലാതാക്കാൻ കഴിയില്ലെങ്കിലും ഗണ്യമായി കുറയ്ക്കുന്നതിന് സംസ്ഥാനം തയ്യാറാണ്. എന്നാൽ ധനക്കമ്മി മൂന്ന് ശതമാനമായി പരിമിതപ്പെടുത്തുന്നത് സംസ്ഥാന താൽപര്യത്തിന് വിരുദ്ധമാണ്. പശ്ചാത്തല മേഖലകളിൽ വലിയ തോതിലുള്ള മുതൽമുടക്ക് നടത്തിക്കൊണ്ടേ കേരളത്തിന് മുന്നേറാൻ കഴിയൂ. ഇതിനാണ് പതിമൂന്നാം ധനകാര്യകമ്മിഷൻ വിലങ്ങുതടിയിടുന്നത്. ധനക്കമ്മി മൂന്ന് ശതമാനമായി ചുരുക്കണമെന്ന് മാത്രമല്ല അവരുടെ ആവശ്യം. സംസ്ഥാനത്തിന്റെ മൊത്തം കടം 2010-11ൽ സംസ്ഥാന വരുമാനത്തിന്റെ 32 ശതമാനമായിരിക്കുന്നത് 2014-15–ൽ 29 ശതമാനമായി കുറയ്ക്കണമെന്നും അവർ ശഠിക്കുന്നു. സംസ്ഥാനത്തിന്റെ മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്നതിന് പകരം പഴയ വായ്പകൾ തിരിച്ചടയ്ക്കണമെന്നാണ് ധനകാര്യ കമ്മിഷൻ പറയുന്നത്. അല്ലാത്തപക്ഷം സംസ്ഥാനത്തിനുള്ള ധനസഹായം വെട്ടിക്കുറയ്ക്കുമെന്നും അവർ ഭീഷണി മുഴക്കിയിട്ടുണ്ട്. ഈ നയങ്ങളെ വെല്ലുവിളിച്ചുകൊണ്ടല്ലാതെ കേരളത്തിന് മുന്നോട്ടു പോകാനാവില്ല.

255. കഴിഞ്ഞ ഏതാനും മാസങ്ങളായി പലരും പ്രചരിപ്പിച്ചതു പോലെ മാർച്ച് 31–ന് റിട്ടയർ ചെയ്യുന്നവരുടെ പെൻഷൻ തുക ഒരുമിച്ച് കൊടുക്കേണ്ടി വരുന്നതു കൊണ്ട് ഒരു ധനകാര്യസ്തംഭനവും ഉണ്ടാകാൻ പോകുന്നില്ല. സംസ്ഥാനത്തെ ആകെ റവന്യൂ വരുമാനത്തിന്റെയും ചെലവിന്റെയും കണക്കുകൾ ഞാൻ അവതരിപ്പിച്ചു കഴിഞ്ഞു. അതുകൊണ്ട് പെൻഷൻ ചെലവ് കേവലം കാഷ് മാനേജ്മെന്റിന്റെ പ്രശ്നമാണ്. അതിനുള്ള തയ്യാറെടുപ്പ് ട്രഷറിയിൽ നടത്തിയിട്ടുണ്ട്.

256. ഉത്തേജക പാക്കേജിന്റെ ബില്ലുകൾ നൽകാൻ കഴിയാതെ ട്രഷറി സ്തംഭിക്കും എന്ന് പ്രവചിച്ചവരുണ്ട്. അവരുടെ ശ്രദ്ധ പദ്ധതിയേതര മൂലധനച്ചെലവിനായി ബജറ്റ് കണക്കിൽ വകയിരുത്തിയിട്ടുള്ള 2250 കോടി രൂപയിലേയ്ക്ക് ക്ഷണിക്കുകയാണ്. നിർമ്മാണ പ്രവർത്തനങ്ങളുടെ ഒരു ബില്ലും കുടിശികയാകില്ല.

257. ബജറ്റ് പ്രസംഗത്തിൽ ഞാൻ അധികമായി 874.60 കോടി രൂപയുടെ റവന്യൂ ചെലവ് പ്രഖ്യാപിച്ചിട്ടുണ്ട്. ഏതാണ്ട് അത്രതന്നെ അധിക വിഭവസമാഹരണവും നടത്തുന്നുണ്ട്. ആയതിനാൽ മേൽപറഞ്ഞ നിഗമനങ്ങളിലൊന്നും ഒരു വ്യത്യാസവും വരുന്നില്ല.

258. നീതിപൂർവവും സ്ഥായിയുമായ വളർച്ചയുടെ പുതിയൊരു പ്രഭാതമാണ് ഈ ബജറ്റ് വാഗ്ദാനം ചെയ്യുന്നത്. കേരളം ആഗ്രഹിക്കുന്നതും ഇതാണ്. 1994 ലെ കേരള പഠന കോൺഗ്രസ് രൂപം നൽകിയ വികസനത്തിന്റെ ഭാവമാറ്റത്തിന് പ്രായോഗിക രൂപം നൽകാനുള്ള പരിശ്രമങ്ങളായിരുന്നു എന്റെ ബജറ്റുകൾ. ഇത്രയും ചെയ്യാൻ കഴിഞ്ഞതിൽ ഏറെ സംതൃപ്തിയുണ്ട്. എന്നാൽ ചെയ്തു തീർക്കാൻ ഇനിയുമെത്രയേറെ. സർ, ഞാൻ തികഞ്ഞ ശുഭാപ്തി വിശ്വാസിയാണ്.

*കാലം പെരുമണി നാദം മുഴക്കട്ടെ,*
*കാറ്റുകൾ വന്നു കുലുക്കീടട്ടെ,*
*മൂടുന്ന മഞ്ഞിലിരുട്ടിൽ മയങ്ങുന്നു*
*മാടങ്ങൾ, മണ്ണും മരവുമെല്ലാം*
*നീങ്ങാതെ നിൽക്കയോ ഹേമന്ത രാവിതു?*
*നീടുറ്റുഷസ്സുമെന്തിത്ര വൈകാൻ?*
*നേരിൽ, കിനാവിൽ ഞാൻ കണ്ട പകലിനെ*
*വാരിപ്പുണരാനെനിക്കു വെമ്പൽ*

259. സർ, 2010-11-ലെ ബജറ്റ് സഭയുടെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി ഞാൻ സമർപ്പിക്കുന്നു. അടുത്ത സാമ്പത്തിക വർഷത്തിലെ ആദ്യനാലു മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിക്കുന്നു. ഏവരുടെയും പിന്തുണ ഞാൻ അഭ്യർത്ഥിക്കുന്നു.

// ജയ് ഹിന്ദ് //